800
ITHITHANAM PUBLIC LIBRARY
Reg. No. 3601
CHANGANACHERRY
MALAKUNNAM P.O.

# സോവിയറ്റ് യൂണിയന്റെ ദേശീയവരുമാനവും വിതരണവും

വാസിലി· ഗർബുസോവ്
(സോവിയറ്റ് ധനകാര്യമന്ത്രി)

സോവിയററു് നാട്ട് ഗ്രന്ഥമാല
മദിരാശി 1967

# The U. S. S. R.'s National Income and it's Distribution

By VASILI GARBUZOV
(U. S. S. R. Minister of Finance)

*Malayalam*

---

Printed and Published by L. V. Sorokin for the information Branch of the U. S. S. R. Consulate General in Madras, 44 Thyagaraya Road, Madras-17. Printed at Janatha Press, Madras-5

ITHITHANAM PUBLIC LIBRARY
Reg No. 3601
CHANGANACHERRY.
MALAKUNNAM P.O.

# ഉള്ളടക്കം

അദ്ധ്യായം 1

ദേശീയവരുമാനം ... 5

അദ്ധ്യായം 2

ബജററും ജനങ്ങളുടെ ഐശ്വര്യവും ... 23

അദ്ധ്യായം 3

ബജററും ദേശീയ വരുമാനവും ... 80

അദ്ധ്യായം 4

യൂണിയൻ റിപ്പബ്ളിക്കുകളുടെയും
തദ്ദേശ സോവിയററുകളുടെയും
ബജററുകൾ ... 99

Rs. 1.25

...ANAM PUBLIC LIBRARY
Reg No. 3601

അദ്ധ്യായം 1

# ദേശീയവരുമാനം

ദേശീയവരുമാനമെന്നാൽ, ഒരു നിശ്ചിതകാലയളവിൽ (ഉദാഹരണത്തിന്ന് ഒരു കൊല്ലത്തിന്നുള്ളിൽ) പുതുതായി വിനിയോഗിക്കപ്പെടുന്ന പ്രയത്നം സൃഷ്ടിക്കുന്ന ഉല്പന്നാംശമാണ്. പ്രാരംഭികമായി അതു് ഉപഭോഗസാധനങ്ങളും ഉല്പാദനോപകരണങ്ങളുമായി പദാർത്ഥരൂപത്തിൽ പ്രകാശിപ്പിക്കപ്പെടുന്നു. തദനന്തരം അതു് പണരൂപം കൈക്കൊള്ളുന്നു. ദേശീയവരുമാനവും സ്റ്റേററ് ബജററും രാജ്യത്തിൻെറ സാമൂഹ്യവും രാഷ്ട്രീയവുമായ മിക്കവാറും സകലജീവിതവശങ്ങളെയും രാജ്യത്തിൻെറ സാമ്പത്തികവികസനഫലങ്ങളെയും ജനങ്ങളുടെ ഐശ്വര്യനിലവാരത്തെയും പ്രതിഫലിപ്പിക്കുന്നു.

സോവിയററു യൂണിയൻ അതിൻെറ ദേശീയവരുമാനം ജനകീയാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിന്നും ദേശീയസമ്പദ്ഘടന വികസിപ്പിക്കുന്നതിന്നും മററു പൊതുകാര്യങ്ങൾക്കും സ്റ്റേററാവശ്യങ്ങൾക്കും വേണ്ടിയും ഉപയോഗിക്കുന്നു.

താഴെ വിവരിക്കുന്നപോലുള്ള ആവശ്യങ്ങൾക്കു വേണ്ടി ദേശീയവരുമാനം ഉപയോഗപ്പെടുത്തുന്നതിൽ സോവിയററ് യൂണിയന്റെ സ്റ്റേററു്ബജററു് പ്രധാനമായ ഒരു പങ്കു് വഹിക്കുന്നു.

1965-ൽ സോവിയററ് യൂണിയന്റെ മൊത്തം ദേശീയവരുമാനം താരതമ്യവിലയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ, 20,340 കോടി റൂബദ്ദോളം വരും. ഇതു് 1940–ലേതിന്റെ 6 ഇരട്ടിയും 1950–ലേതിന്റെ 3.7 ഇരട്ടിയും അധികമാണു്.

1966—70 കാലത്തേക്കുള്ള സോവിയററ് പഞ്ചവത്സരപദ്ധതി ദേശീയവരുമാനത്തിൽ 38–41 ശതമാനം വർദ്ധനവു് വ്യവസ്ഥചെയ്യുന്നു. ഈ വർഷങ്ങളിൽ ദേശീയവരുമാനത്തിന്റെ മൊത്തം വർദ്ധന 7200-7800 കോടി റൂബ്ളിലെത്തുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു. മുൻപഞ്ചവത്സരപദ്ധതികളിൽ ഇതു് 4700 കോടി റൂബിളായിരുന്നു.

ദേശീയവരുമാനത്തിന്റെ വലിപ്പം എന്തിനെ ആശ്രയിച്ചുനിൽക്കുന്നു? ഒന്നാമതായി പദാർത്ഥോല്പാദനത്തിന്റെ മേഖലകളിൽ (വ്യവസായവും കൃഷിയും, ഭാഗികമായി ഗതാഗതവും) വ്യാപൃതരായ ജനങ്ങളുടെ സംഖ്യയെ ആശ്രയിച്ചുനില്ക്കുന്നു; രണ്ടാമതായി ഈ തൊഴിലാളികളുടെ അദ്ധ്വാനോല്പാദനക്ഷമതയെ; മൂന്നാമതായി ഉല്പാദനഗതിക്കിടയിൽ ഭൗതികമൂല്യങ്ങൾ

ലാഭിക്കുന്നതിനെ--നേരത്തെ നിക്ഷേപിക്കപ്പെട്ട അദ്ധ്വാനത്തിന്നു് പകരം ലഭിക്കുന്ന മൂല്യങ്ങൾ. ഈ ഉപാധികളെ നമുക്കു് സംക്ഷിപ്തമായി പരിശോധിക്കുക

## കോടിക്കണക്കിൽ സ്രഷ്ടാക്കൾ

സോവിയററ് ദേശീയ സമ്പദ്ഘടനയിൽ വ്യാപ്തരായ തൊഴിലാളികളുടെയും ഓഫീസ് ജോലിക്കാരുടെയും സംഖ്യ 1955-ലെ 5 കോടിയിൽനിന്നു് 1965-ൽ (അതായതു് ഒരു ദശാബ്ദത്തിനകം) 7 കോടി 70 ലക്ഷമായുയന്നു. അവരുടെ സംഖ്യ ഈ പഞ്ചവത്സരപദ്ധതിക്കാലത്തു് ഇനിയൊരു 1.5 കോടികൂടി വർദ്ധിക്കുന്നതാണു്.

ബഹുജനസഹസ്രങ്ങളെ ഉല്പാദനത്തുറയിലേക്കു് ആകർഷിക്കുന്നതിന്നു് അളവററ അവസരങ്ങൾ തുറന്നു് വെക്കുന്ന സോവിയററ് യാഥാത്ഥ്യം. സോവിയററ് യൂണിയനിൽ എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കും മുഴുവൻ തൊഴിലിനും ഉറപ്പുനൽകപ്പെട്ടിരിക്കുന്നു. തൊഴിലില്ലായ്മയുടെ ഭീഷണി അവരെ ശല്യപ്പെടുത്തുന്നില്ല തന്നെ.

ദേശീയസമ്പദ്വിധാനത്തിൽ തൊഴിലിൽ നൽകപ്പെടുന്നവരുടെ സംഖ്യാവർദ്ധന ഉല്പാദനത്തിന്റെ അനുക്രമമായ വികാസത്തിലേക്കും ദേശീയ

വരുമാനത്തിൻെറ വളച്ചയിലേക്കം വഴിതെളിയിക്കുന്നു. ഇതാകട്ടെ വ്യവസായ കൃഷികളുടെ പൂർവ്വാധിക വികസനത്തെ പ്രചോദിപ്പിക്കുകയും ജോലിക്കാരുടെ എണ്ണത്തിൽ പിന്നെയും പെരുപ്പമാവശ്യമാക്കിത്തീർക്കുകയുംചെയ്യുന്നു.

ഉല്പാദനക്ഷമമായ അദ്ധ്വാനത്തിലേക്ക് പുതിയ തൊഴിലാളികളെ ആകർഷിക്കുക തനിയെ സംഭവിക്കില്ല. സർക്കാർ ചിലവിൽ പുതിയ ജോലിക്കാർക്ക് പരിശീലനം നല്കുന്നതിന്നുവേണ്ടി, തൊഴിൽപരിശീലനസ്കൂളുകൾതൊട്ട് എണ്ണമററ കോളേജുകളും യൂണിവേഴ്സിററികളും വരെ, പരിശീലനസ്ഥാപനങ്ങളുടെ ശാഖോപശാഖകളായുള്ള ഒരു വലക്കെട്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്വാനത്തിൻെറ ഉൽപാദനക്ഷമത

സാമൂഹ്യാദ്ധ്വാനത്തിൻെറ ഉല്പാദനക്ഷമതയുടെ വളച്ചയും ദേശീയവരുമാനത്തിൻെറ വളച്ചയുടെ കാര്യത്തിൽ വമ്പിച്ച പ്രാധാന്യമുള്ള ഒന്നാണ്. ഈ ഉല്പാദനക്ഷമത എത്രകണ്ട് ഉയരുന്നുവോ, അത്രകണ്ട് അധികം വ്യാവസായിക സാധനങ്ങളും കാഷികവിളകളും ജനങ്ങൾക്ക് വേണ്ടി ഉല്പാദിപ്പിക്കപ്പെടും. ഉദാഹരണത്തിന്നു 1966-ൽ 1966-നെ അപേക്ഷിച്ചുണ്ടായ മൊത്ത ഉല്പാദനവർദ്ധനയുടെ 60 ശതമാനത്തോളം

കൂടുതൽ ഉയൎന്ന അദ്ധ്വാനോല്പാദനക്ഷമതയുടെ ഫലമായാർജ്ജിക്കപ്പെട്ടതായിരുന്നു.

അദ്ധ്വാനോല്പാദനക്ഷമതയുടെ നിലവാരം എന്തിനെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു.? അതു്, പ്രഥമവും പ്രധാനവുമായി, ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും ഏററവും പുതിയ സിദ്ധികൾ ഉല്പാദനത്തിൽ പ്രയോഗിക്കുന്നതിനെയും ഉല്പാദന കാര്യക്ഷമതയും പ്രക്രിയയും അഭിവൃദ്ധിപ്പെടുത്തുന്നതിനെയും ആശ്രയിച്ചു നില്ക്കുന്നു. പുതിയ സാമഗ്രികളുടെയും സങ്കേതങ്ങളുടെയും വിനിയോഗം അദ്ധ്വാനത്തെ കൂടുതൽ ഉല്പാദനക്ഷമമാക്കുകയും ദണ്ഡിക്കുന്ന വ്യക്തികളുടെയും സമുദായത്തിൻെറയാകെയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതു്കൊണ്ടു് തന്നെയാണു് സോവിയററ് യൂണിയനിൽ സാമഗ്രികളുടെയും പ്രക്രിയകളുടെയും വികസനത്തിന്നും അഭിവൃദ്ധിക്കും ഇത്രയും പ്രാധാന്യം കല്പിക്കപ്പെടുന്നതും. കണ്ടുപിടുത്തങ്ങളും സാങ്കേതിക നവീകരണങ്ങളും സൎവ്വവിധേനയും പ്രോത്സാഹിപ്പിക്കപ്പെടുന്നു; ശാസ്ത്രകാരരുടെയും എഞ്ചിനിയർമാരുടെരും ടെക്ക്നീഷ്യന്മാരുടെയും പ്രവൃത്തിക്കു് അത്യന്തം സാധകമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു. 1966-ാമാണ്ടിൽ മാത്രം മൂവ്വായിരത്തിലധികം പുതിയ യന്ത്രസാമഗ്രികളും 1500 വിവിധതരം ഉപകരണങ്ങളും വികസിപ്പിച്ചെടുക്കുകയും നിൎമ്മിക്കുകയും ചെയ്തു ഗവേഷണശാലകളും ഡിസൈനിംഗ് സംഘടനകളും വ്യവസായസ്ഥാപനങ്ങളും. അതേവൎഷത്തിൽ കൂട്ട

തൽ സാങ്കേതികമേന്മയും ആദായവും ഉള്ള 800 പുതിയതരം സാധനങ്ങൾ ഉല്പാദിപ്പിക്കപ്പെടുകയുമുണ്ടായി.

28 ലക്ഷം കണ്ടുപിടുത്തങ്ങളും നവീകരണങ്ങളും 1960-ൽ ഉല്പാദനത്തിൽ അവതരിപ്പിക്കപ്പെട്ടു. അവ 200 കോടി റൂബിളിന്റെ വാർഷികമിച്ചമുണ്ടാക്കി.

കണ്ടുപിടുത്തക്കാർക്കും നവീകരണക്കാർക്കും അവരുടെ യത്നങ്ങൾക്ക് സ്വാഭാവികമായും തക്ക പ്രതിഫലം നൽകപ്പെട്ടു. അവരുടെ പ്രവർത്തനങ്ങൾ വ്യവസായ സ്ഥാപനങ്ങളിലും ഗവേഷണശാലകളിലും പത്രങ്ങളിലും ഗംഭീരമായി പ്രകീർത്തിക്കപ്പെട്ടു.

സാങ്കേതിക വിദ്യയെ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കും ശാസ്ത്രത്തെ വികസിപ്പിക്കുന്നതിലേക്കുമുള്ള ഏറ്റവും വിലപ്പെട്ട നിർദ്ദേശങ്ങൾക്ക് ഓരോ വർഷവും ഗണ്യമായ സംഖ്യ പണമുൾപ്പെടെ ഗവമെൻണ്ട് സമ്മാനങ്ങൾ നല്കുന്നു.

### ബോധപൂർവ്വകമായ അദ്ധ്വാനം

സോവിയറ്റ് സ്ത്രീപുരുഷന്മാരുടെ ബോധപൂർവ്വകമായ പ്രവൃത്തിയും അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമതയുടെ വളർച്ചയെ സഹായിക്കുന്നു. തങ്ങൾക്ക് വേണ്ടി,

തങ്ങളുടെ സ്വന്തം ജീവിതനിലവാരം ഉയത്തുന്നതിനു വേണ്ടി മാത്രമല്ല, പ്രത്യുത സമുദായത്തിന്റെയാകെ ക്ഷേമത്തിനു വേണ്ടി കൂടിയാണു് തങ്ങൾ പ്രവത്തിക്കുന്നതെന്ന വസ്തുതയെക്കുറിച്ചു് അവർ തികച്ചും ബോധമുള്ളവരാണു്.

പൗരധമ്മത്തെക്കുറിച്ചുള്ള ഒരു ഉൽകൃഷ്ടബോധം രണ്ടാം ലോകമഹായുദ്ധകാലത്തു് ധീരകൃത്യങ്ങൾ ചെയ്യാൻ സോവിയററ് ജനതയെ ആവേശം കൊള്ളിച്ചു. സമാധാനപരമായ നിമ്മാണത്തിന്റെ കാലത്തു് അദ്ധ്വാനത്തിന്റെ അത്ഭുതകൃത്യങ്ങൾ പ്രദശിപ്പിക്കുവാനും ഈ ബോധം അവക്കു് ആവേശം നൽകുന്നു. അതുകൊണ്ടാണു് വ്യവസായ സ്ഥാപനങ്ങൾക്കും വ്യക്തികളായ തൊഴിലാളികൾക്കുമിടയിൽ പ്രവൃത്തിയുടെ ഉത്തമഫലങ്ങൾക്കായുള്ള സോഷ്യലിസ്റ്റുമത്സരം സോവിയറ്റ്നാട്ടിൽ ഇത്രയും വലിയ ഒരു വ്യാപ്തിനേടിയതു്.

1967-ൽ സോവിയററധികാരത്തിന്റെ 50-ാം വാർഷികം പ്രമാണിച്ചു് ദേശവ്യാപകമായ ഒരു മത്സരം രാജ്യത്തുടനീളം വളന്നുകൊണ്ടിരിക്കുകയാണു്.

അങ്ങിനെ, മോസ്ക്കോ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ ഉല്പാദനവദ്ധനയും അദ്ധ്വാനോല്പാദനക്ഷമതയുമുള്ള പദ്ധതി 50 ശതമാനം അധികം നിവ്വഹിക്കുവാൻ തീരുമാനിച്ചിരിക്കുകയാണു്. പദ്ധതി കുറിമാനത്തിന്നപ്പുറം 15 ലക്ഷം ടൺ എണ്ണയും 80

കോടി ക്യൂബിക് മീററിലധികം വാതകവും 70 ലക്ഷത്തോളം ടൺ കല്ക്കരിയും ഉല്പാദിപ്പിക്കുവാൻ ഇന്ധനവ്യവസായത്തൊഴിലാളികൾ ഉദ്ദേശിക്കുന്നു. ഉൽപാദനപദ്ധതികളിൽ കവിഞ്ഞു് ധാരാളം വസ്ത്രങ്ങളും പാദരക്ഷകളും ഭക്ഷ്യപദാർത്ഥങ്ങളും ഉൽപാദിപ്പിക്കുവാൻ ലഘുവ്യവസായത്തിലെയും ഭക്ഷണവ്യവസായത്തിലെയും ജോലിക്കാർ പ്രതിജ്ഞയെടുത്തിരിക്കുന്നു.

ഉൽപാദനത്തിൽ ശാസ്ത്രീയ-സാങ്കേതിക സിദ്ധികളുടെ പ്രയോഗം, സോഷ്യലിസ്റ്റു സമുദായത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുള്ള ഭൗതികവും ധാർമ്മികവുമായ ഉത്തേജനം, പ്രവൃത്തിയുടെ നേരെ അവർക്കുള്ള ബോധപൂർവ്വകമായ മനോഭാവം—ഈ ഘടകങ്ങളെല്ലാം കൂടിച്ചേർന്നു് സോവിയററു് യൂണിയനിൽ അദ്ധ്വാനോൽപാദനക്ഷമതയുടെ സത്വരവളർച്ചയിലേക്കു് നയിക്കുന്നു.

വ്യവസായത്തിലെ അദ്ധ്വാനോൽപാദനക്ഷമത 1940-ന്നു് ശേഷം മിക്കവാറും നാലിരട്ടി വർദ്ധിച്ചിട്ടുണ്ടു്. 1959-65 പഞ്ചവത്സരപദ്ധതിക്കാലത്തു് അതു് 42 ശതമാനം കണ്ടു് ഉയന്നു.

പക്ഷെ, അദ്ധ്വാനോൽപാദനക്ഷമത ഉയത്തുന്നതിന്നു്, എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തപ്പെടുന്നില്ല. പുതിയ പഞ്ചവത്സരപദ്ധതി(1965-70) അദ്ധ്വാനോല്പാദനക്ഷമതയുടെ ഇനിയുള്ള വളച്ചക്കു്

വ്യവസ്ഥ ചെയ്യുന്നു: വ്യവസായത്തിൽ 33-35 ശതമാനം; കൃഷിയിൽ 40-45 ശതമാനം; നിർമ്മാണത്തിൽ 35-40 ശതമാനം.

അസംസ്കൃതപദാർത്ഥങ്ങളും ഇന്ധനവും മററു പദാർത്ഥമൂല്യങ്ങളും മററും മിച്ചപ്പെടുത്തുന്നതിന്ന് സോവിയററ് യൂണിയനിൽ പ്രത്യേകപ്രാധാന്യം കല്പിക്കപ്പെടുന്നു. ജനങ്ങൾക്ക്വേണ്ട സാധനങ്ങൾ മുമ്പെന്നുമില്ലാത്ത അളവിൽ വർദ്ധിച്ച തോതിൽ ഉൽപാദിപ്പിക്കുവാനും ഉൽപാദനച്ചിലവ് ചുരുക്കുവാനും രാജ്യത്തിൻെറ ദേശീയവരുമാനം പെരുപ്പിക്കുവാനും ഇതു് സഹായിക്കുന്നു.

വസ്ത്രഭക്ഷണ വ്യവസായങ്ങളെപ്പോലുള്ള സമ്പദ് ശാഖകളിൽ ഇതിന്ന് വിശേഷാൽ പ്രാധാന്യമുണ്ടു്. ഈ ശാഖകളിൽ മൊത്തം ഉൽപാദനച്ചിലവിൻെറ 82-89 ശതമാനത്തോളം അസംസ്കൃതപദാർത്ഥങ്ങൾക്കും ഇന്ധനങ്ങൾക്കും മററുമാണ് വരുക. ഉൽപാദനത്തിൽ പദാർത്ഥവിഭവങ്ങളുടെ മിതവും ക്രമീകൃതവുമായ വിനിയോഗം ബോണസ്സ് കൊണ്ടു് പ്രോത്സാഹിപ്പിക്കപ്പെടുന്നു.

### പഞ്ചദിന വാരം

എല്ലാ വ്യവസായശാലകളും ഓഫീസുകളും മററു സ്ഥാപനങ്ങളും ആഴ്ചയിൽ രണ്ടു ദിവസം ഒഴിവും അ

ഞ്ച് ദിവസം തൊഴില്പം എന്ന സമ്പ്രദായത്തിലേക്ക് പടിപടിയായി മാറിക്കൊണ്ടിരിക്കുകയാണ്.

പഞ്ചദിനവാരത്തിലേക്കുള്ള ഈ മാററത്തിൽ ആഴ്ചയിൽ നിലവിലുള്ള പ്രവൃത്തിമണിക്കൂറുകളുടെ എണ്ണം അതേപടി നിലനിർത്തുന്നതാണ്. (41 മണിക്കൂർ, ഭൂഗർഭജോലികൾക്കും ഹാനികരമായ സാഹചര്യങ്ങളിലുള്ള ജോലിക്കും 36 മണിക്കൂർ).

അതേസമയം ഈ മാററം മൂലം ജോലിക്കാർക്കു കൂടുതൽ ഒഴിവുസമയം കിട്ടുകയും ചെയ്യും. ആഴ്ചയിൽ ആറ് ദിവസത്തിന്നു പകരം അഞ്ച്ദിവസമായാൽ ഓരോ ജോലിക്കാരനും യാത്രാസമയത്തിലും ഷിഫ്ററു മാററത്തിലും മററുമായി ശരാശരി ഒന്നോ രണ്ടോ മണിക്കൂർ ലാഭിക്കാവുന്നതാണ്. ഇതു് തൊഴിലെടുക്കുന്ന ഒരു സ്ത്രീക്കോ പുരുഷനോ കൊല്ലത്തിൽ 70–80 മണിക്കൂറോളം വരും. അതായതു് എട്ടോ പത്തോ ദിവസം ഒഴിവ് ലഭിക്കുന്നതിന്നു് തുല്യമാണിതു്.

അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിശ്രമവേള കൂടുതൽ നന്നായി വ്യവസ്ഥചെയ്യുവാനും അവരുടെ വിദ്യാഭ്യാസനിലവാരവും സാംസ്കാരികവിനോദവും കൂടുതൽ ഉയർത്തുന്നതിന്നു അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും ഇതു സഹായിക്കുന്നു. ഉചിതമായ വിധത്തിൽ തൊഴിൽ സംവിധാനം ചെയ്യുന്നതിന്നു് ഇതു് വ്യവസായശാലകൾക്ക് കൂടുതൽ അവസരമുണ്ടാ

ക്കം. അങ്ങിനെ അദ്ധ്വാനത്തിൻെറ ഉല്പാദനക്ഷമത യും തൊഴിലാളിയുടെ വേതനവുമുയരും. പഞ്ചദിന വാരത്തിലേക്ക് നേരത്തെ മാറിക്കഴിഞ്ഞ സപറോഷ്സ്റ്റാൾ സ്റ്റീൽവർക്സ്, നീദപ്രാപെത്രോവ്സ്ക് അലൂമിനിയം പ്ലാൻറ് എന്നിവയും മററു വ്യവസായശാലകളും അവയുടെ ഉല്പാദനത്തോതു് ഗണ്യമായ തോതിൽ പെരുപ്പിച്ചിരിക്കുന്നു. ഇവിടെ വേതനവും ശമ്പളവും വർദ്ധിച്ചിട്ടുണ്ട്. ധാരാളം ആളുകൾ തങ്ങളുടെ ജോലി ഉപേക്ഷിക്കാതെ വിദ്യഭ്യാസം തുടരുന്നു, പുതിയ പ്രവൃത്തിസമയം വിശ്രമവേള വ്യവസ്ഥ ചെയ്യുന്നതിന്നു് അനുകൂല സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. അമേച്വർ നാടകങ്ങൾക്കും സ്പോർട്ട്സിന്നും സഞ്ചാരത്തിന്നും പോകുന്നവരുടെ സംഖ്യയും ലൈബ്രറികളിലെ വരിക്കാരുടെ സംഖ്യയും അനുക്രമം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

## സാമ്പത്തിക പരിഷ്ക്കാരം

1966-ൽ സമാരംഭിക്കപ്പെട്ട സാമ്പത്തികപരിഷ്കാരവും ഉല്പാദനത്തിന്റെയും ദേശീയവരുമാനത്തിന്റെയും വളച്ച്യെ സഹായിക്കും. മിതവ്യയ സമ്പ്രദായങ്ങളും ചോദകങ്ങളും മാനേജ്മെൻറിൽ വഹിക്കുന്ന പങ്ക് വർദ്ധിപ്പിക്കുക, മാനേജ്മെന്റിന്റെ സ്വാതന്ത്ര്യവും വ്യവസായശാലകളുടെ മുൻകയ്യും വിപുലീകരിക്കുക, കേന്ദ്രീകൃതാസൂത്രണത്തിൻെറ കാര്യക്ഷമത അഭി

വ്യദ്ധിപ്പെടുത്തുക, കൂട്ടായ്മകൾക്ക് അവരുടെ പ്രവർത്തനഫലങ്ങളെസ്സംബന്ധിച്ചുള്ള ഉത്തരവാദിത്വബോധവും അവയിലുള്ള ഭൗതിക താല്പര്യവും വളർത്തുക—ഇതൊക്കെയാണ് സാമ്പത്തികപരിഷ്കാരംകൊണ്ട് അവശ്യം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഉല്പാദനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും അധുനാതനസിദ്ധികൾ വികസിപ്പിക്കുകയും ഉല്പാദനത്തിൽ അവതരിപ്പിക്കുകയും ചെയ്യുക, സാമൂഹ്യമായ പ്രയത്നത്തിന്റെ പ്രയോജനപരത വളർത്തുക എന്നീ കാര്യങ്ങൾക്ക് അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന സാമ്പത്തികപരിഷ്കാരം. വ്യവസായശാലാനിർവ്വാഹകർക്കു ഉല്പാദനസംവിധാനം മെച്ചപ്പെടുത്തുന്നതിനും ഏററവും പുതിയ മാതൃകകൾ പുറത്തിറക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ലാഭം സമ്പാദിക്കുന്നതിനും കൂടുതൽ സാദ്ധ്യതകൾ കൈവരുന്നു.

നല്ല ഫലങ്ങൾക്കുവേണ്ടി തൊഴിലാളികൾക്കു ലാഭത്തിൽനിന്നു കൊടുക്കുന്ന ബോണസ്സുകൾ കാര്യമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതു് അവരുടെ മുൻകയ്യിനെ വളർത്തുകയും ഉല്പാദനത്തിൽ കൂടുതൽ വിപുലമായതോതിൽ പങ്കെടുക്കുന്നതിനു് അവർക്കു് പ്രോത്സാഹനം നൽകുകയും മററും ചെയ്യുന്നു.

സാമ്പത്തിക പരിഷ്ക്കാരം പടിപടിയായി നടപ്പിൽ വരുത്തികൊണ്ടിരിക്കുകയാണു്. 966-ൽ 673

വ്യവസായശാലകളിൽ പുതിയ മാനേജ്മെൻറു സമ്പ്രദായം നടപ്പിൽവരുത്തി. ഇരുപതുലക്ഷത്തിലേറെ തൊഴിലാളികൾ (അതായത് വ്യവസായത്തിൽ പണിയെടുക്കുന്ന മുഴവൻ ആളുകളുടെയും 10 ശതമാനം) ജോലിയെടുക്കുന്ന സ്ഥാപനങ്ങളാണിവ.

ഈ പുതിയ മാനേജ്മെൻറ് സമ്പ്രദായം തികച്ചും ഫലവത്താണെന്നു് അവരുടെ പ്രവൃത്തിയുടെ ഫലങ്ങൾ തെളിയിക്കുന്നു. പ്രസ്തുത വ്യവസായശാലകൾ അവയ്ക്കു് നിശ്ചയിച്ച ഉല്പാദനവും ധനകാര്യപദ്ധതികളും പൂർത്തിയാക്കുകമാത്രമല്ല ചെയ്യുള്ളു. അവ കൂടുതൽ കാര്യങ്ങൾ കൂടിനിറവേററുകയുണ്ടായി. ഈ വ്യവസായശാലകൾ, ഒരു നേമമെന്നോണം, അദ്ധ്വാനോല്പാദനക്ഷമതയുടെ ത്വരിതതരമായ വളർച്ചയെയും ഉല്പന്നങ്ങളുടെ ശീഘ്രതരമായ വിപണനത്തെയും കൂടുതൽ ഉയന്ന ലാഭത്തേയും തൊഴിലാളികൾക്കും എഞ്ചിനിയറിംഗ് സ്റ്റാഫിനുമുള്ള വേതനത്തിൻെറയും ബോണസ്സിൻെറയും വർദ്ധനയേയും കാണിക്കുന്നു.

പുതിയ പ്രവത്തനസമ്പ്രദായത്തിലേക്കു് മാററപ്പെട്ട വ്യവസായശാലകൾ ആസൂത്രിതലാഭത്തിനു് പുറമെ 20 കോടി റൂബിൾ കൂടുതൽ സമ്പാദിച്ചു. അതിൻെറ ഗണ്യമായ ഒരു ഭാഗം സാമ്പത്തികപ്രോദക നിധിയിലേക്കെടുത്തു. ബാക്കി പൊതു ബജററിലേക്ക് അടച്ചു. സാമ്പത്തികപരിഷ്കാരത്തിൻെറ പ്രയോഗം ജോലിക്കാരുടെയും സ്റ്റേററിൻേറയും താല്പര്യങ്ങളുടെ

തികവുററ ഇണസ്സത്തിനു് ഉറപ്പുവരുത്തുന്നതായി ഇതു് തെളിയിക്കുന്നു.

1967-ൽ ലഘു-ഭക്ഷണ വ്യവസായങ്ങൾ, യന്ത്ര നിർമ്മാണം, ലോഹവ്യവസായം മുതലായവയുടെ പല ശാഖകളും പുതിയ സമ്പ്രദായത്തിലേക്കു മാറുന്നതാണു്. മററു വ്യവസായശാലകൾ 1968-ൽ ആ സമ്പ്രദായത്തിലേക്കു് മാററും.

പുതിയ മാനേജ്മെൻറു് സമ്പ്രദായത്തിലേക്കുള്ള മാററത്തിന്നു് അവധാനപൂർണ്ണമായ മുന്നൊരുക്കങ്ങൾ തീർച്ചയായും ആവശ്യമുണ്ടു്. എന്നാലേ വ്യവസായശാലകളുടെ പ്രവർത്തനത്തിന്നു ഏററവും അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാകൂ. സാമ്പത്തികമായി ഉപോൽബലപ്പെട്ടതായപ്പെട്ട മൊത്തവില സമ്പ്രദായം നടപ്പിൽ വരുത്തുക എന്നുള്ളതും സ്ഥാപനങ്ങളേയും വ്യവസായങ്ങളേയും ആസൂത്രണത്തിൻേറതും ചോദകത്തിൻേറതുമായ പുതിയ ക്രമത്തിലേക്കു് മാററുന്നതിന്നുള്ള മുഖ്യമായ ഒരു മുൻ ഉപാധിയാണു്. ഈ മൊത്തവില സാമൂഹ്യമായാവശ്യമായ അദ്ധ്വാനവിനിയോഗത്തെ വ്യാപകമായ ഒരു പരിധിവരെ പ്രതിഫലിപ്പിക്കണം. ഇതു് ഉല്പാദനച്ചിലവു് നികത്തുന്നതിനും, സ്റ്റേററു ബജററിലേക്കും ചോദകനിധിയിലേക്കുമുള്ള ബാദ്ധ്യതകൾ നിറവേററാൻ കഴിയുമാറു് ലാഭമുണ്ടാക്കുന്നതിന്നും ഉറപ്പു വരുത്തുകയും വേണം. ഇന്നു്, ലഘു-ഭക്ഷണ വ്യവസായങ്ങളുടെ ഒരു

ഭാഗം പുതിയ മൊത്തവില സമ്പ്രദായത്തിലേക്ക് മാറി ക്കഴിഞ്ഞിരിക്കുന്നു. മറെറല്ലാ വ്യവസായങ്ങളും 1967 ജൂൺ 1-ാംനു-യോടെ പുതിയ മൊത്തവിലസമ്പ്രദായ ത്തിൽ പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. ചില്ലറ വില യിൽ യാതൊരു മാററവും വരുത്താതെയാണ് പുതിയ മൊത്തവില നിശ്ചയിക്കുന്നതു്. ജനങ്ങൾ അവർ വാ ങ്ങുന്ന ചരക്കിന്നു് കൊടുക്കുന്ന വിലയിൽ മാററമില്ല.

വില, ലാഭം, പണമിടപാട്, കടവായ്പ മുതലാ യവപോലുള്ള സാമ്പത്തികമാദ്ധ്യമങ്ങളുടെ വ്യാപക മായ വിനിയോഗവും വ്യവസായശാലകളുടെ സ്വാത ന്ത്ര്യത്തിൻെറ വിപുലീകരണവും, കേന്ദ്രീകൃതാസൂത്രണ ത്തിൻെറ സമ്പ്രദായവും നിലവാരവും മെച്ചപ്പെടുത്തു ന്നതിന്നത്യാവശ്യമാണ്. അവയുടെ പ്രാധാന്യം സ മ്പത്തികപരിഷ്ക്കാരത്തിൻകീഴിൽ കുറയുകയല്ല, നേരെ മറിച്ച് ഇനിയും ഏറുകയാണ്.

പുതിയ പ്രവർത്തന സമ്പ്രദായത്തിലേക്കുള്ള മാ ററം വ്യവസായശാലകളിൽ ലഭ്യമാകുന്ന അഭ്യന്തര റി സർവ്വുകളെ ശീഘ്രതരമായ നിരക്കിൽ സജ്ജീകരിക്കു ന്നതിന്നു അവസരം പ്രദാനംചെയ്യുന്നു. അതു് ഉല്പാ ദനത്തിൻെറ കാര്യക്ഷമത ഉയർത്തുകയും, ദേശീയ വരു മാനത്തെ, പ്രഥമവും പ്രധാനവുമായി, ജനോപഭോഗ ത്തിലേക്ക് വിനിയോഗിക്കപ്പെടുന്ന ദേശീയവരുമാ നാംശത്തെ, വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## ദേശീയവരുമാനം എങ്ങിനെ ഉപയോഗിക്കപ്പെടുന്നു

സോവിയററു് യൂണിയനിൽ ദേശീയവരുമാനം അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭൗതികവും സാമൂഹ്യവും സാംസ്കാരികവുമായ ആവശ്യങ്ങൾ നിവർത്തിക്കുന്നതിന്നും ഉല്പാദനം പിന്നെയും വികസിപ്പിക്കുന്നതിന്നുമായി ഉപയോഗിക്കപ്പെടുന്നു. ഈ ആവശ്യത്തിന്നു് വരുമാനം രണ്ടു് അംശങ്ങളായി വിഭജിക്കപ്പെടുന്നു: ഉപഭോഗനിധിയും സഞ്ചയനനിധിയും.

ജനങ്ങൾ ഉപയോഗിക്കുന്ന പദാർത്ഥമൂല്യങ്ങളും സേവനങ്ങളും ആകെ ഉൾക്കൊള്ളുന്നതാണു് ദേശീയ വരുമാനത്തിലെ ഉപഭോഗനിധി. വ്യാവസായിക ച്ച രക്കുകളും ഭക്ഷ്യോല്പന്നങ്ങളും, ഗതാഗതം, വിദ്യാഭ്യാസം, വൈദ്യസഹായം മുതലായവപോലുള്ള സേവനങ്ങളും ഉണ്ടു്.

പണത്തിൻെറ അടിസ്ഥാനത്തിൽ പറഞ്ഞാൽ ഉപഭോഗനിധി രണ്ടു ഭാഗങ്ങൾ അടങ്ങിയതാണു്. കൂലിയും ശമ്പളവും കൂട്ടുകൃഷിയിൽനിന്നുള്ള ആദായവും മററുമായി ജനങ്ങൾക്കു് നേരിട്ടു് കിട്ടുന്ന വരുമാനം; സൗജന്യവിദ്യാഭ്യാസം, സൗജന്യവൈദ്യസഹായം, പെൻഷ്യൻ, ഗ്രാൻറുകൾ, ശമ്പളത്തോടുകൂടിയ വിശേഷ ദിവസങ്ങൾ, സർക്കാർ ചിലവിലുള്ള മററാനുകൂല്യങ്ങളും സേവനങ്ങളും ജനങ്ങൾക്കു് വ്യവസ്ഥ ചെയ്തു

കൊടുക്കുന്നതിന്നുള്ള പൊതു ഉപഭോഗനിധികൾ. ഇന്നു സോവിയററു് യൂണിയൻെറ മൊത്തം ദേശീയ വരുമാനത്തിൻെറ മുക്കാൽഭാഗം ഉപഭോഗനിധിക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നു.

ഉല്പാദനം പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിന്നും പുതിയ നിർമ്മാണപദ്ധതികൾക്കും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായശാലകളിലെ ഉപകരണങ്ങൾ പുതുക്കുന്നതിന്നും, വീടുകളും വിദ്യാലയങ്ങളും ആസ്പത്രികളും മററു സാമൂഹ്യ-സാംസ്കാരിക സ്ഥാപനങ്ങളും കെട്ടുന്നതിന്നും ഉപയോഗിക്കപ്പെടുന്ന ഭൗതികവിഭവങ്ങളും പണവുമടങ്ങിയതാണു് സഞ്ചയനനിധി.

പ്രയോഗത്തിൽ, സഞ്ചയനനിധി സമ്പദ്ഘടനയുടെ നിശ്ചിതവും നടപ്പിലുള്ളതുമായ ആസ്തികളിലേക്കും ദേശീയ റിസർവ്വുകളുടെ സ്ഥാപനത്തിലേക്കുമുള്ള മൂലധനനിക്ഷേപത്തിൻെറയും മററു നിക്ഷേപങ്ങളുടെയും രൂപം കൈക്കൊള്ളുന്നു. ഈ ചിലവിനങ്ങൾ ഉപഭോഗസാധനങ്ങൾക്കുള്ള ജനങ്ങളുടെ ആവശ്യത്തെ പൂർണ്ണ പരിധിവരെ നിവർത്തിക്കുന്നതിന്നു് ഭൗതികാടിത്തറ സൃഷ്ടിക്കുകയും അവരുടെ പാർപ്പിടസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സാംസ്കാരികവും മററുമായ സേവനങ്ങളെ വികസിപ്പിക്കുകയും ചെയ്യുന്നു.

ഉപഭോഗ-സഞ്ചയനനിധികളുടെ രൂപീകരണത്തിൽ സോവിയറ്റു സ്റ്റേറ്റ് ബജറ്റ് സുപ്രധാനമായ ഒരു പങ്ക് വഹിക്കുന്നു. മൊത്തം ദേശീയ വരുമാനത്തിന്റെ പകുതിയിലധികം അവ മുഖേന വിതരണം ചെയ്യപ്പെടുന്നു.

അദ്ധ്യായം 2

# ബജററും ജനങ്ങളുടെ ഐശ്വര്യവും

ഉപഭോഗനിധി ദേശീയ വരുമാനത്തിൻെറ പ്രമുഖമായ ഒരംശം വരുന്നു. സോവിയററ് യൂണിയനിൽ ദേശീയ വരുമാനത്തിൻെറ മുക്കാലംശം ജനങ്ങളുടെ ആവശ്യങ്ങൾ നിവൃത്തിച്ചുകൊടുക്കുന്നതിന്നുപയോഗിക്കപ്പെടുന്നു. ദേശീയ വരുമാനത്തിൻെറ വളർച്ചയോടൊപ്പം ഉപഭോഗനിധി പെരുകുകയും ജീവിതനിലവാരം ഉയരുകയും ചെയ്യുന്നു.

സോവിയററ് സ്റ്റേററ് അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായുയർത്തുന്നതിന്നു പരമാവധി പരിശ്രമിക്കുന്നു. സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടേയും ഗവമെൺമെണ്ടിന്റെയും മുഖ്യമായ കററിമാനമതാണ്. ഈ ആവശ്യാർത്ഥം സോവിയററു ഗവമെൺമെണ്ട് ഈയിടെ എടുത്ത നടപടികളുടെ ചുരുക്കത്തിലുള്ള ഒരു പട്ടിക ഇവിടെ കൊടുക്കട്ടെ:

വ്യവസായത്തിലും നിർമ്മാണത്തിലും ഗതാഗതത്തിലും തൊഴിലാളികൾക്കും ഡോക്ടർമാർക്കും അദ്ധ്യാ

പകർക്കം ഇതര രംഗങ്ങളിലെ ജീവനക്കാക്കം കൂലി യുംശമ്പളവും ഉയത്തുകയുണ്ടായി;

ജോലിയിൽനിന്നു് പിരിഞ്ഞ വ്യവസായ–ഓഫിസ് തൊലാളികളുടെ പെൻഷ്യൻ വ്യവസ്ഥ മെച്ചപ്പെടുത്തുകയും കൂട്ടകൃഷിക്കാർക്ക് പെൻഷ്യൻ വ്യവസ്ഥചെയ്യുകയും ചെയ്യു;

ചില ഉപഭോഗസാധനങ്ങളുടെ വില വെട്ടിക്കറച്ചു;

ജനങ്ങൾക്ക് ഭക്ഷ്യപദാർത്ഥങ്ങളും നിർമ്മിത സാധനങ്ങളും സപ്ലൈ ചെയ്യുന്ന ഏപ്പാട്ട് മെച്ചപ്പെടുത്തി. ഇക്കഴിഞ്ഞ രണ്ടുവഷങ്ങളിൽ മാത്രം ഈ സാധനങ്ങളുടെ വിററുപിരിവ് 20 ശതമാനം കണ്ടു വർദ്ധിച്ചു;

പാർപ്പിടങ്ങളുടേയും പള്ളിക്കുടങ്ങളുടേയും ആസ്പത്രികളുടേയും വൻതോതിലുള്ള നിർമ്മാണം ആരംഭിക്കുകയുണ്ടായി. ഇക്കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മാത്രം 220 ലക്ഷം ജനങ്ങൾ ഒന്നകിൽ പുതിയ ഭവനങ്ങളിലേക്ക മാറിത്താമസിക്കുകയോ അല്ലെങ്കിൽ നേരത്തെയുള്ള പാപ്പിടങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ നേടുകയോ ചെയ്യു;

ജനങ്ങൾക്ക് സൗജന്യ സേവനംചെയ്യുന്ന വിദ്യാഭ്യാസ–വൈദ്യസഹായ സ്ഥാപനങ്ങളുടെ പ്രവ

ത്തനങ്ങൾ വിപുലീകരിക്കപ്പെട്ടു. സ്കൂളുകളിലും ഉന്ന ത വിദ്യാഭ്യാസസ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെ സംഖ്യ ഗണ്യമായി വർദ്ധിച്ചു. ബാലവാടികളിലും ക്രിഷുകളിലും ആസ്പത്രികളിലും കൂടുതൽ പേരെ പാർപ്പിക്കുവാനുള്ള സൗകര്യങ്ങളുണ്ടാക്കി.

ഇതൊക്കെ ജനങ്ങളുടെ കാശുവരുമാനത്തെയും യഥാർത്ഥ വരുമാനത്തെയും ഒരുപോലെ കാര്യമായുയർത്തിയിരിക്കുന്നു. ജനങ്ങളുടെ ആളോഹരി യഥാർത്ഥ വരുമാനം (ഒരാൾക്കു് ഉപയോഗപ്പെടുന്ന ഭൗതികസ്വത്തിന്റെ അളവ്) 1959 മുതൽ 1964 വരെ വർഷത്തിൽ ശരാശരി 3.2 ശതമാനംകണ്ടും 1965–1966-ൽ 6.5 ശതമാനംകണ്ടും വർദ്ധിച്ചുകൊണ്ടിരുന്നു.

വ്യക്തിഗതവരുമാനത്തിന്റെ വർദ്ധനവും പൊതു ഉപഭോഗനിധിയുടെ നിരന്തര വികസനവും—ഇതു് രണ്ടും മുഖേനയാണു് സോവിയററു് ജനതയുടെ ജീവിതനിലവാര ഉയർച്ച സാദ്ധ്യമാകുന്നതു്— സോഷ്യലിസ്റ്റു സ്റ്റേററിന്റെ ധനാഗമമാർഗ്ഗങ്ങളും പ്രഥമവും പ്രധാനവുമായി സോവിയററു് സ്റ്റേററു് ബജററും ഇക്കാര്യത്തിൽ തികച്ചും ശ്രദ്ധപതിക്കുന്നു.

സ്റ്റേററുടമ സ്ഥാപനങ്ങളിൽനിന്നു് കൂലിയുടെയും ശമ്പളത്തിന്റെയും രൂപത്തിൽ തൊഴിലാളികൾക്കു് കിട്ടുന്ന വരുമാനവും കൂട്ടകൃഷിക്കളങ്ങളിലെ പ്രവൃത്തിയിൽനിന്നു് കൃഷിക്കാർക്കുണ്ടാവുന്ന വരുമാനവുമാണു്



4

സോഷ്യലിസത്തിന്നു് കീഴിൽ അദ്ധ്വാനത്തിന്നുള്ള പ്രതിഫലത്തിന്റെ അടിസ്ഥാനരൂപം.

"ഓരോരുത്തരിൽനിന്നും അവന്റെ കഴിവിന്നനുസരിച്ചു്, ഓരോരുത്തന്നും അവന്റെ തൊഴിലിന്നനുസരിച്ചു്" എന്ന തത്വം സോഷ്യലിസ്റ്റ് സമുദായത്തിൽ പ്രവർത്തിക്കുന്നു. അദ്ധ്വാനത്തിന്നു് അതിന്റെ ഗണവും ഗുണവുമനുസരിച്ചു് പ്രതിഫലം നൽകപ്പെടുന്നു. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ പ്രകൃതത്തേയും തൊഴിലാളിയുടെ പാടവത്തെയും പ്രവൃത്തിയുളവാക്കുന്ന ഫലത്തേയും ആശ്രയിച്ചിരിക്കുമതു്.

പ്രവൃത്തിയുടെ ഉത്തമഫലവും അദ്ധ്വാനത്തിന്റെ ഉന്നതമായ ഉല്പാദനക്ഷമതയും ഉന്നതമായ ഗുണവും സോഷ്യലിസ്റ്റ് സമുദായാംഗങ്ങൾക്കു് ഉയന്ന ശമ്പളത്തിന്നു് ഉറപ്പുനൽകുന്നു. ഇങ്ങിനെ അദ്ധ്വാനത്തിനുള്ള പ്രതിഫലം സംബന്ധിച്ച സോഷ്യലിസ്റ്റ് തത്വം സമുദായത്തിന്റെയാകെയും അതിലെ ഓരോ അംഗത്തിന്റെയും താല്പര്യങ്ങളെ ഒരുപോലെ സേവിക്കുന്നു.

സോവിയററു യൂണിയനിൽ അദ്ധ്വാനോല്പാദനക്ഷമതയുടെ സത്വരവളച്ച് പട്ടണത്തിലും നാട്ടിൻപുറത്തും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വരുമാനത്തിന്റെ അനുക്രമമായ വർദ്ധനസ്സു് വിശ്വസനീയമായ ആധാരമായി വത്തിക്കുന്നു. അതിനിടയിൽ, വ്യവസായത്തൊഴിലാളികൾക്കും വെള്ളക്കോളർ തൊഴിലാളിക

ൾക്കം കൃഷിക്കാക്കം കൂലി ശമ്പള നിലവാരം ഉയത്തി ക്കൊട്ടക്കുന്നതിന്നു് സോവിയററുയൂണിയനിൽ പ്രത്യേ ക നടപടികൾ എടുക്കുന്നുമുണ്ടു്.

## കൂലിയും ശമ്പളവും ഉയരുന്നു

കഴിഞ്ഞ പത്താണ്ടുകളിലായി 6 കോടിയോളം ജനങ്ങളുടെ കൂലിയും ശമ്പളവും ഉയത്തപ്പെട്ടുകയുണ്ടായിട്ടുണ്ടു്. വ്യവസായം, കൃഷി, ഗതാഗതം, വ്യാപാരം എന്നീ തുറകളിലെ തൊഴിലാളിലാളികൾക്കും ജീവനക്കാക്കം അദ്ധ്യാപകക്കം ഡോക്ടർമാക്കം മററു വിഭാഗങ്ങൾക്കം ഇതു ബാധകമാണു്.

അതിൻെറ ഫലമായി, 1950 മുതൽ 1965 വരെ ശരാശരി കൂലിയും ശമ്പളവും 50 ശതമാനം കണ്ടു വർദ്ധിച്ചു.

നല്ല ജോലിക്കു ബോണസ്സും മററുവിധം വേതനങ്ങളുമുണ്ടു്. അവ കൂലിയിലേയ്ക്കും ശമ്പളത്തിലേക്കുമുള്ള ഗണ്യമായ മുതൽക്കൂട്ടുകളാണു്.

ഇന്നത്തെ സാമ്പത്തിക പരിഷ്കാരവും വ്യവസായത്തിൽ തൊഴിലാളികൾക്കു് ഭൗതികചോദകം ഉയത്തുന്നതിന്നു് അനേകം നടപടികൾ വിഭാവനം ചെയ്യുന്നു. ഈ ഉദ്ദേശത്തെ മുൻനിറുത്തി ഓരോ വ്യവ

സായസ്ഥാപനത്തിലും ഒരു പ്രത്യേക ഭൗതികചോദക നിധി ഏർപ്പെടുത്തുന്നുണ്ട്. ഇതിൽനിന്നാണ് തൊഴിലാളികൾക്കും സ്ഥാപന നിർവ്വാഹകൾക്കും എഞ്ചിനീയർമാക്കും സാങ്കേതികവിദഗ്ദ്ധക്കും ബോണസ്സും പ്രീമിയവും കൊടുക്കുക. അതിന്നു നിശ്ചിതമായ ബോണസ്സ് സമ്പ്രദായങ്ങളുണ്ട്. വിശേഷാൽ പ്രാധാന്യമുള്ള ഉല്പാദനബാദ്ധ്യതകളുടെ നിർവ്വഹണത്തിനുള്ള പാരിതോഷികങ്ങളും ഈ നിധിയിൽ നിന്നാണ് നൽകുക. കൊല്ലാവസാനത്തിൽ ഒരു വ്യവസായ സ്ഥാപനത്തിൻെറ പ്രവർത്തനത്തിൻെറ മൊത്തഫലത്തിനു ബോണസ്സും നൽകുവാനും തൊഴിലാളികൾക്കു സഹായധനം നൽകുവാനും ഈ നിധി ഉപയോഗിക്കുന്നു. ട്രേഡ്യൂണിയൻ സംഘടനയുടെ ഭാഗഭാഗിത്വത്തോടെ വ്യവസായ സ്ഥാപനത്തിൻെറ മാനേജ്മെൻറാണ് ഈ നിധി കൈകാര്യം ചെയ്യുക.

1965–70 പഞ്ചവത്സരപദ്ധതിയിൽ കുറഞ്ഞകൂലിയും ശമ്പളവും ഇടത്തരം ശമ്പളക്കാരുടെ സമ്പാദ്യവും ഉയർത്തുന്നതിന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. തൊഴിലാളികളുടേയും ഓഫീസ് ജോലിക്കാരുടേയും വരുമാനത്തിൽ ബോണസ്സ്–പ്രീമിയങ്ങൾക്കുള്ള വിഹിതം ഗണ്യമായുയർത്തപ്പെടുന്നതാണ്. അങ്ങിനെ ഓരോ തൊഴിലാളിയുടെ വ്യക്തിഗത താല്പര്യങ്ങളും മുഴുവൻ സ്ഥാപനത്തിൻെറയും സമുദായത്തിൻേറയും താല്പര്യങ്ങളും തമ്മിൽ ഏകതാനമായ ബന്ധത്തിന്നു അതു ഉറപ്പുവരുത്തുന്നതുമാണ്. ഈ വിധത്തിൽ അദ്ധ്വാന

ത്തിനുള്ള പ്രതിഫല വർദ്ധന എത്രകണ്ട വല്യതാകുന്നുവോ അത്രകണ്ട ഉല്പാദനത്തിന്റെ വളർച്ചയിലേയ്ക്കും കാര്യക്ഷമതയുടെ ഉയർച്ചയിലേക്കും ഓരോ തൊഴിലാളിയുടേയും ജീവനക്കാരന്റേയും സംഭാവനയും വല്യതാകും.

ഈ തുകകളിൽ വലിയ ഒരംശം, എട്ടപ്പനിമ്മാണത്തൊഴിലാളികൾക്കും അദ്ധ്യാപക്കും ഡോക്ടർമാക്കും മററു ചില വിഭാഗങ്ങൾക്കും കൂലിയും ശമ്പളവും ഉയർത്തിക്കൊടുക്കുന്നതിനുള്ള സംഖ്യ, ബജററിൽനിന്നു നേരിട്ട വകയിരുത്തപ്പെടുകയാണു്.

വിദ്യാഭ്യാസ വൈദ്യശാസ്ത്ര സംസ്കാര സ്ഥാപനങ്ങളിലെ മൊത്തം 120 ലക്ഷത്തോളം ജീവനക്കാക്കുള്ള ശമ്പളം ബജററു നൽകുന്നു.

വ്യവസായത്തിലും ഗതാഗതത്തിലും കൃഷിയിലും തൊഴിലാളികൾക്കു് കൂലി വർദ്ധിപ്പിച്ചുകൊടുക്കുന്നതിന്നുള്ള തുകയും സോവിയററു്സ്റ്റേററു് ബജററിൽ കണക്കിലെടുക്കപ്പെടുന്നു; ഒന്നുകിൽ നേരിട്ടുള്ള ധനവിനിയോഗം മുഖേന, അല്ലെങ്കിൽ സ്ഥാപനങ്ങൾ അവയുടെ ലാഭത്തിൽനിന്നു് ബജററിലേക്കടയ്ക്കുന്ന സംഖ്യയിൽ ഇളവുചെയ്തുകൊണ്ടു്.

## സർക്കാർ ക്രയവില

സർക്കാർ കാഷികോല്പന്നങ്ങൾക്കുവേണ്ടി സ്റ്റേററു ഫാമുകൾക്കും കൂട്ടകൃഷിക്കളങ്ങൾക്കും കൃഷിക്കാക്കും

കൊടുക്കുന്ന വില ഉയർത്തുന്നതിന്നു് സ്റ്റേററു് ബജററിൽനിന്നു് ഗണ്യമായ സംഖ്യ ചിലവഴിക്കുന്നു.

യുദ്ധാനന്തര വർഷങ്ങളിൽ കാർഷികോല്പന്നങ്ങൾക്കുള്ള സർക്കാർ ക്രയവില കാര്യമായുയർന്നു. അതേ സമയം ഈ ഉല്പന്നങ്ങൾക്കു നാട്ടുകൾ കൊടുക്കുന്ന ചില്ലറ വില മുൻനിലവാരത്തിൽ നിർത്തുകയോ ചില ഇനങ്ങളിൽ കുറയ്ക്കുകയോ ചെയ്തു.

ജനങ്ങൾക്കുവേണ്ട ഭക്ഷ്യപദാർത്ഥങ്ങളുടെയും ലഘു-ഭക്ഷണവ്യവസായങ്ങൾക്കുവേണ്ട അസംസ്കൃത പദാർത്ഥങ്ങളുടേയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്നു് കാർഷികത്തൊഴിലാളികൾക്കു് പ്രചോദനം നൽകുകയാണു് ഈ ക്രയവില വർദ്ധനയുടെ ലക്ഷ്യം.

ഇക്കഴിഞ്ഞ വർഷങ്ങളിലായി ഗോതമ്പു്, മുത്താറി പയറു്, പരുത്തി, മധുരക്കിഴങ്ങു് മുതലായ വിളകളുടേയും ഗവ്യോല്പന്നങ്ങളുടേയും സർക്കാർ ക്രിയവില ഉയർത്തപ്പെട്ടു. 1965 ലാണു് അത്യന്തം സാരവത്തായ വിലക്കയററമുണ്ടായതു്. അന്നു് 300 കോടി റൂബിൾ ഈ ആവശ്യത്തിനുവേണ്ടി വാർഷിക ബജററിൽ വക കാണപ്പെട്ടു.

വ്യവസായ സ്ഥാപനങ്ങളിൽ കൂലിയുടേയും കൂട്ടുകൃഷിക്കളങ്ങളിൽ പ്രതിഫലത്തിന്റേയും വർദ്ധന ദേശീയ വരുമാനത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ

വ്യക്തഗതവരുമാനമായിവരുന്ന അംശത്തെ വികസി പ്പിക്കുന്നു. ഇതാകട്ടെ ഉപഭോഗസാധനങ്ങൾക്കുള്ള നാട്ടുകാരുടെ ആവശ്യത്തെ വിപുലീകരിക്കുകയും ചെയ്യുന്നു. ഇതു് അത്തരം സാധനങ്ങളുടെ ഉല്പാദനവും വില്പനയും വികസിപ്പിക്കുക ആവശ്യമാക്കിത്തീർക്കുന്നു.

കഴിഞ്ഞ 15 ആണ്ടുകൾ (1950—1965) ക്കിടയിൽ ചില്ലറ വ്യാപാരത്തിന്റെ വിററു പിരിവു് 4 ഇരട്ടിയോളം വർദ്ധിച്ചു; 1966-ൽ പിന്നെയും 8.5 ശതമാനം കണ്ടു വർദ്ധിച്ചു. ഈ വർദ്ധനയോടൊപ്പം പല സാധനങ്ങളുടേയും ചില്ലറ വില വെട്ടിക്കുറയ്ക്കുകയുമുണ്ടായി. ഉദാഹരണത്തിന്നു് 1960—65 കാലത്തു കമ്പിളിവസ്ത്രങ്ങൾ, ഫോട്ടോഗ്രാഫിക് സാധനങ്ങൾ, ചിലതരം പാദരക്ഷകൾ, വാച്ചുകളും ക്ലോക്കുകളും, റേഡിയോ റിസീവറും റേഡിയോഗ്രാമും, ചില പ്രത്യേക ഔഷധങ്ങൾ, ടിൻ പച്ചക്കറികളും പഴങ്ങളും, പഴനീരുകൾ മുതലായ പദാർത്ഥങ്ങളുടെ വില കുറച്ചു. കൂടാതെ, നാട്ടിൻപുറത്തു് വിൽക്കുന്ന പല സാധനങ്ങളുടേയും വില 1966 ന്നുശേഷം വെട്ടിക്കുറച്ചിട്ടുണ്ടു്.

സോവിയററു് ഗവമെണ്ടു് ഉപഭോഗസാധനങ്ങളുടെ ഉല്പാദനം ഇനിയും വികസനിപ്പിക്കുന്നതിന്നു് പ്ലാൻ ചെയ്തുകൊണ്ടിരിക്കുകയാണു്.

നാട്ടുകാരുടെ ആവശ്യം അങ്ങേയററം നിവർത്തിച്ചുകൊടുക്കുമാറു് ഷോപ്പുകളുടേയും സ്റ്റോറുകളുടേയും

മററു വ്യാപാരസ്ഥാപനങ്ങളുടേയും പ്രവൃത്തി മെച്ചപ്പെടുത്തുന്നതിന്നു് നടപടികൾ എടുക്കുന്നുണ്ടു്. ധാരാളം പുതിയ ഷോപ്പുകൾ നിർമ്മിക്കപ്പെടുന്നു; പ്രത്യേക ഇനങ്ങളിലുള്ള വ്യാപാരം വിപുലീകരിക്കപ്പെടുന്നു; വ്യാപാരസ്ഥാപനങ്ങളും നിർമ്മാണശാലകളും തമ്മിൽ കൂടുതൽ അടുത്ത സമ്പർക്കം പുലർത്തപ്പെടുന്നു; വിവിധ സാധനങ്ങൾക്കുള്ള നാട്ടുകാരുടെ ആവശ്യത്തെപ്പററി പഠനം നടക്കുന്നു.

## ബാങ്കു് സൂക്ഷിപ്പുകൾ

സോവിയററു ജനതയുടെ വർദ്ധമാനമായ ഐശ്വര്യത്തിന്നു് അവരുടെ സമ്പാദ്യങ്ങളുടെ അനുക്രമമായവളർച്ച സാക്ഷ്യം വഹിക്കുന്നു. 1966ന്റെ അന്ത്യത്തിൽ സേവിംഗ്സ് ബേങ്കുകളിലെ നിക്ഷേപസംഖ്യ 2300 കോടി റൂബിളോളമെത്തി. അതായതു് 1958 ലെ ആകെ നിക്ഷേപത്തിന്റെ 2.6 ഇരട്ടി ജാസ്തിയാണതു്.

ഇന്നു് സേവിംഗ്സ് ബേങ്കുകളിൽ മൊത്തം .6 കോടിയിലധികം നിക്ഷേപങ്ങൾ ഉണ്ടു്. ജോലിയെടുത്തു സമ്പാദിക്കുന്നവരിൽ ബഹുഭൂരിപക്ഷംപേർക്കും സേവിംഗ്സ് ബേങ്കുകളിൽ അക്കൗണ്ടുണ്ടെന്നർത്ഥം.

ഈ ബേങ്കുകളിൽ നിക്ഷേപിക്കപ്പെട്ട ഈ പണം ഫർണിച്ചർ, ടി. വി. സെററു്, മോട്ടോർകാറു്, എന്നിവപോലുള്ള സാധനങ്ങൾ വാങ്ങുവാനും ദീർഘ

യാത്രചെയ്യുവാനും മററുമാണ് സോവിയററു ജനങ്ങൾ ഉപയോഗപ്പെടുത്തുന്നതെന്നു് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. കൂലി, ശമ്പളം, പെൻഷൻ മുതലായ പതിവ് വരുമാനങ്ങൾകൊണ്ട് അവർ നത്യച്ചിലവുകൾ നിവ്വഹിക്കുന്നു.

സേവിംഗ്സ് ബേങ്കുകൾ ഈ നിക്ഷേപ ഇടപാടുകൾക്കു് പുറമേ ജനങ്ങൾക്കു് മററു പല ഉപകാരങ്ങളും ചെയ്തുകൊടുക്കുന്നു. വാടകയും സാമൂഹ്യസേവനങ്ങൾക്കുള്ള സംഖ്യയും ടെലിഫോണുകൾക്കുള്ള സ്ഥലമാററച്ചാർജ്ജും സ്വീകരിക്കുകയും മററു പല കാര്യങ്ങളും നിവ്വഹിക്കുകയും ചെയ്യുന്നു.

## കോടിക്കണക്കിൽ
## കുടിയിരിക്കലുകൾ

ജനങ്ങളുടെ ജീവിതനിലവാരം നിർണ്ണയിക്കുന്നതിനുള്ള പ്രധാനമായ ഒരളവുകോലായിട്ടാണ് പാപ്പിടെസൗകയ്യങ്ങൾ കണക്കാക്കപ്പെടുന്നതു്. അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു് ആശ്വാസപ്രദവും ആദായകരവുമായ പാപ്പിടസൌകര്യങ്ങൾ ഏപ്പെടുത്തിക്കൊടുക്കുന്ന കാര്യത്തിലും വിപ്ലവത്തിന്നു മുമ്പത്തെ റഷ്യയിൽ നിന്നു് പൈതൃകമായി ലഭിച്ച ഭവന ദൗർഭിക്ഷ്യാവസ്ഥ പരിഹരിക്കുന്ന വിഷയത്തിലും സോവിയററു ഗവമെണ്ടു് അതീവ താല്പര്യം പ്രദശിപ്പിക്കുന്നു.

വിപ്ലവത്തിന്നു മുമ്പ് റഷ്യയിലെ പട്ടണങ്ങളും നഗരങ്ങളും എന്തുപോലിരുന്നെന്നു ഓർത്താൽ മാത്രമേ നാട്ടുകാരുടെ പാർപ്പിടസൌകര്യങ്ങൾ അടിസ്ഥാനപരമായി മെച്ചപ്പെടുത്തുന്നതിന്നുവേണ്ടി ചെയ്ത പ്രവൃത്തികളുടെ ഗാംഭീര്യം വ്യക്തമാകുകയുള്ളൂ. ഹൃദയഭാഗത്ത് ആഢ്യന്മാരുടെയും വ്യവസായ-വർത്തക പ്രമാണികളുടേയും രമ്യഹർമ്മ്യങ്ങൾ, അവയ്ക്കു ചുററിലും നാട്ടിപ്പതിനായിരത്തിൻെറ ചെററക്കുടിലുകൾ — വ്യവസായത്തൊഴിലാളികളും ഓഫീസു ജീവനക്കാരും കൈവേലക്കാരും അവയിൽ താമസിച്ചു. മലമൂത്ര വിസർജ്ജനത്തിന്നുള്ള സൌകര്യങ്ങൾപോലുമില്ലാത്ത ഈ ചേരികളിൽ ജനങ്ങൾ തിങ്ങിത്തിരങ്ങിത്താമസിച്ചു. ഇതാണ് വിപ്ലവത്തിന്ന് മുമ്പത്തെ റഷ്യൻ നഗരം.

ഈ പട്ടണങ്ങളും നഗരങ്ങളും അടിമുടിമാററിപ്പണിയുന്നതിന് സോവിയററധികാരത്തിൻെറ പ്രാരംഭവർഷങ്ങളിൽ തന്നെ തീവ്രശ്രമമാരംഭിച്ചുകഴിഞ്ഞിരുന്നു. ചേരികൾ തിരോഭവിച്ചു. വൻതോതിൽ ഭവന നിർമ്മാണം സമാരംഭിക്കപ്പെട്ടു.

രണ്ടാംലോകമഹായുദ്ധം സോവിയററു യൂണിയനിലെ നഗരങ്ങൾക്കും പട്ടണങ്ങൾക്കും കനത്ത നാശനഷ്ടങ്ങളേല്പിച്ചു. അതിക്രമിച്ച് കടന്ന നാസികൾ 7 കോടി ചതുരശ്രമീററർ വിസ്തൃതി വരുന്ന 1710 നഗരങ്ങളെയും പട്ടണങ്ങളേയും — അതായത് വിപ്ലവാനന്തരം നിർമ്മിക്കപ്പെട്ടേടത്തോളം തന്നെ — പൂർണ്ണമായോ ഭാഗികമായോ നശിപ്പിച്ചു കളഞ്ഞു.

സോവിയററു ജനത ചുരുങ്ങിയ കാലയളവിനു ള്ളിൽ വമ്പിച്ച ത്യാഗങ്ങൾ സഹിച്ചുകൊണ്ടു് ആ മുറിവുകളുണക്കി. പകുതിയോളം പാർപ്പിടങ്ങൾ നാസികളാൽ നശിപ്പിക്കപ്പെട്ട കീവിൽ അവിടത്തെ ജനങ്ങൾ തങ്ങളുടെ വിമോചനത്തിന്റെ ആദ്യനാളുകളിൽ തന്നെ നഗരത്തെ പുനരുദ്ധരിക്കുക എന്ന കത്തവ്യം ആവേശപൂർവ്വം പൂർത്തിയാക്കി. ഓർനീററ്സാ നഗരത്തിൽ, നീപ്പർ നദിയുടെ വലതുകരയിൽ സ്ഥിതി ചെയ്യുന്ന നഗരഹൃദയം നാസികളുടെ അധീനത്തിൽ ഇരിക്കവേ തന്നെ, ഇടതുകരയിൽ പുനരധിവാസ പ്രവൃത്തി തുടങ്ങുകയുണ്ടായി. മററു സോവിയററു റിപ്പബ്ലിക്കുകളിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾ കീവൻ ജനതയുടെ തുണയ്ക്കെത്തി.

നശിപ്പിക്കപ്പെട്ട നഗരങ്ങളും പട്ടണങ്ങളും പണ്ടേ പുനരുദ്ധരിക്കപ്പെട്ടിട്ടുണ്ടു്. വൻതോതിൽ ഭവനനിർമ്മാണമാരംഭിക്കപ്പെടുകയുണ്ടായി. 1957 മുതൽ 1966 വരെയുള്ള കാലത്തു് മാത്രം 1120 ലക്ഷം ജനങ്ങൾ— സോവിയററു ജനസംഖ്യയുടെ പകുതിയോളം—പുതിയ വസതികളിലേക്കു മാറിപ്പാക്കുകയോ പാപ്പിടസൌകര്യങ്ങൾ മെച്ചപ്പെടുത്തുകയോ ചെയ്തു. 1966-70 കാലത്തു് ഇനിയും 650 ലക്ഷത്തോളം ജനങ്ങൾക്കു പാർപ്പിട സൌകര്യങ്ങൾ മെച്ചപ്പെട്ടു കിട്ടുന്നതാണു്.

യുദ്ധാനന്തര വഷങ്ങളിൽ, മോസ്കോ, ലെനിൻഗ്രാഡ്, കീവ്, ഖാർക്കോവ്, താഷ്ക്കൻറ് എന്നി

വയും മററു പല നഗരങ്ങളും പട്ടണങ്ങളും വ്യാപക മായ തോതിൽ പുതുക്കിപ്പണിയപ്പെട്ടു. നഗരങ്ങളിലെ ശുദ്ധജല വിതരണവും അഴുക്കുചാൽ പദ്ധതിയും എത്രയോ മടങ്ങു് വിപുലീകരിക്കപ്പെട്ടു. നിരത്തു് പാലം നിർമ്മാണം വൻതോതിൽ നടന്നുകൊണ്ടിരിക്കുകയാണു്. മോസേ്കാവിനു പുറമേ ലെനിൻഗ്രാഡിലും കീവിലും ത്ബിലിസിയിലും ഭൂഗർഭ റെയിൽവേകൾ നിർമ്മിക്കപ്പെട്ടു.

ഭവനങ്ങളുടേയും സാമൂഹ്യസേവാമന്ദിരങ്ങളുടെയും നിർമ്മാണത്തിന്റെ ചിലവിൽ സിംഹഭാഗവും സ്റ്റേറ്റുബജറ്റിൽ വകയിരുത്തപ്പെട്ടതാണു്. കൂടാതെ, ഭവനനിർമ്മാണത്തിനു് ഗണ്യമായ ഒരു തുക വ്യവസായ സ്ഥാപനങ്ങൾ അവയുടെ ലാഭത്തിൽനിന്നു് നീക്കിവെക്കുന്നു. വായ്പകൾ നൽകിയും എടുപ്പുസാമാനങ്ങൾ സപ്ലൈ ചെയ്തും നിർമ്മാണത്തിൽ സഹായിച്ചും സ്റ്റേററ്, സ്വകാര്യാടിസ്ഥാനത്തിലും സഹകരണാടിസ്ഥാനത്തിലും ഭവനങ്ങൾ നിർമ്മിക്കുന്നതിൽ നാട്ടുകാർക്കു് സാധിക്കുന്ന സഹായം ചെയ്തുകൊടുക്കുന്നു. ഉദാഹരണത്തിനു്, സഹകരണാടിസ്ഥാനത്തിൽ വീടുകൾ കെട്ടുന്നതിനു മൊത്തം ചിലവിൻെറ 60 ശതമാനം വരുന്ന സംഖ്യ 15 വർഷത്തെ കാലാവധിക്കു വായ്പയായനുവദിക്കുന്നു.

ഒട്ടാകെ പുതുക്കിപ്പണിയുക ഉൾപ്പെടെ വീടുകളുടെ പരിപാലനത്തിനുള്ള ചിലവുകളിൽ ഗണ്യമായ

ഭാരം ഗവമെൻ്റു വഹിക്കുന്നു. കുടിയന്മാർ അടയ്ക്കുന്ന വാടക ഈ ചിലവുകളുടെ തുച്ഛമായ ഒരംശമേ വരൂ. അദ്ധ്വാനിക്കുന്ന ജനങ്ങൾ തങ്ങളുടെ വസതികൾക്കു കൊടുക്കുന്ന വാടക അവരുടെ മൊത്തം വരുമാനത്തിൻെറ 4 ഓ 5 ഓ ശതമാനമേ ആവുള്ളൂ.

## പൊതു ഉപഭോഗനിധി

സോഷ്യലിസ്റ്റ് ഭരണസാഹചര്യങ്ങളിൽ ജനങ്ങളുടെ ജീവിതനിലവാരം അവരുടെ വ്യക്തിഗതവരുമാനത്തിൻെറ മാത്രം ഫലമല്ലതന്നെ. ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ നിവൃത്തിക്കുന്നതിനുവേണ്ടി പൊതു ഉപഭോഗനിധിയിൽ നിന്നു ചിലവഴിക്കുന്ന സംഖ്യ പ്രസ്തുത വരുമാനങ്ങളിലേക്കുള്ള കാര്യമായ മുതൽക്കൂട്ടാണ്.

സാമൂഹ്യവും സാംസ്കാരികവുമായ ഇനങ്ങൾക്കുള്ള സോവിയററു സ്റ്റേറ്റ് ബജറ്റ് വിഹിതങ്ങൾ കൊണ്ടാണ് ഈ ഉപഭോഗനിധി മുഖ്യമായും സ്വരൂപിക്കപ്പെടുന്നതു്. ഇന്നു് ഈ നിധിയുടെ 85 ശതമാനം ബജറ്റ് വഹിക്കുന്നു. ബാക്കി സ്റ്റേററു വ്യവസായസ്ഥാപനങ്ങളും കൂട്ടുകൃഷിക്കളങ്ങളും തൊഴിലാളികൾക്കും ഓഫീസ് ജീവനക്കാർക്കും കൃഷിക്കാർക്കുമുള്ള സാംസ്കാരികവും സാമൂഹ്യവുമായ സേവനങ്ങൾക്കായി നീക്കിവെയ്ക്കപ്പെട്ട പണംകൊണ്ടു നികത്തുന്നു.

ഈ നിധിയുടെ സഹായത്തോടെ സോവിയററു സ്റ്റേററ്, ദേശീയ വരുമാനത്തിൽ ജനങ്ങളുടെ ആവശ്യങ്ങളെ നേരിട്ട നിവർത്തിക്കുന്ന ആ അംശത്തിന്റെ കൂട്ടതലായുള്ള വളച്ചക്ക വ്യവസ്ഥചെയ്യുന്നു. സൗജന്യ വൈദ്യസഹായത്തിന്നും, വിദ്യാഭ്യാസത്തിന്നും, പെൻഷനും ഗ്രാൻറും അനുവദിക്കുവാനും, ജനങ്ങളുടെ ജീവത്തായ മററാവശ്യങ്ങൾ നിറവേററുന്നതിന്നും ഈ നിധി ഉപായാഗിക്കപ്പെടുന്നു.

ജനകീയാവശ്യങ്ങൾ നിവർത്തിക്കുന്നതിന്ന് ദേശീയ വരുമാനം ഉപയോഗപ്പെടുത്തുന്നതിൽ ഉപഭോഗനിധി വഹിക്കുന്ന സുപ്രധാനമായ പങ്ക് താഴെ വിവരിക്കുന്ന പട്ടികയിൽനിന്ന് മനസ്സിലാക്കാവുന്നതാണ്:

| കൊല്ലം | സോവിയററു ദേശീയ വരുമാനം (100 കോടി റൂബിളിൽ) | പൊതു ഉപഭോഗ നിധി |
|---|---|---|
| 1958 | 127.7 | 23.8 |
| 1960 | 145.0 | 27.3 |
| 1964 | 181.3 | 36.7 |
| 1965 | 192 6 | 41 5 |

കൂലിയും ശമ്പളവും വാങ്ങുന്നവരുടെ യഥാത്ഥവരുമാനം പൊതു ഉപഭോഗനിധിയുടെ ചിലവിൽ മൂന്നി

ലൊന്നിലധികം വർദ്ധിച്ചു. 1966-70 കാലത്തു് ഈ നിധിയിൽ നിന്നു് 6000 കോടി റൂബിൾ ചിലവഴിക്കപ്പെടുന്നതാണു്.

ഈ നിധികൊണ്ടു സോവിയററു ജനതയ്ക്കുണ്ടാകുന്ന ഉപകാരങ്ങളെ കാണിക്കുന്ന ഒരു ഉദാഹരണമിതാ. ഇവാനോവ് റിജ്യനിൽ 6 ടെക്സ്റൈറൽ മില്ലുകളിൽ പ്രവത്തിക്കുന്ന 746 തൊഴിലാളികളുടെ കുടുംബ ബജററുകൾ പരിശോധിച്ചതിൽ, അവരുടെ വരുമാനത്തിൻെറ ഘടകങ്ങൾ താഴെ പറയും പ്രകാരമാണെന്നു് കാണുകയുണ്ടായി: കൂലിയും ശമ്പളവും 65.8 ശതമാനം, സാമൂഹ്യ ഇൻഷ്വറൻസിൽനിന്നുള്ള രോഗവേതനവും പെൻഷ്യനും 9.3 ശതമാനം; സൗജന്യവൈദ്യസഹായം 3.9 ശതമാനം; കുട്ടികളുടെ വിദ്യാഭ്യാസത്തിന്നും ശിശുപാലനത്തിനും 9.2 ശതമാനം.

സുഖവാസകേന്ദ്രങ്ങൾക്കും കുട്ടികൾക്കായുള്ള സമ്മർ കേമ്പുകൾക്കും വീടുകളുടെ പരിപാലനത്തിന്നും ജനങ്ങൾക്കുള്ള സാംസ്കാരികസേവനങ്ങൾക്കും മററു ആവശ്യങ്ങൾക്കും സ്റ്റേററു് നീക്കിവെക്കുന്ന ഫണ്ടുകൾ ഈ കുടുംബങ്ങളുടെ വരുമാനത്തിൽ ഗണ്യമായ സംഖ്യ കൂട്ടിച്ചേർക്കുന്നു.

സോവിയററു് യൂണിയൻെറ ദേശീയസമ്പദ്ഘടനയുടെ വളച്ച്യോടൊന്നിച്ചു്, ജനങ്ങളുടെ സവ്വതോമുഖമായ വികാസത്തിന്നും അവരുടെ ഭൗതികവും ബൗ

ദ്ധികവുമായ ആവശ്യങ്ങളുടെ പരമാവധി പൂർത്തീകരണത്തിനുമുള്ള വമ്പിച്ച സാദ്ധ്യതകൾ പ്രദർശിപ്പിക്കുന്നു. ജനങ്ങൾക്കുള്ള സാമൂഹ്യവും സാംസ്കാരികവുമായ സേവനങ്ങളുടെ തുറകളിൽ സ്റ്റേറ്റ് ബജറ്റ് വഹിക്കുന്ന മപ്രവൃദ്ധമായ ചിലവ് ഇതു്തെളിയിക്കുന്നു; (പട്ടിക നോക്കുക):

| (100 കോടി റൂബിളിൽ) | 1950 | 1955 | 1965 | 1967 |
|---|---|---|---|---|
| സാമൂഹ്യ–സാംസ്കാരികങ്ങൾക്ക (താഴെ പറയുന്നവ ഉൾപ്പെടെ) മൊത്തച്ചിലവ് | 11.7 | 14.7 | 38.2 | 42 9 |
| ആരോഗ്യസേവനവും കായികാഭ്യാസവും | 2.2 | 3.1 | 6.7 | 7.4 |
| സാമൂഹ്യ ഇൻഷ്വറൻസും സുരക്ഷിതത്വവും | 3.8 | 4.7 | 14.1 | 15.9 |
| വിദ്യാഭ്യാസവും ശാസ്ത്രവും സംസ്കാരവും | 5.7 | 6 9 | 17.5 | 19.6 |

ദേശീയ വരുമാനത്തിൻെറ ഒരംശം പൊതു ഉപഭോഗനിധിയിൽ സ്വരൂപിക്കുക വഴി ജനങ്ങൾക്ക് സാർവ്വത്രികവും സൗജന്യവും സമുചിതവുമായ വൈദ്യസഹായം നൽകുവാനും സമുദായത്തിലെ സ

മന്ത്രാംഗങ്ങളുടെയും താല്പര്യങ്ങൾക്കനുഗുണമായുള്ള ഒരു പൊതു വിദ്യാഭ്യാസസമ്പ്രദായം വികസിപ്പിക്കുവാനും സാധിക്കുന്നു.

ദേശവ്യാപകമായും സർക്കാർ ചിലവിലും സംഘടിപ്പിക്കപ്പെട്ട ആരോഗ്യ-വിദ്യാഭ്യാസ സമ്പ്രദായങ്ങൾ സോവിയററ് ജനതക്ക് ഉന്നതനിലവാരത്തിലുള്ള സേവനത്തിനുറപ്പുവരുത്തുന്നു. മാനുഷിക പ്രതിഭയുടെയും സംസ്കാരത്തിൻേറയും മഹത്തായ നേട്ടങ്ങളെ സ്വാർത്ഥപരവും സ്വകാര്യപരവുമായ താല്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുക എന്ന സംഭാവ്യത അവ ഇല്ലാതാക്കുകയും ചെയ്യുന്നു.

1966-ൽ 40 ലക്ഷത്തിൽപരം ഡോക്ടർമാരും വൈദ്യരംഗത്തെ മററു പ്രവൃത്തിക്കാരും 60 ലക്ഷം അദ്ധ്യാപകരും വിദ്യാഭ്യാസരംഗത്തെ മററു പ്രവൃത്തിക്കാരും പൊതു ഉപഭോഗനിധിയിൽ നിന്നു്, അതായതു് മുഖ്യമായും സോവിയററ് സ്റ്റേററു ബജററിൽ നിന്നു് തങ്ങളുടെശമ്പളം പററി. 5 കോടി കുട്ടികൾ പഠിക്കുന്ന പൊതു വിദ്യാലയങ്ങളുടേയും 80 ലക്ഷം വിദ്യാർത്ഥികളുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും ചിലവുകൾ നിർവ്വഹിക്കുന്നതു് ഈ നിധിയിൽനിന്നാണ്. ഈ നിധിയിൽനിന്നുതന്നെ 320 ലക്ഷത്തിലധികമാളുകൾ പെൻഷൻ വാങ്ങുന്നുമുണ്ട്.

സാമൂഹ്യവും സാംസ്കാരികവുമായ നടപടികൾക്കായുള്ള ധനവ്യയങ്ങൾ സോവിയററ് സ്റ്റേററ് ബജ-

ററിന്റെ ഏററവും വലിയ ചിലവിനങ്ങളിൽ പെടുന്നു. കഴിഞ്ഞ പത്താണ്ടുകാലത്തു് മാത്രം ഈ ചിലവിനങ്ങൾ 2.3 ഇരട്ടികണ്ടു വർദ്ധിക്കുകയും മൊത്തം ബജററിന്റെ 40 ശതമാനത്തോളം വരുകയും ചെയ്തു. 1955-ൽ അതു് 27.3 ശതമാനമായിരുന്നു. എന്നുവെച്ചാൽ സാമൂഹ്യവും സാംസ്കാരികവുമായ ഇനങ്ങൾക്കുള്ള ചിലവു് മറെറല്ലാ ബജറ്റ്‌വിഹിതങ്ങളേക്കാൾ സത്വരമായി വളന്നുവെന്നർത്ഥം.

## ജനങ്ങളുടെ ആരോഗ്യകാര്യത്തിലുള്ള വ്യഗ്രത

സോവിയററു് നാടിന്നു് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തെസ്സംബന്ധിച്ചേടത്തോളം ശാഖോപശാഖകളായുള്ള ഒരു സംഘടനാ വ്യവസ്ഥയുണ്ടു്. വൈദ്യശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും ഏററവും ആധുനികമായ സിദ്ധികളെ ഉപയോഗപ്പെടുത്തുക എന്നുള്ളതിന്മേൽ അടിയുറപ്പിക്കപ്പെട്ട ഒരു വ്യവസ്ഥയാണതു്. അതിന്നുവേണ്ടി സ്റ്റേററു് നിർല്ലോഭമായി ധനവ്യയം ചെയ്യുകയും ചെയ്യുന്നു.

വൈദ്യസ്ഥാപനങ്ങൾ അവയുടെ വ്യാപാരം ഉത്തരധ്രുവം തൊട്ടു് തെക്കേ അററത്തെ പർവ്വതനിരകൾ വരെ സോവിയററു് യൂണിയന്റെ വിദൂരദിഗന്തങ്ങളിലേക്കു് വ്യാപിപ്പിച്ചിരിക്കുന്നു.

1967–ലെ ബജററ്റ് 24 ലക്ഷം ബെഡ്ഡുകളോട്ടുകൂടിയ ആസ്പത്രികൾക്ക് പണം നീക്കിവെച്ചിരിക്കുന്നു. ഇതു് 1955 ലെക്കാൾ 10 ലക്ഷം ബെഡ്ഡുകൾ ജാസ്തിയാണു്.

ആസ്പത്രികളിലും ഔട്ട് പേഷ്യൻറ് ക്ലിനിക്കുകളിലും മററു വൈദ്യസ്ഥാപനങ്ങളിലുമായി 600 ഓളം ഡോക്ടർമാർ പ്രവത്തിക്കുന്നു. ഡോക്ടർമാരുടെ അസിസ്റ്റണ്ടുകളും നർസുമാരും മററു പ്രവത്തിക്കാരുമായി ധാരാളം പേർ വേറെയുമുണ്ടു്. . ഡോക്ടർമാരുടെ സംഖ്യയിൽ സോവിയററ് യൂണിയൻ ലോകത്തു് ഒന്നാം സ്ഥാനമലങ്കരിക്കുന്നു. 1965–ൽ പതിനായിരം ജനങ്ങൾക്ക് ഇത്ര ഡോക്ടർമാർ എന്നഅടിസ്ഥാനത്തിൽ കണക്കാക്കിയാൽ; സോവിയററു യൂണിയനിൽ 23 9; പശ്ചിമജമ്മനിയിൽ 19.4; അമേരിക്കയിൽ 18.4; ഫ്രാൻസിൽ 15.4; ബ്രിട്ടനിൽ 14.7.

ചികിത്സാലയങ്ങളും ഉല്പാദനശാലകളും തമ്മിലുള്ള അടുത്തബന്ധം സോവിയററ് ആരോഗ്യസംരക്ഷസമ്പ്രദായത്തിൻെറ സുപ്രധാനമായ മേന്മയാണു് ഫാക്ടറികളിലും പ്ലാൻറുകളിലും, സ്റ്റേററ് ഫാമുകളിലും, കലക്ടീവ് ഫാമുകളിലും, ഡോക്ടർമാർ തൊഴിലാളികൾക്കും ജീവനക്കാർക്കും വൈദ്യസഹായം നൽകുക മാത്രമല്ല ചെയ്യാറുള്ളതു്. അവർ പണിയെടുക്കുന്ന ജനങ്ങളുടെ തൊഴിൽ-ജീവിത സാഹചര്യങ്ങൾ പരിശോധിക്കുകകൂടി ചെയ്യുന്നു;- മാനേജ്മെൻറിനെക്കൊ

ണ്ടു് തൊഴിലാളിസംരക്ഷണത്തിന്നും തൊഴിലിന്നു് ഏറ്റവും പറ്റിയ സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും എടുപ്പിക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന്നു്. പാവലോവോ — പൊസാദ് വർസ്റ്റെഡു് ഫാക്ടറി എടുത്തോളൂ. അവിടെ 5300 തൊഴിലാളികളുണ്ടു്. അതിനു് ഒരു ഔട്ട്പേഷ്യന്റ് ക്ലിനിക്കുണ്ടു്; ശസ്ത്രക്രിയ, എക്സ്റേ മുതലായ വകുപ്പുകളുമുണ്ടു്. അവയിലെല്ലാം കൂടി 75 ലധികം വൈദ്യപ്രവർത്തകരുണ്ടു്.

വ്യവസായസ്ഥാപനങ്ങളിലെ വൈദ്യസഹായ കേന്ദ്രങ്ങൾക്കു് പുറമെ, ജനങ്ങൾ പാർക്കുന്ന പ്രദേശങ്ങളിൽ ചെന്നു് വൈദ്യസഹായം നൽകുന്നതിന്നു് ശാഖോപശാഖകളായി പരന്നു പടന്നു് കിടക്കുന്ന ചികിത്സാസ്ഥാപനങ്ങളുടെ ഒരു വലക്കെട്ടുണ്ടു്. ക്ഷയം, അർബ്ബുദം, നേത്രരോഗം, ത്വക്ക്‌രോഗം മുതലായവക്കു് പ്രത്യേക ചികിത്സനൽകുന്ന വൈദ്യസഹായകേന്ദ്രങ്ങളും ആസ്പത്രികളും സോവിയററുയൂണിയനിൽ വ്യാപകമായതോതിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ജില്ലാ ഔട്ട്പേഷ്യൻറു് ആസ്പത്രികളിൽ നിന്നു് ഡോക്ടർമാർ ഭവനങ്ങളിൽ ചെന്നു് ചികിത്സിക്കുകയും മോട്ടോർ-വിമാനആംബുലൻസുകൾ മുഖേന വൈദ്യസഹായം നല്കുകയും ചെയ്യുന്ന സമ്പ്രദായം സുവ്യവസ്ഥിതമാണു്.

വൈദ്യസ്ഥാപനങ്ങൾക്കു് ധനവ്യയം ചെയ്യുന്നതു് മുഖ്യമായും സ്റ്റേററു് ബജററിൽനിന്നുതന്നെ നേർ

ത്തെപറഞ്ഞുവല്ലോ. എന്നാൽ, വ്യവസായസ്ഥാപനങ്ങളും കൂട്ടകൃഷികളെങ്ങളും പ്രധാനമായും അവകളിൽ വേണ്ട വൈദ്യസഹായത്തിന്നുള്ള ചിലവുകളിൽ കുറച്ചൊക്കെ സ്വയം വഹിക്കുന്നുണ്ടു്.

സോവിയററു് ആരോഗ്യസേവനം ചികിത്സയേയും രോഗനിവാരണത്തെയും കൂട്ടിയിണക്കുന്നു. വൈദ്യസ്ഥാപനങ്ങളുടെ ചുമതല രോഗങ്ങൾക്കു് ചികിത്സിക്കുക. മാത്രമല്ല, രോഗത്തിലേക്കു് നയിക്കുന്ന കാരണങ്ങളെ കണ്ടുപിടിക്കുകകൂടിയുണ്ടു്. ഈ കാരണങ്ങളെ നിർമ്മൂലനം ചെയ്യുന്നതിന്നു് അവ ഗവണ്മെണ്ടുമായും ട്രേഡ്യൂണിയനുമായും മററുസംഘടനകളുമായും സഹകരിച്ച് പ്രവൃത്തിക്കുന്നു. കിടത്തി ചികിത്സിക്കുന്ന വൈദ്യസ്ഥാപനങ്ങളെയും മരുന്നു കൊടുത്തു് വിടുന്ന സ്ഥാപനങ്ങളെയും ഏതാനും വഷം മുമ്പു് കൂട്ടിയിണക്കുകയുണ്ടായി... ഈ സമ്പ്രദായം ഔട്ട്പേഷ്യൻറ് ആസ്പത്രിയിലെ ഡോക്ടർക്കു് തൻെറ രോഗിയെ വീട്ടിലും പോളിക്ലീനിക്കിലും ആസ്പത്രിയിലും ചെന്നു് നിരീക്ഷിക്കുക സാദ്ധ്യമാക്കിത്തീർത്തു.

## സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണം

ഗർഭിണികളുടെയും മുലകൊടുക്കുന്ന അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിന്നു് സോവിയററുയൂണിയനിൽ വമ്പിച്ച പ്രാധാന്യം കല്പിക്ക

പ്പെടുന്നു. സ്ത്രീകൾക്ക് സർക്കാർ ചിലവിൽ 112 ദിവസത്തെ പ്രസവകാലലീവ് ലഭിക്കുന്നു; അതിന്നു് പുറമെ, ശിശുവിനെ പരിപാലിക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങാൻ ഒരു സഹായധനവും ലഭിക്കുന്നു. വൻകുടുംബങ്ങളുടെ അമ്മമാർക്കും അവിവാഹിത മാതാക്കൾക്കും സർക്കാരിൽ നിന്നു് ക്രമമായ സഹായധനം കിട്ടുന്നു.

അമ്മമാക്കുള്ള സഹായധനമായും കുട്ടികളുടെ പരിപാലനത്തിന്നും സർക്കാർ ചിലവാക്കുന്ന സംഖ്യ. (10 ലക്ഷം റൂബിളുകളിൽ)

| | 1940 | 1965 |
|---|---|---|
| മൊത്തം ചിലവ് (താഴെപറയുന്ന ഇനങ്ങളുൾപ്പെടെ | 601.9 | 4,233.2 |
| വൻകുടുംബങ്ങളുള്ള അമ്മമാർക്കും അവിവാഹിതമാതാക്കൾക്കുമുള്ള സഹായധനം | 122.9 | 461.6 |
| വേതനത്തോടുകൂടിയ പ്രസവകാലാവധിയും ശിശുപരിപാലനത്തിന്നു് വേണ്ട സാധനങ്ങൾ വാങ്ങാനുള്ള സഹായധനവും | 55.8 | 616.1 |
| ശിശുഭവനങ്ങളിലും ബാലവാടികളിലും ക്രിഷുകളിലും ക്യാമ്പുകളിലും വിദ്യാലയേതര സ്ഥാപനങ്ങളിലും ശിശുപരിപാലനച്ചിലവ് | 423.2 | 3,155.5 |

മാതൃത്വം സോവിയററുയൂണിയനിൽ ഒരു ബഹുമതിയാണു്. അതിന്നു് കീർത്തിമുദ്രകളും പട്ടങ്ങളും നൽകപ്പെടുന്നു. 88,000 സ്ത്രീകൾക്കു് "വീരമാതാ" പട്ടം നൽകപ്പെട്ടു; 90 ലക്ഷത്തിലധികം സ്ത്രീകൾക്കു് "മാതൃശ്രീ"യും "മാതൃത്വമെഡലും" സമ്മാനിക്കപ്പെട്ടു.

പ്രസവാസ്പത്രികളും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഔട്ട്പേഷ്യൻറു് ക്ലീനിക്കുകളും ശാഖോപശാഖകളായി പടർന്നു് പന്തലിച്ചുകിടക്കുന്നു. അതിന്റെ ചിലവ് സ്റ്റേററ്ബജററു വഹിക്കുന്നു. 1965-ൽ പ്രസവാസ്പത്രികളിലും വാർഡുകളിലും 418,000 കിടക്കകളുണ്ടായിരുന്നു. വിപ്ലവത്തിന്നു് മുമ്പത്തെ റഷ്യയിലാകട്ടെ 7500 കിടക്കകൾ മാത്രമാണുണ്ടായിരുന്നതു്.

പ്രി സ്കൂൾ സ്ഥാപനങ്ങളിലും സ്കൂളുകളിലും കുട്ടികൾ ഡോക്ടർമാരുടെ നിരന്തരനിരീക്ഷണത്തിലാണു്. 1967-ൽ 90 ലക്ഷത്തിലധികം കുട്ടികൾ ബാലവാടികളിലും ക്രിഷുകളിലുമുണ്ടു്. ഈ സംഖ്യ 1950-ലേതിൻെറ 8 ഇരട്ടിയാണു്. ലക്ഷക്കണക്കിൽ കുട്ടികൾ ഗ്രീഷ്മകാലമന്ദിരങ്ങളിലും സുഖവാസകേന്ദ്രങ്ങളിലും തങ്ങളുടെ അദ്ധ്യയനകാലം കഴിച്ചുകൂട്ടുന്നു.

സൗജന്യവൈദ്യസഹായവും ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ സ്റ്റേററിനുള്ള വ്യഗ്രതയും സോവിയററുയൂണിയനിൽ നിത്യസമ്പ്രദായമായിട്ടു് കാലമേറെയായി.

മോസ്കോവിലെ കീവ് ജില്ലയിൽ 50-ാം ന
മ്പർ കുട്ടികളുടെ ക്ലീനിക്കിന്റെ മുഖ്യ ഭിഷക് എം.
ഷ്വറാവാ ഒരു മെഡിക്കൽ ജൎണ്ണലിൽ ഇങ്ങിനെ എഴു
തുകയുണ്ടായി:

"ആരോഗ്യസേവനത്തിനുള്ള സ്റ്റേറ്റുവ്യവസ്ഥി
തിയെയും കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുള്ള
ബജററ്വിഹിതങ്ങളെയും ഉപയോഗപ്പെടുത്തിക്കൊ
ണ്ട്, ഓരോ കുട്ടിക്കും ഓരോ ചികിത്സക്കും എത്ര ചില
വാക്കണമെന്നാലോചിച്ച് ഞാൻ ഒരിക്കലും എന്റെ
സമയം പാഴാക്കിയിട്ടില്ല. എന്റെ അഭിരുചി ഉണ
ത്തപ്പെട്ടു. ഞാൻ വസ്തുശേഖരങ്ങളിലേക്ക് നോക്കു
വാനും കണക്ക് കൂട്ടുവാനും തുടങ്ങി."

ആന്ദ്രീ വറോബ്യോവ് പ്രസ്തുത ക്ലീനിക്കിലെ
ഒരു പതിവുകാരനാണ്. ഈ കുട്ടിയുടെ ആദ്യത്തെ 5
വഷങ്ങളിൽ 14 ഡോക്ടർമാരും 18 നർസുമാരും അവ
നെ ശുശ്രൂഷിക്കുകയുണ്ടായി. അതായതു്, ഈ ശിശു
വിന്റെ സാധാരണഗതിയിലുള്ള വളച്ചക്ക് 32 വൈ
ദ്യപ്രവത്തകർ തങ്ങളുടെ പരിജ്ഞാനവും പരിചയ
വും പ്രയോഗിക്കുകയും തങ്ങളുടെ യത്നങ്ങൾ നിക്ഷേ
പിക്കുകയും ചെയ്തുവെന്നർത്ഥം.

ഒരു ഏകദേശകണക്ക് അനുസരിച്ച്, ഈ അ
ഞ്ച് വഷങ്ങളിൽ മാത്രം, ഈ കുട്ടിയുടെ ആരോഗ്യ
സംരക്ഷണത്തിനും ചികിത്സക്കുമായി ആകെ 254 റൂ

ബിൽ സ്റ്റോററ് ചിലവാക്കി; ഒരു വഷം 50 റൂബിൾ വീതം. ക്ലീനിക്കിൻെറയും ബാലവാടിയുടെയും മററും നിമ്മാണ-സജ്ജീകരണച്ചിലവുകൾ ഇതിലുൾപ്പെടുക യില്ല. അന്ദ്രീവറോബ്യോവിനെപോലുള്ള ദശലക്ഷ ക്കണക്കിൽ കുട്ടികൾ സോവിയററുയൂണിയനിലുണ്ട്.

സോവിയററ് ആരോഗ്യവകുപ്പുനേടിയ നേട്ട ങ്ങൾ സോവിയററുജനതയുടെ ആരോഗ്യത്തെയും അവ രുടെ പ്രവൃത്തിശേഷിയെയും ആയുർദൈർഘ്യത്തെയും സഹായിക്കുന്നു. അവയുടെ ഫലമായി രോഗനിരക്കും മരണനിരക്കും തുലോം കുറഞ്ഞിരിക്കുന്നു. സോവിയ ററുയൂണിയനിലെ മരണനിരക്ക് വിപ്ലവത്തിനുമുമ്പ ത്തെ സ്ഥിതിയെ അപേക്ഷിച്ച് കാൽഭാഗമായിച്ചുരു ങ്ങുകയും ലോകത്തിൽവെച്ച് ഏററവും താഴ്ന്നനിര ക്കിൽ ഉൾപ്പെടുകയും ചെയ്യുന്നു.

പുതിയ പഞ്ചവത്സരപദ്ധതി ജനങ്ങൾക്കുള്ള വൈദ്യസഹായം ഇനിയും വിപുലീകരിക്കുന്നതിന്ന് വ്യവസ്ഥചെയ്തിരിക്കുന്നു. ധാരാളം പുതിയ ആസ്പത്രി കളും ഔട്ട്പേഷ്യൻറുക്ലീനിക്കുകളും സുഖവാസകേന്ദ്ര ങ്ങളും കുട്ടികൾക്കുള്ള ശിബിരങ്ങളും സ്പോർട്സ് സൗ കര്യങ്ങളും നിമ്മിക്കപ്പെടും. ഔഷധങ്ങളുടെയും ചി കിത്സോപകരണങ്ങളുടെയും സാമഗ്രികളുടെയും ഉല്പാദ നം വിപുലീകരിക്കപ്പെടും. രോഗനിരോധനം ഊർ ജ്ജിതപ്പെടുത്തുവാനും, കുട്ടികളുടെ ആരോഗ്യം വളർത്തു വാനും, കായികാഭ്യാസവും സ്പോർട്സും വികസിപ്പി

കവാനും, പരിസരം-വായുവും വെള്ളവും-ശുചീകര ിക്കവാനും, സോവിയററു് ജനതയുടെ തൊഴിൽ-ജീവി തസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ടു്.

## സാമൂഹ്യഇൻഷ്വറൻസും പെൻഷ്യനും

സ്റ്റേററുസാമൂഹ്യഇൻഷ്വറൻസും സംരക്ഷണവും സോവിയററുജനതയുടെ ഭൗതികസുരക്ഷിതത്വവ്യവ സ്ഥിതിയിൽ സുപ്രധാനമായ ഒരു പങ്കു് വഹിക്കുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു് രോഗവും അംഗവൈക ല്യവും വാർദ്ധക്യവും മററുമായ കാരണങ്ങളാൽ താ ല്ക്കാലികമോ ശാശ്വതമോ ആയ അവശത വന്നുഭവി ക്കുമ്പോൾ, ധനസഹായം നൽകുകയാണു് അതു്കൊ ണ്ടു് പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

താല്ക്കാലികമോ സ്ഥിരമോ ആയ അവശതക്കു് പാത്രമാകുന്ന ജീവനക്കാർക്കും അന്നദാതാക്കൾ നഷ്ട പ്പെടുന്ന കുടുംബങ്ങൾക്കും സോഷ്യൽ ഇൻഷ്വറൻസ് സഹായം നൽകുന്നു. പട്ടാളക്കാർക്കും അവരുടെ കു ടുംബങ്ങൾക്കും ജന്മനാ അംഗവൈകല്യമുള്ളവർക്കും ശാസ്ത്രകാരർക്കും വിദ്യാർത്ഥികൾക്കും മററുചില വിഭാഗ ങ്ങൾക്കും പെൻഷ്യൻ നൽകുന്നതും സാമൂഹ്യസംരക്ഷ ണനിധിയിൽനിന്നാണു്.

താഴെപ്പറയുന്ന തത്വങ്ങളെ ആസ്പദമാക്കിയുള്ള താണ് ജീവനക്കാരുടെ സോഷ്യൽ ഇൻഷൂറൻസ്;

സോവിയററുയൂണിയനിൽ സോഷ്യൽ ഇൻഷൂറൻസ് മുഴുവനും സർക്കാർ ചിലവിലാണ്;

പ്രവൃത്തിസ്ഥലമോ വേതനസമ്പ്രദായമോ ലിംഗ വ്യത്യാസമോ ദേശീയതയോ പരിഗണിക്കാതെ സ്ഥി രമോ കാലികമോ താല്ക്കാലികമോ ആയ ജോലിയെടു ക്കുന്ന എല്ലാ ജീവനക്കാർക്കും ഇൻഷൂറൻസ് ബാധക മാണ്;

രോഗം, അംഗവൈകല്യം, വാർദ്ധക്യം മുതലായ കാരണങ്ങളിൽ അവശരായിത്തീരുന്ന എല്ലാ ജീവന ക്കാർക്കും, ഗർഭകാലത്തും പ്രസവകാലത്തും സ്ത്രീകൾ ക്കും സഹായം നൽകപ്പെടുന്നു. ഇൻഷൂർ ചെയ്യപ്പെട്ട ആളുകളുടെ കുടുംബങ്ങൾ സാമൂഹ്യസംരക്ഷണത്തിനും വിധേയരാണ്;

ഇൻഷൂറൻസിൽ ഉയന്ന ഒരു സംരക്ഷണനില വാരം സ്വീകരിക്കപ്പെടുന്നു; ചെയ്യുന്ന പ്രവൃത്തിക്കനു സരിച്ച് പ്രതിഫലം എന്ന സോഷ്യലിസ്റ്റുപ്രമാണ ത്തിന്ന് അനുസാരമായിരിക്കും അതിന്റെ പരിമാണം; പല സന്ദർഭങ്ങളിലും സഹായധനമോ പെൻഷ്യനോ പററുന്നതിന്നു മുമ്പ് ആ ആൾക്ക് കിട്ടിയ മുഴുവൻ വ രുമാനത്തോളമെത്തും;

സോഷ്യൽ ഇൻഷ്വറൻസിൻെറ ദേശവ്യാപകമായ വിധാനം, സൗജന്യവൈദ്യസഹായത്തെ അടിസ്ഥാനമാക്കി സർക്കാർ ചിലവിൽ നടത്തപ്പെടുന്ന ആരോഗ്യസംരക്ഷണനടപടികളുടെ വ്യാപകമായ വ്യവസ്ഥിതിയോടൊപ്പം പ്രവർത്തിക്കുന്നു;

ഇൻഷ്വറൻസ് വ്യാപകമായ ഒരു ജനാധിപത്യാടിസ്ഥാനത്തിൽ നിയന്ത്രിക്കപ്പെടുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങൾ നൽകുന്ന അദ്ധ്വാനത്തിനനുസരിച്ച് അവരുടെ ആവശ്യങ്ങളെ നേരിട്ട് നിവർത്തിക്കുന്ന ദേശീയവരുമാനവിഹിതത്തെ സോഷ്യൽ ഇൻഷ്വറൻസ് സമ്പ്രദായം വിപുലീകരിക്കുന്നു. സാമൂഹ്യരക്ഷാനിധിയിൽനിന്നു് തൊഴിലാളികൾക്കും ഓഫീസ് ജീവനക്കാർക്കും ലഭിക്കുന്ന ഗ്രാൻറും വേതനങ്ങളും അവരുടെ വരുമാനത്തിൻെറ ഭദ്രതവർദ്ധിപ്പിക്കുകയും വരുമാനത്തിലേക്കു് മുതൽ കൂട്ടുകയും ചെയ്യുന്നു.

വ്യവസായസ്ഥാപനങ്ങളും സംഘടനകളും അടക്കുന്നവരികളും ബജററിൽ നേരിട്ടുവകയിരുത്തുന്ന തുകകളും ചേർത്താണു് സോവിയററുയൂണിയനിൽ സാമൂഹ്യ ഇൻഷ്വറൻസ് നിധി സ്വരൂപിക്കപ്പെടുന്നതു്. സാമൂഹ്യസംരക്ഷണത്തിനുള്ള മുഴുവൻ ചിലവും സ്റ്റേററുബജററു് വഹിക്കുന്നു.

കൃഷിക്കാരുടെ സാമൂഹ്യസംരക്ഷണത്തിന്നുള്ള അടങ്കലുകളിൽ ഗണ്യമായ അംശം കൂട്ടകൃഷിക്കളങ്ങളുടെ വകയാണ്. പക്ഷെ, ജനങ്ങൾ—തൊഴിലാളികളും ഓഫീസ്ജീവനക്കാരും കൃഷിക്കാരും—സോഷ്യൽ ഇൻഷൂറൻസ് നിധിയുടെ രൂപീകരണത്തിൽ ഭാഗഭാക്കുകളാകുന്നില്ലെന്ന വസ്തുത എടുത്തുപറയേണ്ടതുണ്ട്. അവർ തങ്ങളുടെ വരുമാനത്തിൽ നിന്നു് ഈ നിധിയിലേക്ക് ഒന്നും അടക്കുന്നില്ലതന്നെ.

സോവിയററ് ദേശീയവരുമാനത്തിൻെറ വളച്ച് സാമൂഹ്യ ഇൻഷൂറൻസ്-സംരക്ഷണ വ്യവസ്ഥയുടെ നിരന്തരമായ അഭിവൃദ്ധിക്കും പെൻഷനുകളുടെയും ഗ്രാൻറുകളുടെയും തോതിൻെറ വർദ്ധനക്കും പെൻഷൻ പററുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങളുടെ ലബ്ധിക്കും അവസരം നൽകുന്നു.

## സാമൂഹ്യഇൻഷൂറൻസ് ബജററ്

സാമൂഹ്യ ഇൻഷൂറൻസ് നിധികൊണ്ടാണ് സ്റ്റേററ് സോഷ്യൽ ഇൻഷൂറൻസിൻെറ ബജററുണ്ടാക്കുന്നതു്. അഖിലയൂണിയൻ ട്രേഡ്യൂണിയൻ സെൻട്രൽ കൗൺസിലും ട്രേഡ്യൂണിയനുകളുടെ സെൻട്രൽക്കമ്മിററിയും തദ്ദേശട്രേഡ്യൂണിയൻ സംഘടനകളും സ്റ്റേററ് സോഷ്യൽ ഇൻഷൂറൻസിനെ നിയന്ത്രിക്കുകയും കൈകാര്യംചെയ്യുകയും ചെയ്യുന്നു. ഫാക്ടറിയിലും

പ്ലാൻറിലും ഷോപ്പിലും ട്രേഡ്‌യൂണിയൻ കമ്മിറ്റികൾക്കുകീഴിൽ സ്ഥാപിക്കപ്പെട്ടുന്ന സോഷ്യൽ ഇൻഷ്വറൻസ് കമ്മീഷൻെറയും പെൻഷൻകമ്മീഷൻെറയും അംഗങ്ങൾ പ്രസ്തുതപ്രവത്തനത്തിൽ പങ്കെടുക്കുന്നു.

റഷ്യൻ ഫെഡറേഷനിൽമാത്രം സ്റ്റേററ് സോഷ്യൽ സെക്യൂരിട്ടി ആഫീസുകളുമായി ബന്ധപ്പെട്ട 2000ത്തോളം പൊതുസമിതികളുണ്ട്. അവയുടെ 30,000 സ്വയം സന്നദ്ധാംഗങ്ങൾ പെൻഷൻപററുന്നവരുടെ ആവശ്യങ്ങൾ നിവൃത്തിക്കുന്നതിനു് ധാരാളം കാര്യങ്ങൾ ചെയ്യുന്നു.

70,000-ത്തിലേറെ പ്രവത്തകർ വേറെയുണ്ട്. പെൻഷനുള്ള ഹരജികൾ സ്വീകരിക്കുക, ആവശ്യമുള്ള രേഖകൾ കണ്ടുപിടിക്കുവാൻ സഹായിക്കുക, പെൻഷൻ പററുന്നവക്കു് ഉപദേശനിർദ്ദേശങ്ങൾ കൊടുക്കുക, അവരുടെ ധനസ്ഥിതിയെയും പാപ്പിടസൗകര്യങ്ങളെയും പററി അന്വേഷണംനടത്തുക എന്നിവപോലുള്ള പ്രവത്തനങ്ങളിൽ വ്യാപൃതരാണവർ. ഇൻഷ്വറൻസ് പ്രവത്തനങ്ങളിൽ ഈ പ്രവത്തകരുടെ ഭാഗഭാഗിത്വം അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു് കൂടുതൽ നല്ല സേവനം ലഭ്യമാക്കുകയും നിധിയുടെ ചിലവിന്മേൽ വ്യാപകമായ പൊതുജനനിയന്ത്രണത്തിന്നു് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ട്രേഡ്‌യൂണിയൻ ഘടകങ്ങൾ സോഷ്യൽ ഇൻഷ്വറൻസിന്നുള്ള അടങ്കലുകൾ തയ്യാറാക്കുകയും അംഗീക

രിക്കുകയും, നിശ്ചിതചിലവിനങ്ങൾ നിർണ്ണയിക്കുകയും, ആവശ്യമായ തുക പാസ്സാക്കുകയും ചെയ്യുന്നു. ട്രേഡ് യൂണിയനുകൾ പെൻഷ്യൻനിശ്ചയിക്കുന്നതിൽ പങ്കെടുക്കുകയും സോഷ്യൽ ഇൻഷൂറൻസ് ബജററ് നിധിയിൽനിന്നുള്ള ചിലവു പരിശോധിക്കുകയും ചെയ്യുന്നു.

സ്റ്റേററുസോഷ്യൽഇൻഷൂറൻസ് ബജററ് സോവിയററ് സ്റ്റേററ് ബജററിൻെറ അവിഭാജ്യഭാഗമാണ്. 1967 ലേക്ക് സോഷ്യൽ ഇൻഷൂറൻസ് ബജററിൽ 1200 കോടി റൂബിൾ വകയിരുത്തപ്പെട്ടിട്ടുണ്ട്. 1955-ലേതിൻെറ 4 ഇരട്ടി അധികമാണിതു്.

ഈ ബജററിൻെറ വളർച്ച കൂലിയും ശമ്പളവും വാങ്ങുന്നവരുടെ വർദ്ധമാനമായ സംഖ്യയുമായി മാത്രമല്ല, സുപ്രധാനമായ ഒരു പരിധിവരെ അവരുടെ ഉയർന്നുകൊണ്ടിരിക്കുന്ന ജീവിതനിലവാരവുമായും ബന്ധപ്പെട്ടതാണ്. അങ്ങിനെ, ഓരോ വ്യവസായതൊഴിലാളിക്കും ഓഫീസ് ജീവനക്കാരനും സാമൂഹ്യസുരക്ഷിതത്വത്തിന്നു് വേണ്ടിയുള്ള സ്റ്റേററിൻെറ ചിലവ് ആ കാലഘട്ടത്തിൽ ഇരട്ടിയിലധികമായിട്ടുണ്ട്.

പെൻഷ്യനും രോഗകാലവേതനവും പ്രസവകാലസഹായവും സുഖവാസകേന്ദ്രങ്ങളിലെ ചിലവുമാണു് സോഷ്യൽ ഇൻഷൂറൻസ് ബജററിലെ മുഖ്യ ചിലവിനങ്ങൾ. താഴെകൊടുക്കുന്ന പട്ടിക 1965-ലെ സോഷ്യൽ ഇൻഷൂറൻസ് ബജററിലെ ചിലവിനങ്ങൾ കാണിക്കുന്നു:

| | (100 കോടി റുബ്ളിൽ) |
|---|---|
| ആകെ ചിലവ് | 10.4 |
| രോഗകാലവേതനം | 1.9 |
| പ്രസവകാലസഹായം | 0.6 |
| പെൻഷ്യൻ | 7.4 |
| സുഖവാസകേന്ദ്രങ്ങൾ | 0.3 |

താല്ക്കാലികാവശതകൊണ്ടുള്ള അസുഖം, സുഖവാസകേന്ദ്രത്തിലെ ചികിത്സക്കുവേണ്ടിയുള്ള ലീവ്, രോഗബാധിതനായ കുടുംബാംഗത്തെ ശുശ്രൂഷിക്കേണ്ടിവരിക, ജീവനക്കാരൻെറയോ അവൻെറ കുടുംബത്തിൻെറയോ ആരോഗ്യസംരക്ഷണത്തെ മുന്നിർത്തി ചെയ്യേണ്ടിവരുന്ന മററനേകം കാര്യങ്ങൾ—ഇവക്കൊക്കെയാണ് രോഗകാലവേതനം നൽകുക.

താല്ക്കാലികാവശതകൾക്കു നല്കപ്പെടുന്ന രോഗകാലവേതനത്തിൻെറ തോതു് ബന്ധപ്പെട്ട ജീവനക്കാരൻെറ സർവ്വീസ്കാലത്തെയും ശമ്പളത്തെയും ആശ്രയിച്ചിരിക്കും. അവശതക്കുള്ള കാരണവും കണക്കിലെടുക്കുന്നതാണു്.

ഉദാഹരണത്തിന്നു് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു രോഗ (trauma) മാണെന്നു വെക്കുക–എങ്കിൽ സർവ്വീസ്കാലം നേക്കാതെ ശമ്പളത്തിൻെറ 100 ശതമാ

നം രോഗകാലവേതനം നല്ലന്നതാണു്. സാധാരണഗതിയിൽ 12 കൊല്ലത്തെ തുടച്ച്യായ സർവ്വീസുള്ള ഒരു ജീവനക്കാരന്നു് അയാളുടെ വരുമാനത്തിന്റെ 90 ശതമാനവും 5 മുതൽ 12 വരെ കൊല്ലം സവ്വീസുള്ളവക്കു് 70-80 ശതമാനവും 3 കൊല്ലത്തിൽ താഴെ സർവ്വീസുള്ള ആൾക്കു 50 ശതമാനവുമാണു് സിക്കവേതനം.

## '320ലക്ഷം പെൻഷ്യനർമാർ

സ്റ്റേററു സോഷ്യൽ ഇൻഷുറൻസ് മുഖേനയുള്ള പെൻഷ്യൻ എല്ലാ ജീവനക്കാക്കും അവരുടെ കുടുംബങ്ങൾക്കും ബാധകമാണു്.

സാമൂഹ്യ ഇൻഷുറൻസ് നിധിയിൽനിന്നുള്ള പെൻഷൻ ഓഫീസു് - വ്യവസായതൊഴിലാളികൾക്കു് വാദ്ധക്യകാലത്തും അവശതാവസ്ഥയിലും, ചില വിഭാഗം സ്പെഷ്യലിസ്റ്റുകൾക്കു് ഒരു നിശ്ചിതകാലത്തെ സവ്വീസിന്നും, ജീവനക്കാരുടെ കുടുംബാംഗങ്ങൾക്കു അന്നദാതാവു് നഷ്ടപ്പെട്ടമ്പോഴും നൽകപ്പെടുന്നു. സോവിയററു സ്റ്റേററിന്നു് പ്രമുഖമായ സേവനം ചെയ്തിട്ടുള്ള വ്യക്തികൾക്കു് (പ്രമുഖ സ്പെഷ്യലിസ്റ്റുകൾ, ശാസ്ത്രകാരർ, പ്രമുഖരായ പൊതുപ്രവത്തകർ, രാജ്യതന്ത്രജ്ഞർ മുതലായവർ) ഒരു വ്യക്തിഗതപെൻഷ്യൻ ലഭിക്കുന്നു.

ഒരു നിശ്ചിത പ്രായമെത്തുമ്പോഴും (പുരുഷനു 60, സ്ത്രീക്കു 55) ഒരു നിശ്ചിതകാലത്തെ സർവ്വീസുണ്ടാ

യാല്യം (പുരുഷനു 25 വഷം, സ്ത്രീക്കു് 20 വഷം) വാദ്ധക്യകാലപെൻഷ്യന്നു് ഒരാൾ അർഹനാകുന്നു. പല ജോലികളിലും വയസ്സും സർവ്വീസും ഇതിലും കുറയുന്നു. ഉദാഹരണത്തിന്നു് ഭൂഗർഭത്തിൽ, അല്ലെങ്കിൽ കൂടുതൽ ദോഷകരമോ അപകടകരമോ ആയ ജോലിയിൽ ഏൎപ്പെട്ട വ്യക്തികൾക്കു്; അപ്രകാരംതന്നെ അഞ്ചോ അതിലധികമോ കുട്ടികളെ പ്രസവിച്ച സ്ത്രീകൾക്കു്.

വാർദ്ധക്യകാല പെൻഷൻ അതു് പററുന്ന വ്യക്തിയുടെ മുൻ ശമ്പളത്തിന്റെ 50 മുതൽ 100 വരെ ശതമാനത്തോളം പോകും. പരമാവധി പെൻഷ്യൻ 120 റുബിളും ഏററവും കുറഞ്ഞ പെൻഷ്യൻ 30 റുബിളുമാണു്.

മുടക്കമില്ലാതെയുള്ള സർവ്വീസിനും വികലാംഗരായ കുടുംബാംഗങ്ങൾക്കും അടിസ്ഥാന പെൻഷ്യന്നു് ഇൻക്രിമെൻറുമുണ്ടു്. അംഗവൈകല്യത്തിനുള്ള പെൻഷ്യന്നു് സർവ്വീസ്കാലവും വരുമാനസംഖ്യയും അംഗവൈകല്യത്തിന്റെ തോതും ഹേതുവും കണക്കിലെടുക്കും.

സോവിയററു പെൻഷ്യനർമാർ അധികവും സാധാരണരീതിയിൽ പ്രവൃത്തി തുടരുന്നവരും. അവരുടെ പെൻഷ്യൻ ഭാഗികമായോ മുഴുവനായോ നല്കുന്നു.

ഇക്കഴിഞ്ഞ വഷങ്ങളിൽ പെൻഷ്യൻ സംഖ്യ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്, 1967ൽ അടക്കുന്ന മൊത്തം പെൻഷ്യൻതുക 1100 കോടി റൂബിളാണ്. 1955ൽ അതു് 300 കോടി റൂബിളായിരുന്നു.

1966 തൊട്ട കൂട്ടകൃഷിക്കാർക്കും വാർദ്ധക്യകാല-അംഗവൈകല്യപെൻഷ്യൻ ലഭിച്ചുതുടങ്ങിയിരിക്കുന്നു. കൂട്ടകൃഷിക്കാരുടെ പെൻഷനുള്ള കേന്ദ്രീകൃത നിധിയിലേക്കു കൂട്ടകൃഷിക്കളങ്ങൾ നൽകുന്ന വിഹിതവും യു. എസ്. എസ്. സ്റ്റേറ്റ്ബജററിൽനിന്നുള്ള വിഹിതവും ചേർത്താണ് ഈ ആവശ്യത്തിന്നുള്ള തുക ഉണ്ടാക്കുന്നതു്. സോവിയററ് യൂണിയനിൽ പെൻഷ്യൻ പററുന്നവരുടെ മൊത്തം സംഖ്യ 320 ലക്ഷത്തിലെത്തിയിരിക്കുന്നു.

വൃദ്ധജനങ്ങൾക്കുള്ള ഭവനങ്ങൾ പരിപാലിക്കുക, വികലാംഗർക്കു് പുതിയ ജോലികൾക്കായി പുനപ്പരിശീലനം നല്കുക മുതലായ കാര്യങ്ങൾക്കുള്ള ചിലവും, പെൻഷനും ഗ്രാൻ്റിനും പുറമെ, സോവിയററ് സ്റ്റേറ്റ് വഹിക്കുന്നു.

ജീവനക്കാർക്ക സൗജന്യമായോ കുറഞ്ഞ ചിലവിലോ സുഖവാസകേന്ദ്രങ്ങളിൽ താമസിക്കാനേർപ്പാട്ട ചെയ്യുക എന്നുള്ളതു് സാമൂഹ്യ ഇൻഷൂറൻസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രധാനാംശമാണ്. സോവിയററു യൂണിയനിൽ 1965-ൽ 150 ലക്ഷത്തില

ധികമാളുകൾ സുഖവാസകേന്ദ്രങ്ങളിലും സാനിട്ടോറിയങ്ങളിലും കുട്ടികളുടെ സമ്മർകേമ്പുകളിലും കഴിച്ചുകൂട്ടി.

തൊഴിലാളികൾക്കും ഓഫീസുജീവനക്കാക്കും കൂട്ടുകൃഷിക്കാക്കുമുള്ള പെൻഷ്യൻതുറയിൽ കൂടുതൽ അഭിവൃദ്ധിക്ക് പുതിയ പഞ്ചവത്സരപദ്ധതി വ്യവസ്ഥചെയ്തിട്ടുണ്ട്.

## ജനകീയ സംസ്ക്കാരത്തിൻെറ മുന്നേററം

ജനങ്ങളുടെ സാംസ്ക്കാരികാവശ്യങ്ങളെ സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളിലും നിവത്തിക്കുന്ന കാര്യത്തിൽ സോവിയററു സ്റ്റേററ് നിരന്തരമായ താല്പര്യം പ്രദർശിപ്പിക്കുന്നു. ജ്ഞാനസമ്പാദനത്തിന്നും മാനുഷിക സംസ്ക്കാരത്തിൻെറ മഹത്തമ മൂല്യങ്ങളെ സ്വായത്തമാക്കുന്നതിന്നും സോവിയററ് ജനതക്കുള്ള തൃഷ്ണയെ സ്റ്റേററ് സർവ്വവിധേനയും തുണക്കുന്നു.

ഒക്ടോബർ വിപ്ലവം അദ്ധ്വാനിക്കുന്ന ബഹുജനങ്ങളെ ആത്മീയമായ അടിമത്തത്തിൽ നിന്നും അജ്ഞതയിൽ നിന്നും കരകയററുകയും മാനവരാശിയാൽ സഞ്ചയിക്കപ്പെട്ട സംസ്ക്കാരത്തിൻെറ ഭണ്ഡാഗാരങ്ങളിലേക്കു അവക്കു വഴിതെളിയിച്ചുകൊടുക്കുകയും ചെയ്തു. ബഹുഭൂരിപക്ഷം ജനങ്ങളും നിരക്ഷരകുക്ഷികളായിരുന്ന ഞങ്ങളുടെ രാജ്യം സംസ്ക്കാരത്തിൻെയും ശാ

സ്കൃത്തിന്റേയും ഉച്ചസ്ഥകോടികളിലേക്കു ഉയൎന്നുകഴിഞ്ഞിരിക്കുന്നു.

സോവിയററ് സ്കൂൾ ഈ പ്രശ്നപരിഹാരത്തിൽ പ്രമുഖമായ ഒരു പങ്ക് വഹിച്ചു. സെക്കണ്ടറി-ഉന്നത വിദ്യാഭ്യാസ ലബ്ധിക്കു എല്ലാ പൗരന്മാർക്കും തുല്യാവസരങ്ങൾക്കു ഉറപ്പു വരുത്തുന്ന യഥാർത്ഥത്തിൽ ജനാധിപത്യപരമായ ഒരു വിദ്യാഭ്യാസസമ്പ്രദായം ഇദം പ്രഥമമായി ഏർപ്പെടുത്തിയതു സോവിയററു യൂണിയനാണ്. സോവിയററുയൂണിയനെ അധിവസിക്കുന്ന എല്ലാ ദേശീയ ജനവിഭാഗങ്ങൾക്കും തങ്ങളുടെ മാതൃഭാഷയിൽ അദ്ധ്യായനത്തോടുകൂടിയ സ്വന്തം സ്കൂളുകളുണ്ട്; എട്ട്‌വർഷനിർബ്ബന്ധവിദ്യാഭ്യാസം നടപ്പിലാക്കിക്കഴിഞ്ഞു; ജോലിയോടൊന്നിച്ചു പഠിപ്പു തുടരുന്ന യുവ തൊഴിലാളികളുടെയും കൃഷിക്കാരുടേയും സംഖ്യ അനുക്രമം പെരുകിക്കൊണ്ടിരിക്കുന്നു.

നല്ല നിലയിൽ ആസൂത്രണം ചെയ്യപ്പെട്ട ഒരു വിദ്യാഭ്യാസസമ്പ്രദായം സോവിയററു യൂണിയനിൽ പ്രവർത്തിക്കുന്നു. കുട്ടികളെ പൊതുവിൽ വളർത്തലും പഠിപ്പിക്കലും ദേശീയ സമ്പദ്ഘടനയുടെ എല്ലാ മേഖലകളിലേക്കും വിദഗ്ദ്ധന്മാരെ പരിശീലിപ്പിക്കലും, ശാസ്ത്രത്തിലും കലയിലും വിദഗ്ദ്ധ പരിശീലനം നൽകലും ഈ സമ്പ്രദായത്തിലുൾപ്പെടുന്നു.

ഈ ആവശ്യങ്ങൾക്കു് സ്റ്റേററ്ബജറ്റിൽ നിന്നു് വൻ തുകകൾ നീക്കിവെക്കപ്പെട്ടിരിക്കുന്നു. ഈ നി

ധിയുടെ തോത് അനുക്രമം വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. താഴെ കൊടുക്കുന്ന പട്ടിക നോക്കുക:

| | (ദശലക്ഷക്കണക്കിൽറൂബിളുകളിൽ) | | |
|---|---|---|---|
| | 1950 | 1955 | 1965 |
| വിദ്യാഭ്യാസത്തിനുള്ള മൊത്തം തുക | 5,667 | 6,894 | 17510 |
| കുട്ടികളുടെ പരിപാലനവും വിദ്യാഭ്യാസവും മുതിർന്നവർക്കുള്ള സാമാന്യ വിദ്യാഭ്യാസവും | 3,040 | 3,354 | 8,936 |
| സാംസ്കാരിക വിദ്യാഭ്യാസം | 187 | 253 | 444 |
| വിദഗ്ദ്ധപരിശീലനം | 1,807 | 2,326 | 3,452 |
| ശാസ്ത്രം | 524 | 825 | 4,265 |

ജനങ്ങളുടെ സാംസ്കാരിക നിലവാരത്തിന്റെ ഉയർച്ചയും, പൊതു വിദ്യാഭ്യാസത്തിന്റെ വളർച്ചയും, അതിവിദഗ്ദ്ധ തൊഴിലാളികൾക്കും എഞ്ചിനിയർമാർക്കും ടെക്നിഷ്യന്മാർക്കുമുള്ള പരിശീലനവും സോഷ്യലിസ്റ്റു സമ്പദ്ഘടനയുടെ വികസനത്തിൽ പരമമായ പ്രാധാന്യമർഹിക്കുന്നവയാണ്.

ഇത് സംബന്ധിച്ച്, സോവിയറ്റു യൂണിയൻ വിദഗ്ദ്ധന്മാരുടെ പരിശീലനത്തിന്നും, സാങ്കേതിക

വിദ്യയുടെ അഭ്യസനത്തിന്നും, സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള അടുത്ത ബന്ധത്തിന്നും വലിയ പ്രാധാന്യം കല്പിക്കുന്നു. പക്ഷെ, സോവിയററു യൂണിയനിൽ വിദ്യാഭ്യാസം തനി പ്രയോജനതയുടെ പ്രകൃതത്തോടുകൂടി മാത്രമാണെന്നും അതു് സാമ്പത്തിക താല്പര്യങ്ങൾക്കു തികച്ചും കീഴ്പ്പെട്ടുകൊണ്ടുള്ളതാണെന്നും ഇതിന്നർത്ഥമില്ല.

സോവിയററു യൂണിയൻ, ശാസ്ത്രസംസ്ക്കാരങ്ങളുടെ വികാസം, ഒരു പുതിയ മനുഷ്യനെ-കമ്മ്യൂണിസ്റ്റു സമുദായത്തിലെ മനുഷ്യനെ—വിദ്യാഭ്യാസം ചെയ്യിക്കുക.എന്ന പ്രശ്നവുമായി അടുത്തു് ബന്ധപ്പെട്ട, ദൂരവ്യാപകമായ ലക്ഷ്യങ്ങൾ പിൻപററുന്നു. കമ്മ്യൂണിസ്റ്റു സമുദായത്തിൽ മനുഷ്യൻെറ ശേഷിയും ശേമുഷിയും ഉൽകൃഷ്ടധാർമ്മിക ഗുണങ്ങളും പൂർണ്ണമായി വികസിക്കും.

സോവിയററു പൊതു വിദ്യാഭ്യാസ സമ്പ്രദായം, സ്കൂൾപ്രായത്തിന്നു മുമ്പു് തൊട്ടുതന്നെ കുട്ടികളുടെ പരിപാലനവും, വിദ്യാഭ്യാസവും സമുദായം നിർവ്വഹിക്കുക എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണു്. പ്രി-സ്കൂൾ സ്ഥാപനങ്ങളുടെ വ്യാപകവും സങ്കീർണ്ണവുമായ ഒരു സംവിധാനമുണ്ടു് സോവിയററു യൂണിയനു്. ഈ സ്ഥാപനങ്ങളിൽ ശിശുക്കൾ രക്ഷിതാക്കളുടെ ഹിതത്തിൻപടി വളർത്തപ്പെടുന്നു. രക്ഷിതാക്കൾക്കു്, വിശേഷിച്ചു് തൊഴിലെടുക്കുന്ന അമ്മമാർക്കു്, ഉല്പാദ

നക്ഷമമായ യത്നത്തിലും പൊതു ജീവിതത്തിലും പങ്കെടുക്കവാനും, തങ്ങളുടെ സാംസ്കാരിക നിലവാരം ഉയർത്തുവാനും ഇതവസരം നല്കുന്നു:

1967-ൽ ബാലവാടികളിലും നർസറിസ്കൂളുകളിലും 90 ലക്ഷത്തിൽപരം ശിശുക്കൾ ചേർക്കപ്പെട്ടു. ഈ സംഖ്യ 1955-നേക്കാൾ 6 ഇരട്ടി അധികമാണ്. സ്റ്റേററ്ബജററ് ഈ പ്രി-സ്കൂൾസ്ഥാപനങ്ങൾക്കവേണ്ടി 250 കോടി റൂബിളിലധികം വിനിയോഗിച്ചു. സ്ഥാപനത്തിലെ ജോലിക്കാരുടെ ശമ്പളത്തിന്നും അവിടത്തെ ഭക്ഷണത്തിന്നും സജ്ജീകരണങ്ങൾക്കും മററാവശ്യങ്ങൾക്കമാണ് ഈ സംഖ്യ ചിലവാക്കിയതു്. ഈ സ്ഥാപനത്തിലെ പരിപാലനച്ചിലവിന്റെ തുച്ഛമായ ഒരംശം മാത്രമെ രക്ഷിതാക്കൾ സ്വയം വഹിക്കുന്നുള്ളു. അതിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള രക്ഷിതാക്കളും ധാരാളമുണ്ട്.

## എല്ലാവർക്കും സെക്കണ്ടറി വിദ്യാഭ്യാസം

പള്ളിക്കൂടത്തിൽപോയി പഠിക്കുന്ന സമ്പ്രദായം സോവിയററധികാരത്തിന്റെ വർഷങ്ങളിൽ വളരെ വളരെ വളർന്നിരിക്കുന്നു, എലിമെന്ററി-സെക്കണ്ടറി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 1965-ന്റെ ആരംഭത്തിൽ വിപ്ലവത്തിന്റെ (1917) മുമ്പത്തേതിനേക്കാൾ 5 ഇരട്ടിയോളം അധികമായിരുന്നു. ഇപ്പോഴത്തു് 5 കോടി ആൺകുട്ടികളും പെൺകുട്ടികളും വരും,

പത്തു് കൊല്ലം മുമ്പ്, സോവിയറ്റ് യൂണിയനിൽ സ്കൂൾപ്രായത്തിലുള്ള എല്ലാ കുട്ടികൾക്കും 8 വഷ നിർബ്ബന്ധവിദ്യാഭ്യാസം നടപ്പിൽവരുത്തി. പൂർണ്ണ സെക്കണ്ടറിവിദ്യാഭ്യാസം (10 വർഷം) ക്രമേണ വ്യാപ്തിയാർജ്ജിച്ചുപോന്നു: വരും വർഷങ്ങളിൽ പട്ടണത്തിലും നാട്ടിൻപുറത്തും പത്തു് വർഷ നിർബന്ധവിദ്യാഭ്യാസം ബലത്തിൽവരും.

സോവിയററു സ്കൂൾകുട്ടികൾക്ക ഭദ്രമായ അറിവു നൽകുകയും അവരിൽ കമ്മ്യൂണിസത്തിന്റെ ശില്പികൾക്കുണ്ടാ വേണ്ട ധർമ്മസംഹിതക്കിണങ്ങുന്ന ഗുണങ്ങൾ വളൎത്തുകയും ചെയ്യുന്നു. സോവിയററു സ്കൂൾ സാമാന്യവും തൊഴിൽപരവും സാങ്കേതികവുമായ സ്കൂൾ എന്ന നിലയിൽവളൎന്നുകൊണ്ടിരിക്കും; കുട്ടികൾക്ക ശാസ്ത്രത്തിൻെറ മൗലികവശങ്ങളിൽ ഭദ്രമായ വിജ്ഞാനം പകൎന്നുകൊടുക്കുകയും, അവരിൽ ഉൽകൃഷ്ടമായ കമ്മ്യൂണിസ്റ്റുബോധം വളൎത്തുകയും, ജീവിതത്തിന്നുവേണ്ടി, തങ്ങളുടെ ഭാവിവ്യാപാരം ബോധപൂൎവ്വം തിരഞ്ഞെടുക്കുന്നതിന്നു് വേണ്ടി, വാൎത്തുരുക്കുകയുമാണു് സോവിയററു സ്കൂളിൻെറ മുഖ്യലക്ഷ്യം.

പുതിയ സ്കൂളുകളുടെ നിർമ്മാണത്തിന്നും, അവയിൽ വേണ്ട സൗകര്യങ്ങൾ ഏൎപ്പെടുത്തുന്നതിന്നും, പഠനസഹായികൾ ഒരുക്കുന്നതിന്നും, അദ്ധ്യാപകരുടെ പരിശീലനത്തിന്നും വിപുലമായ ധനവിനിയോഗമില്ലാതെ ഈ ലക്ഷ്യപ്രാപ്തി അചിന്ത്യമാണു്. അതു്കൊ

ണ്ടാണ് ദേശീയ സമ്പദ്ഘടനയുടെ എല്ലാ മേഖലകൾക്കും വേണ്ട അതിവിദഗ്ദ്ധരായ ആളുകളെ പരിശീലിപ്പിച്ചെടുക്കുന്നതിന്ന് സോവിയററു സ്റ്റേററ് ബജററ് വലിയ സംഖ്യ വകയിരുത്തുന്നതു്. 1967-ൽ തൊഴിൽപരിശീലന സ്ഥാപനങ്ങൾക്കും സെക്കണ്ടറി സ്പെഷ്യലൈസ്ഡ് സ്കൂളുകൾക്കും 370 കോടി റൂബിൾ നീക്കിവെച്ചു. ഇതു് 1950 ലേതിൻെറ ഇരട്ടിയാണു്.

ഈ സ്ഥാപനങ്ങളിലെ അദ്ധ്യാപകരും മററുമായ ഉദ്യോഗസ്ഥന്മാർക്കുള്ള ശമ്പളവകയിലേക്കാണ് ഈ സംഖ്യ പോകുക. ഇതിന്നു പുറമെ, ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും സർക്കാർ വക അലവൻസുണ്ടു്.

## അദ്ധ്യാപകൻെറ കാര്യത്തിലുള്ള ശ്രദ്ധ

സോവിയററുസ്കൂളിനെ അഭിമുഖീകരിക്കുന്ന സാരമായ പ്രശ്നങ്ങളുടെ പരിഹാരം, പ്രഥമവും പ്രധാനവുമായി, അദ്ധ്യാപകരുടെ ശ്രമങ്ങളെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. 25 ലക്ഷം അദ്ധ്യാപകർ ഇന്നു് സ്കൂളുകളിൽ പ്രവർത്തിക്കുന്നു. സോവിയററുബുദ്ധിജീവികളുടെ ഏററവും വലിയ വിഭാഗങ്ങളിലൊന്നാണിതു്. സോവിയററ് കമ്യൂണിസ്റ്റുപാർട്ടിയും ഗവർമ്മെണ്ടും അദ്ധ്യാപകരുടെ കാര്യത്തിൽ വലിയ ആദരവും താല്പര്യവും കാണിക്കുന്നു. അവരുടെ ധനസ്ഥിതി അഭിവൃദ്ധിപ്പെടുത്താൻ പരമാവധി കാര്യങ്ങൾ ചെയ്യുന്നു.

സാദ്ധ്യമായ സർവ്വവിധേനയും അവരുടെ പരിജ്ഞാന വും സംസ്കാരവും വളർത്തുന്നു.

1964-ൽ സ്കൂളുകളിലെയും ബാലവാടികളിലെയും അദ്ധ്യാപകർക്കും ലൈബ്രേറിയന്മാർക്കും മററുചില ജോലിക്കാർക്കും ശമ്പളം ശരാശരി 25ശതമാനംകണ്ട് ഉയർത്തിക്കൊടുത്തു. നാട്ടിൻപുറത്തെ അധികപക്ഷം എലിമെണ്ടറി സ്കൂൾ ടീച്ചർമാരുടെ ശമ്പളം 50 ശതമാനംകണ്ട് വർദ്ധിപ്പിച്ചു; കിണ്ടർഗാർട്ടൻ ടീച്ചർമാരുടെ ശമ്പളം 40–50 ശതമാനം വർദ്ധിപ്പിച്ചു.

സുവ്യവസ്ഥിതമായ തൊഴിൽപരിശീലനം ഫാക്ടറികൾക്കും പ്ലാൻറുകൾക്കും കാർഷികസ്ഥാപനങ്ങൾക്കും ഉയർന്ന യോഗ്യതയുള്ള വിദഗ്ദ്ധന്മാരെ നൽകുവാൻ സഹായിക്കുകയും അങ്ങിനെ യുവജനങ്ങൾക്ക് പ്രയോജനകരമായ ജോലി ലഭിക്കുമാറാക്കുകയും ചെയ്യുന്നു.

തൊഴിൽ–സാങ്കേതികപരിശീലനസ്കൂളുകൾ അവയുടെ സ്ഥാപനത്തിന്നുശേഷം—അതായതു് 1940 മുതൽ 1957-വരെ 150 ലക്ഷം ആൺകുട്ടികളെയും പെൺകുട്ടികളെയും ദേശീയസമ്പദ്ഘടനയിൽ ജോലിക്ക് തയ്യാറാക്കുകയുണ്ടായി.

1970-ൽ സാങ്കേതികസ്കൂളുകളിൽ ചേരുന്നവരുടെ സംഖ്യ 17 ലക്ഷമാകുമെന്നു് കണക്കാക്കപ്പെടുന്നു.

തൊഴിലാളികൾക്ക് വിദഗ്ധപരിശീലനം നൽകുന്നതിന്ന് വ്യവസായസ്ഥാപനങ്ങളിലുള്ള ഉൽപ്പാദന പരിശീലനസമ്പ്രദായം മുഖേന ധാരാളം ചെയ്യുന്നുണ്ട്. യുവതൊഴിലാളികൾക്ക് വ്യക്തിഗതമായും സംഘമായുമുള്ള പരിശീലനങ്ങൾ ഈ പദ്ധതിയിലുൾപ്പെടുന്നു. 1965-ൽ 106 ലക്ഷം ആളുകൾ പുതിയ തൊഴിൽപരിശീലനം നേടുകയോ തങ്ങളുടെ യോഗ്യത ഉയർത്തുകയോ ചെയ്തു. സോവിയററുയൂണിയനിൽ മദ്ധ്യതരവിദഗ്ധർ വൻതോതിൽ പരിശീലിക്കപ്പെടുന്നു. 40 ലക്ഷത്തിലധികമാളുകൾ ഇന്ന് സെക്കണ്ടറി ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്നു.

സോവിയററധികാരത്തിൻെറ വർഷങ്ങളിൽ കോളേജുകളും ഇൻസ്റ്റിററ്യൂട്ടുകളും യൂനിവേഴ്സിററികളും 651300 സ്ത്രീപുരുഷന്മാർക്ക് ഉന്നതവിദ്യാഭ്യാസം നൽകി. ബിരുദധാരികളുടെ സംഖ്യയിൽ സോവിയററുയൂണിയൻ എല്ലാ രാജ്യങ്ങളെയും കവച്ചുവെച്ചിരിക്കുന്നു. സോവിയററുയൂണിയനിൽ ഓരോ വർഷത്തിലും ബിരുദമെടുക്കുന്ന എഞ്ചിനിയർമാരുടെ സംഖ്യ അമേരിക്കയുടെതിൻെറ ഇരട്ടിയാണ്.

ഉന്നതപഠനത്തിന്നുള്ള സോവിയററ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ വിദ്യാർത്ഥികളുടെ സംഖ്യ ഇന്ന് 40 ലക്ഷമുണ്ട്. ഈ ആവശ്യത്തിന്നും ഓരോ വർഷവും 200 കോടി റൂബിൾ ചിലവഴിക്കുന്നു.

ഉല്പാദനകാര്യക്ഷമത അനുക്രമം ഉയർത്തുന്നതിന്നും ശാസ്ത്രീയവും സാങ്കേതികവുമായി അനുസൃതമായ പുരോഗതി കൈവരിക്കുന്നതിന്നും യൂണിവേർസിററി-കോളേജ് വിദ്യാഭ്യാസസമ്പ്രദായത്തെ ഇനിയും വികസിപ്പിക്കുകയും അദ്ധ്യയനനിലവാരം ഇനിയും ഉയർത്തുകയും ചെയ്യേണ്ടതാവശ്യമാണ്. രാജ്യത്തിന്നു് നല്ല സ്പെഷ്യലിസ്റ്റുകളെയും, സാമ്പത്തികവിഷയത്തിലും മാനേജ്മെൻറ് തത്വങ്ങളിലും ശാസ്ത്രീയമായി തൊഴിൽ സംഘടിപ്പിക്കുന്നതിലും പ്രവീണരായ ഉല്പാദനസംഘാടകരെയും നൽകാൻ ആവശ്യമായ എല്ലാ സാഹചര്യങ്ങളും സോവിയററുഉന്നത വിദ്യാലയത്തിന്നുണ്ട്.

## വിദ്യാത്ഥികൾക്കുള്ള പ്രത്യേകാവകാശങ്ങൾ

സോവിയററുയൂണിയനിൽ വിദ്യാർത്ഥികൾ വ്യവസായസ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും ചിലവിൽ ഗണ്യമായ പ്രത്യേകാവകാശങ്ങൾ ആസ്വദിക്കുന്നു. കോളേജുകളിലും യൂനിവേഴ്സിററികളിലും സെക്കണ്ടറി സ്പെഷ്യലൈസ്ഡ് സ്ക്കൂളുകളിലും സായാഹ്ന ക്ലാസ്സുകളിൽപഠിക്കുന്ന വിദ്യാർത്ഥികൾക്കു്, ലേബറേട്ടറിവർക്കു് നടത്തുന്നതിന്നും പരീക്ഷക്കെഴുതുന്നതിന്നും 20-30 ദിവസം ശമ്പളത്തോടുകൂടി കൂടുതൽ ലീവ് ലഭിക്കുന്നു.

കറസ്പോണ്ടൻസ് കോഴ്സിൽ ചേൎന്നുപഠിക്കുന്നവൎക്ക് അതേ ആവശ്യങ്ങൾക്കായി 30–40 ദിവസം ലീവ് ലഭിക്കുന്നു. അവൎക്ക് അതിനുപുറമെ സൎക്കാർ പരീക്ഷയെഴുതുന്നതിന്നും ഡിപ്ലോമാരേഖകൾ തയ്യാറാക്കുന്നതിന്നും കൂടുതൽ ലീവുകിട്ടുന്നു. പരീക്ഷക്കിരിക്കാൻപോകുന്ന യാത്രച്ചിലവിന്റെ പകുതി വിദ്യാൎത്ഥി ജോലിയെടുക്കുന്ന വ്യവസായസ്ഥാപനം വഹിക്കുന്നു. സായാഹ്നക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്ക് അവരുടെ പഠിപ്പിന്നാവശ്യമായ സാഹിത്യങ്ങൾ സൗജന്യമായി നല്കുന്നു. ഇന്നു 40 ലക്ഷത്തോളമാളുകൾ ഈ പ്രത്യേകസൗജന്യങ്ങൾ അനുഭവിക്കുന്നുണ്ട്. സ്ഥാപനങ്ങളും സംഘടനകളും ഈ ആവശ്യങ്ങൾക്കായി വഹിക്കുന്ന ചിലവിന്റെ തോത് ഇതിൽനിന്നു എളുപ്പത്തിൽ കണക്കാക്കാമല്ലോ.

സ്ഥാപനങ്ങൾ തങ്ങൾക്കാവശ്യമുള്ള ഉല്പാദനവിദഗ്ദ്ധരുടെ പരിശീലനത്തിന്നു വേണ്ടി ധാരാളം പണം ചിലവിടുന്നു. വ്യവസായസ്ഥാപനങ്ങളും കൂട്ടുകൃഷിക്കളങ്ങളും എഞ്ചിനിയർമാൎക്കും കാൎഷികവിദഗ്ദ്ധർക്കും മററുസാങ്കേതികവിദഗ്ദ്ധൎക്കും വേണ്ടി ചിലവാക്കുന്നു. പരിചയസമ്പന്നരായ തൊഴിലാളികളുടെ പരിശീലനത്തിന്നും ജീവനക്കാരുടെ വൈദഗ്ദ്ധ്യം ഉയൎത്തുന്നതിന്നും അവ ചിലവിടുന്നു.

തങ്ങൾക്ക് ആവശ്യമുള്ള സ്പെഷ്യലിസ്റ്റുകൾക്ക് പരിശീലനം നൽകുന്നതിലും വ്യവസായസ്ഥാപനങ്ങ

ളും കുട്ടകൃഷിക്കളങ്ങളും പങ്കെടുക്കുന്നു. ഈ ആവശ്യത്തിന്നായി അവ തങ്ങളുടെ ജീവനക്കാരെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് നിയോഗിച്ചയക്കുകയും അവർക്ക് സാധാരണനിലയിൽ കവിഞ്ഞ ഒരു വേതനം കൊടുക്കുകയും ചെയ്യുന്നു, ഈ സ്പെഷ്യലിസ്റ്റുകൾ ബിരുദമെടുത്തശേഷം തങ്ങൾ മുമ്പ് ജോലി ചെയ്ത സ്ഥാപനങ്ങളിൽ തന്നെ ചേരുന്നു.

വ്യവസായസ്ഥാപനങ്ങൾ സ്കൂളുകൾക്കും മററു വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും സജ്ജീകരണസാമഗ്രികളും ഉപകരണങ്ങളും മററുസൗകര്യങ്ങളും നൽകുകയും പഠനത്തിന്നു് തങ്ങളുടെ പരിസരത്തു് സ്ഥലമനുവദിക്കുകയും ചെയ്യുന്നു. ഇതെല്ലാം സൗജന്യമായാണു്.

പല വ്യവസായസ്ഥാപനങ്ങളും പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിർമ്മാണത്തിൽ പണം നിക്ഷേപിക്കുന്നു. അത്തരം വൻകിട വ്യവസായസ്ഥാപനങ്ങളുടെയും സ്റ്റേററ് ഫാമുകളുടെയും നിർമ്മാണത്തിന്നുള്ള അടങ്കലുകളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന്നുള്ള തുകകൂടി ഉൾക്കൊള്ളിക്കപ്പെടുന്നു.

സോവിയററു യൂണിയനിൽ ടെക്സ്റ്റ്ബുക്കുകളുടെയും മാനുവലുകളുടെയും വില പലപ്പോഴും സർക്കാർ താഴ്ത്തി നിശ്ചയിക്കുന്നു. പ്രസിദ്ധീകരണശാലകളുടെ ലാഭത്തിൽ നിന്നു് വെട്ടിക്കുറച്ച് ഈ വകയിലുള്ള നഷ്ടം നികത്തുന്നു. വിലകുറഞ്ഞ ടെക്സ്റ്റ്ബുക്കുകൾ

ചെറിയ ജനസംഖ്യയുള്ള ദേശീയറിപ്പബ്ലിക്കുകൾക്കു വിശേഷിച്ച് പ്രാധാന്യമുള്ളവയാണ്. അവിടെ അച്ചടിച്ചിലവ് താരതമ്യേന കൂടും. കുറഞ്ഞ പ്രതികളടിച്ചാൽ മതിയല്ലോ. മാത്രമല്ല, ഇതരഭാഷകളിൽനിന്ന് തർജ്ജമ ചെയ്യുകയും വേണം.

## ശാസ്ത്രവും ദേശീയവരുമാനവും

ശാസ്ത്രത്തിലും സാങ്കേതികരീതിയിലുമുള്ള പുരോഗതി ഉല്പാദനവളർച്ചക്കു നിദാനമായ അതിപ്രധാനഘടകങ്ങളിൽ ഒന്നാണ്. സമുദായത്തിൻെറ ഭൗതികവും ബൗദ്ധികവുമായ സമസ്തവശങ്ങളിലും അതു വർദ്ധമാനമായ സ്വാധീനം ചെലുത്തുന്നുമുണ്ട്. ശാസ്ത്രം നമ്മുടെ കാലഘട്ടത്തിൽ ബലവത്തായ ഒരു ഉല്പാദനശക്തിയായി അനുക്രമം വളർന്നുകൊണ്ടിരിക്കുകയാണ്. അതേ സമയം ഉല്പാദനമാകട്ടെ ശാസ്ത്രത്തിൻെറ സാങ്കേതികമായ ഉപയോഗവുമായിത്തീരുന്നു. അങ്ങിനെ, ശാസ്ത്രീയപുരോഗതി രാജ്യത്തിൻെറ ദേശീയവരുമാനത്തിൻെറ വളർച്ചയ്ക്കു പരമപ്രധാനമായ ഒന്നാണെന്നു വ്യക്തം.

സോവിയററു ഗവണ്മെണ്ട് ശാസ്ത്രത്തിൻെറ വളർച്ചക്കു വലിയ പ്രാധാന്യം കല്പിക്കുന്നു; അതിൻെറ വളർച്ചക്കാവശ്യമായ എല്ലാ സാഹചര്യങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നു.

ഇന്നു സോവിയററു യൂണിയനിൽ 4650 ഗവേഷണശാലകളുണ്ട്. അവകളിൽ 6,60,000 ശാസ്ത്രീയ

പ്രവൎത്തകർ ജോലിയെടുക്കുന്നുമുണ്ട്. നമ്മുടെ കാലഘട്ടത്തിലെ ഏററവും പ്രധാനങ്ങളായ ശാസ്ത്രീയപ്രശ്നങ്ങൾ പരിഹരിക്കുകയാണ് അവരുടെ കടമ.

സോവിയററു ശാസ്ത്രജ്ഞർ പ്രകൃതിയുടെ രഹസ്യങ്ങളിലേക്ക് ഊളമിട്ടു ചെന്നുകൊണ്ടിരിക്കുകയാണ്. അവർ വിജ്ഞാനത്തിന്റെ വിവിധശാഖകളിൽ വിപുലമായ ഗവേഷണങ്ങൾ നടത്തുന്നു. സാങ്കേതികശാസ്ത്രത്തിന്റെ തുറയിൽ 2,36,000 ശാസ്ത്രകാരരുണ്ട്: ഊൎജ്ജതന്ത്രത്തിന്റേയും ഗണതന്ത്രത്തിന്റേയും രംഗത്ത് 64,000ത്തിലധികം; ജൈവശാസ്ത്രശാഖകളിൽ 27,000; ചരിത്രത്തിലും തത്വശാസ്ത്രത്തിലും 28,000; ഭാഷാപഠനത്തിൽ 37,000; വൈദ്യശാസ്ത്രത്തിലും ഔഷധനിൎമ്മാണത്തിലും 36,000 അങ്ങിനെ പോകുന്നു ഈ പട്ടിക.

ശാസ്ത്രീയസ്ഥാപനങ്ങളുടെ വ്യാപാരങ്ങൾ രാജ്യത്തിന്റെ മദ്ധ്യപ്രദേശങ്ങളിൽ ഒതുങ്ങിനിൽക്കുന്നില്ല. സോവിയററുയൂണിയനിലെ അനവധി നഗരങ്ങളിൽ വൻകിടഗവേഷണസ്ഥാപനങ്ങളുണ്ട്. സൈബീരിയയിലെ തോംസ്കിൽ സ്ഥിതിചെയ്യുന്ന പോളിടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ട് ഒരു ഉദാഹരണമാണ്.

സാങ്കേതികവിദ്യയുടേയും ഉല്പാദനപ്രക്രിയകളുടേയും പുതിയ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ ഇൻസ്റ്റിററ്യൂട്ട് പ്രവൎത്തിക്കുന്നത്. ഈ ഇൻസ്റ്റിററൂട്ടിലെ ശാസ്ത്രകാരർ വികിരണ സാങ്കേതികവിദ്യയുടേ

യും വികിരണപ്രഭാവങ്ങളുടെയും അടിയിൽ സ്ഥിതി ചെയ്യുന്ന ഊർജ്ജതന്ത്രതത്വങ്ങളെപ്പററിയുള്ള പഠന ത്തിൽ വ്യാപൃതരായിരിക്കുകയാണു്. തോംസ്കു് ഇൻ സ്റ്റിററ്യൂട്ടിലെ വിദ്യുത്പ്രേരണതരംഗങ്ങൾ സൂക്ഷ്മജഗ ത്തിന്റെ കള്ളറകളിലേക്കു് നുഴഞ്ഞുകടക്കുന്നു. വലി യ ലോഹങ്ങളിലും ലോഹേതരപദാർത്ഥങ്ങളിലുമുള്ള ന്യൂനതകൾ കണ്ടുപിടിക്കുന്നു, രാസപ്രതികരണം ത്വരി പ്പിക്കുന്നു,ആളുകളുടെ രോഗനിവാരണത്തിന്നു് തുണയ്ക്കു കയും ചെയ്യുന്നു. ഈ വിദ്യുത്പ്രേരണതരംഗങ്ങൾ പ്രാഗിലും ന്യൂയോർക്കിലും മററു നഗരങ്ങളിലും പ്രദേ ശങ്ങളിൽ വെക്കുകയുണ്ടായിട്ടുണ്ടു്.

എല്ലാ യൂണിയൻറിപ്പബ്ലിക്കുകളിലും എണ്ണമററ ഗവേഷണശാലകൾ ഉൾക്കൊള്ളുന്ന ശാസ്ത്രഅക്കാദമി കളുണ്ടു്. ശാസ്ത്രീയപ്രവർത്തകർക്കിടയിൽ വിവിധദേ ശീയജനവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളും പുരുഷന്മാരു മുണ്ടു്. ഉദാഹരണത്തിനു 70,000 ത്തിലധികം യുക്രേ നിയക്കാരും 13,000 ത്തോളം ബയിലോ റഷ്യക്കാരും 6,700 ഉസ്ബെക്കുകളും 5700 ലിത്വാനിയക്കാരും 4500 കസാഖുകളും 3400 എസ്റ്റോണിയക്കാരും അക്കൂ ട്ടത്തിലുണ്ടു്.

സോവിയററു യൂണിയനിൽ ഗവേഷണശാലകളു ടെ നടത്തിപ്പിനുള്ള ചിലവു വഹിക്കുന്നതു് സ്റ്റേററു് ബജററിൽനിന്നും ഗവേഷണത്തിൽ തല്പരങ്ങളായ

സ്ഥാപനങ്ങളും സംഘടനകളും നീക്കിവെക്കുന്ന തുകകളിൽ നിന്നുമാണ്.

1967-ൽ 720 കോടി റൂബിൾ ശാസ്ത്രത്തിന്ന് വകയിരുത്തപ്പെട്ടിരിക്കുന്നു. 1955-ൽ ഈ ആവശ്യത്തിന്ന് നീക്കിവെക്കപ്പെട്ടതിൻെറ 4 ഇരട്ടി ജാസ്തിയാണ് ഈ തുക.

ഈ സംഖ്യകൾ പരമാവധി കാര്യശേഷിയോടെ ഉപയോഗപ്പെടുത്തുക എന്ന കടമ ഗവേഷണസ്ഥാപനങ്ങളും സംഘടനകളും ഏറ്റെടുത്തിരിക്കുന്നു. അവ കഴിയുന്നത്ര കൃത്യമായിത്തന്നെ ശാസ്ത്രീയ വികാസങ്ങൾ ദേശീയസമ്പദ്ഘടനയിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യുന്നു. സാമൂഹ്യോല്പാദനത്തിൻെറ ക്രമപ്രവൃദ്ധമായ വളർച്ചക്കും തൽഫലമായി ദേശീയവരുമാനത്തിൻെറ വർദ്ധനക്കും ആവശ്യമായ മുൻഉപാധികളിലൊന്നാണിതു്.

## നാടകശാലകൾക്കും കലാശില്പങ്ങൾക്കുമുള്ള ധനവ്യയം

നാടകശാലകളുടെയും സിനിമാമന്ദിരങ്ങളുടെയും നിർമ്മാണത്തിന്നും ആർട്ടുഗ്യാലറികളുടെയും മ്യൂസിയങ്ങളുടേയും ക്ലബ്ബുകളുടേയും ലൈബ്രറികളുടേയും മററു സാംസ്കാരിക-കലാസ്ഥാപനങ്ങളുടേയും നടത്തിപ്പിന്നും ബജററു ഗണ്യമായ സംഖ്യ ചിലവഴിക്കുന്നു.

സോവിയററു സ്റ്റേററ് സർഗ്ഗാത്മക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും സജീവമായ സഹായം നൽകുന്നു. എണ്ണമററ സാഹിത്യകാരന്മാരും കലാകാരന്മാരും ഈ സ്ഥാപനങ്ങളിലും സംഘടനകളിലും അണിനിരന്നിട്ടുണ്ട്.

സോവിയററു യൂണിയനിൽ, 9F6 മ്യൂസിയങ്ങളും 50' നാടകശാലകളും ',45,000 സിനിമാമന്ദിരങ്ങളും ഉണ്ട്. 1985-ൽ മാത്രം 750 ലക്ഷമാളുകൾ മ്യൂസിയങ്ങൾ സന്ദർശിച്ചു.

ജനങ്ങളുടെ, വിശേഷിച്ച് കുട്ടികളുടെ കലാഭ്യസനവിഷയത്തിൽ സർക്കാർ ധാരാളം ശ്രദ്ധ ചെലുത്തുന്നു. 10 ലക്ഷത്തിലധികം കുട്ടികൾക്ക് അദ്ധ്യയനം നൽകുന്ന 3500 സംഗീത-കലാവിദ്യാലയങ്ങൾക്ക് സ്റ്റേററ് ബജററിൽനിന്ന് പണം ചിലവാക്കുന്നു.

ശാസ്ത്രവിഷയങ്ങളും ആഖ്യായികകളും സാങ്കേതികവിദ്യയും മററും സംബന്ധിച്ച ധാരാളം സാഹിത്യങ്ങൾ സോവിയററുയൂണിയനിൽ പ്രസിദ്ധപ്പെടുത്തുന്നു. സ്റ്റേററിൻെറ ചിലവിൽ നടത്തപ്പെടുന്ന 33,0,000 ലൈബ്രറികളുണ്ട്. അതു് പുറമെ 40,000ത്തിലധികം ലൈബ്രറികൾ കൂട്ടുകൃഷിക്കളങ്ങളുടേയും ട്രേഡ് യൂണിയനുകളുടേയും മററു സംഘടനകളുടേയും വകയായുണ്ട്. അവ തങ്ങളുടെ അംഗങ്ങൾക്കിടയിൽ സൗജന്യമായി പുസ്തകം വിതരണം ചെയ്യുന്നു. സോവിയററു്

ലൈബ്രറികളുടെ പുസ്തകശേഖരം 250 കോടി; പുസ്തകങ്ങളും സഞ്ചികകളുമോളം വരും.

നാട്ടിൻപുറത്തെ സാംസ്കാരികവളർച്ചയുടെ കാര്യത്തിൽ ഇപ്പോൾ പ്രത്യേകശ്രദ്ധ ചെലുത്തപ്പെടുന്നു; അവിടെ ക്ലബ്ബുകളും ലൈബ്രറികളും മററു സാംസ്കാരികസ്ഥാപനങ്ങളും നടത്തുന്നതിന്നു സ്റ്റേററു് ഗണ്യമായ സംഖ്യ വകയിരുത്തുന്നു. ഇന്നു് 66,000 വില്ലേജ് ക്ലബ്ബുകളും 25,000 കൂട്ടുകൃഷിക്കളക്ലബ്ബുകളും സോവിയററു് ഗ്രാമങ്ങളിലുണ്ടു്. പല കൂട്ടുകൃഷിക്കളങ്ങളും സ്റ്റേററ് ഫാമുകളും സ്വന്തം ചിലവിൽ സംസ്കാരഭവനങ്ങളും ക്ലബ്ബുകളും നിർമ്മിക്കുന്നു; അവ പലപ്പോഴും പട്ടണങ്ങളിലെ സാംസ്ക്കാരികസ്ഥാപനങ്ങളെക്കാൾ താഴ്ന്ന തരത്തിലുള്ളവ അല്ലതന്നെ. മോൾദാവിയൻ റിപ്പബ്ലിക്കിലെ "വിയാററ്സാന്തവ" കൂട്ടുകൃഷിക്കളത്തിൻെറ ചെയർമാൻ ബി. ഗ്ലൂഷ്ക്കോ സംസ്ക്കാരഭവനത്തിൻെറ നിർമ്മാണത്തെപ്പററി ഇങ്ങിനെ എഴുതുകയുണ്ടായി: "ക്ലബ്ബിന്നും അതിലെ സാമഗ്രികൾക്കും കൂട്ടുകൃഷിക്കളത്തിന്നു് 250,000 റൂബിൾ ചിലവായി. അതിൻെറ നിർമ്മാണത്തിന്നു് 3 കൊല്ലം പിടിച്ചു. ഗ്രാമവാസികൾ എല്ലാ രാത്രിയും വന്നു പുസ്തകമോ പത്രമോ വിയിക്കുകയും സ്നേഹിതന്മാരെ കാണുകയും ചതുരംഗമോ ശീട്ടോ ടേബിൾടെന്നീസോ കളിക്കുകയും ചെയ്യുന്ന ഒരു കേന്ദ്രമാണു് ഞങ്ങളുടെ സംസ്കാരഭവനം. മററുവിധത്തിൽ പറഞ്ഞാൽ, അതു് ഒരു യഥാർത്ഥഭവനമാണു്, ഞങ്ങളുടെ കൂട്ടുകൃഷിക്കാട്ടം.

ബത്തിന്റെ വലിയ സ്വീകരണമുറിയാണ്; അതിന്റെ കവാടങ്ങൾ ആ കുട്ടംബത്തിലെ എല്ലാ അംഗങ്ങൾക്കു മായി കൊല്ലം മുഴുവൻ മലക്കെ തുറന്നുവെക്കപ്പെടുന്നു. ഇവിടെ കൃഷകർ വിവിധകലകളുമായി പരിചിതരാകുന്നു, അവരുടെ വീക്ഷണം വിശാലതരമാക്കുന്നു. ഇതെല്ലാം അവർ കൂട്ടായി ചെയ്യുന്നു.''

ചില കൂട്ടകൃഷിക്കളെങ്ങളും സ്റ്റേററ് ഫാമുകളും സംസ്കാരഭവനങ്ങൾ മാത്രമല്ല നിർമ്മിക്കുന്നത്. അവ സുഖവാസ കേന്ദ്രങ്ങളും പ്രസവാസ്പത്രികളും മററും നിർമ്മിക്കുന്ന തിലും പണം നിക്ഷേപിക്കുന്നു.

## നികുതിയിളവ്

സോവിയററു യൂണിയൻെറ ബജററു വരുമാനങ്ങളിൽ 90 ശമാനത്തിലധികവും ദേശീയ സമ്പദ്ഘടനയിൽനിന്നുള്ളതാണ്. ജനങ്ങൾ തങ്ങളുടെ വരുമാനത്തിൽ നിന്നടക്കേണ്ട വിഹിതം പത്തിലൊന്ന് മാത്രമേ വരുന്നുള്ളു. എന്നാൽ ഈ വരികൾതന്നെയും നിരന്തരമായി ഇളവ് ചെയ്തുകൊണ്ടുവന്നിട്ടുണ്ട് സോവിയററ് ഗവണ്മെണ്ട്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞ ഉടനെ യുദ്ധനികുതി എടുത്തുകളഞ്ഞു. കൂട്ടകൃഷിക്കാരും കൃഷിയിലേപ്പെട്ട മററുള്ളവരും അടയ്ക്കുന്ന കാർഷികനികുതി 1950-ൽ 40 ശതമാനം വെട്ടിക്കുറച്ചു. കൂലിയും ശമ്പളവും പററുന്നവർക്ക് വരിസം

ഖ്യ വാങ്ങി വിതരണം ചെയ്യുന്ന ബോണ്ടുകൾ 1958-ൽ ഉപേക്ഷിക്കപ്പെട്ടു.

1959-ലെ ഭാഗികനികുതിയിളവ് നിയമമനുസരിച്ച് 2 കോടിയോളമാളുകൾ ആദായനികുതിയിൽ നിന്നു് ഒഴിവാക്കപ്പെട്ടു. 40 ലക്ഷമാളുകൾ നന്നെ തുച്ഛമായ നികുതിയേ അടക്കുന്നുള്ളൂ.

വരുന്ന വർഷങ്ങളിൽ ഇനിയും ചിലഭാഗങ്ങളുടെ ആദായനികുതി എടുത്തുകളയുകയോ ഇളവ് ചെയ്യുകയോ ചെയ്യുന്നതാണ്.

1967-ലെ സ്റ്റേറ്റു ബജററിൽ 90 കോടി റൂബിൾ ജനങ്ങളിൽനിന്നുള്ള നികുതിയാണ്. ആകെ ബജററ് വരുമാനത്തിന്റെ 8.2 ശതമാനമേ ഇതു് വരുള്ളൂ.

നികുതിയിളവ് ജനങ്ങളുടെ യഥാർത്ഥവരുമാനത്തിൽ വർദ്ധനവിന്നിടയാക്കി. ഇതു് ദേശീയവരുമാനത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ നിവർത്തിക്കുന്ന അംശത്തിന്റെ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തു.

അദ്ധ്യായം 3

# ബജററും ദേശീയ വരുമാനവും

സ്റ്റേററു ബജററു യു. എസ്. എസ്. ആറിന്റെ മുഴുവൻ ദേശീയസംഘടനയുടെ ബജററാണ്. സോഷ്യലിസ്റ്റു ഭരണകൂടം ഉല്പാദനോപകരണങ്ങളുടെ പൊതുഉടമയെ അടിസ്ഥാനമാക്കിയുള്ളതാണ്; ഭരണകൂടം കേന്ദ്രീകൃതാസൂത്രണം മുഖേന സമസ്ത സമ്പദ്ഘടനയുടെയും വികാസത്തെ നിയന്ത്രിക്കുന്നു. ഈ വസ്തുതയാണ് സോവിയററു ബജററിന്റെ പ്രസ്തുത സുപ്രധാന സവിശേഷതയ്ക്കു നിദാനം:

സോഷ്യലിസ്റ്റു സമുദായത്തിന്റെ സ്വഭാവവും സോഷ്യലിസ്റ്റു ഭരണകൂടത്തിന്റെ പ്രവത്തനങ്ങളും നാടിന്റെ ദേശീയവരുമാനത്തിന്റെ ഒരു നിശ്ചിതാംശം ബജററു മുഖേന കേന്ദ്രീകരിക്കേണ്ടതാവശ്യമാക്കിത്തീക്കുന്നു. ദേശീയവരുമാനം സമ്പദ്ഘടനയുടെ വിവിധ മേഖലകളിലെ തൊഴിൽശാലകളിൽ സൃഷ്ടിക്കപ്പെടുന്നുവെങ്കിലും, നാട്ടിന്റെ സാമ്പത്തിക വികസനത്തിന്റെ സാമാന്യ കുറിമാനങ്ങൾക്കനുസരിച്ച് ക

ണിശമായി നിശ്ചയിക്കപ്പെട്ട മാർഗ്ഗത്തിൽ ചിലവഴിക്കപ്പെടണമെന്നുള്ളതാണ് കാര്യം.

സോവിയററു ഭരണകൂടം ബജററിൻെറ—രാജ്യത്തിൻെറ കേന്ദ്രീകൃതഖജനാവിൻെറ—സഹായത്തോടെ, പ്രഥമവും പ്രധാനവുമായി, പ്രാഥമികാവശ്യങ്ങൾ നിവത്തിക്കുന്നതിന്നുവേണ്ടി ഫണ്ടുകളുടെ വ്യയം വ്യവസ്ഥചെയ്യുന്നു; രണ്ടാംകിട പ്രാധാന്യമുള്ള ആവശ്യങ്ങൾക്കായി എണ്ണമററ ചിലവുകളിലേക്കു് ഫണ്ടുകൾ ഛിന്നിച്ചിതറി പോകുന്നതിനെ തടയുകയും ചെയ്യുന്നു. ഒരു കേന്ദ്രീകൃതസ്റ്റേററു് പദ്ധതിയാണ് പ്രാഥമികാവശ്യങ്ങൾ നിർണ്ണയിക്കുക.

സോവിയററധികാരത്തിൻെറ ആദ്യവർഷങ്ങളിൽ സ്റ്റേററു ബജററ് നാട്ടിൽ വ്യവസായവൽക്കരണത്തിന്നും കൃഷി പുനസ്സംഘടനക്കും അത്യാവശ്യങ്ങളായ എല്ലാ ധനാഗമമാർഗ്ഗങ്ങളുടെയും കേന്ദ്രീകരണത്തെ വളത്തി. പിന്നീടതു് സോവിയററു സമ്പദ്ഘടനയുടെ വികസനത്തിന്നും ദൃഢീകരണത്തിന്നും വേണ്ട ഫണ്ടുകൾ പ്രദാനം ചെയ്തു.

യു. എസ്. എസ്. ആർ. സ്റ്റേററു ബജററ് ദേശീയസമ്പദ്ഘടനയുടെ എല്ലാ മേഖലകളുമായും അടുത്തബന്ധം പുലർത്തുന്നു, ഈ മേഖലകളിൽ സൃഷ്ടിക്കപ്പെടുന്ന വരുമാനങ്ങളെ അതു് സ്വരൂപിക്കുന്നു; അവയെ നാട്ടിൻെറ സാമ്പത്തികവും സാംസ്കാരികവുമായ

വികസനത്തിലേക്ക് പദ്ധതികൾക്ക് അനുരൂപമായി തിരിച്ചുവിടുകയും ചെയ്യുന്നു.

തൊഴിൽശാലകളിൽനിന്ന് ബജററിലേക്കു പോകുന്ന വരുമാനങ്ങൾ, ദേശീയവരുമാനത്തിൽ മുഴവൻ സമുദായത്തിന്റെ താല്പര്യങ്ങളെ മുൻനിത്തി വിനിയോഗിക്കപ്പെടുന്ന ഒരു വിഹിതമാകുന്നു.

## ബജററിന്റെ 92 ശതമാനം സമ്പദ്ഘടനയിൽ നിന്നു

നാട്ടിന്റെ മുഴവൻ ബജററു റെവന്യൂകളിൽ 92 ശതമാനം തൊഴിൽശാലകളിൽനിന്നുള്ള വരുമാനങ്ങളാണ്. സോഷ്യലിസ്റ്റു സമ്പദ്ഘടന നൽകുന്ന പണം ബജററിന്റെ അടിസ്ഥാനമായി വത്തിക്കുന്നു, അതിന്റെ ഭദ്രതയ്ക്കു ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ബജററു് രൂപീകരിക്കുമ്പോൾ, തൊഴിൽശാലകളുടെ ധനപരമായ വ്യാപാരത്തിന്റെ പ്രവണതകളെ അപഗ്രഥനം ചെയ്യുകയും, ചില വരക്കുകളുടെ ഉല്പാദനം വിപുലീകരിക്കുന്നതിന്നും അവയുടെ ഉല്പാദനച്ചിലവ് വെട്ടിച്ചുരുക്കുന്നതിന്നും പദാത്ഥപരവും ധനപരവും തൊഴിൽപരവുമായ ഉറവകളെ കൂടുതൽ കാര്യക്ഷമമാംവിധം ഉപയോഗപ്പെടുത്തുകവഴി സഞ്ചിതനിധികളുടെ വളച്ച്യെ ത്വരിതപ്പെടുത്തുന്നതിന്നുമുള്ള സാദ്ധ്യതകളെ പരിശോധിക്കുകയും ചെയ്യുന്നു. അങ്ങി

ന്ന, ബജററു് സമഗ്രസാമ്പത്തികാസൂത്രണത്തിന്റെ ഒരു സജീവമാദ്ധ്യമമായി പ്രയോജനപ്പെടുന്നു. അതു് തയ്യാറാക്കലും നിറവേററലും സാമൂഹ്യോല്പാദനത്തിന്റെ കാര്യക്ഷമതയേയും ദേശീയവരുമാനത്തിന്റെ വളർച്ചയേയും ഊജ്ജിതപ്പെടുത്തുന്നു.

സ്റ്റേററുടമസ്ഥാപനങ്ങളിലും ദേശീയസമ്പദ്ഘടനയുടെ മേഖലകളിലും സഞ്ചയിക്കപ്പെടുന്ന നിധികളുടെ ഒരംശം മൂലധന നിക്ഷേപങ്ങൾക്കും ജോലിക്കാക്കുള്ള ബോണസിനും പ്രീമിയത്തിനുമായും അവയുടെ അധീനത്തിൽ സൂക്ഷിക്കുന്നു.

സഞ്ചിതനിധികളുടെ ഗണനീയമായ അംശം സ്റ്റേററുബജററിലേക്കെടുക്കപ്പെടുന്നു. അതു് രാജ്യത്തിന്റെ സാമ്പത്തികവികസനപദ്ധതിയുടെ വ്യവസ്ഥകളിൻപടി ഇതര സമ്പദ്മേഖലകൾക്കും വേണ്ടി വിനിയോഗിക്കപ്പെടുന്നു.

ദേശീയ സമ്പദ്ഘടനയുടെ കേന്ദ്രീകൃതമാനേജ്മെൻറു താല്പര്യങ്ങൾ, മേഖലകളുടെയും വ്യവസായങ്ങളുടെയും വികസനത്തിൽ നിശ്ചിത അനുപാതങ്ങൾ പുലർത്തേണ്ടതിന്റെ ആവശ്യകത, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള താല്പര്യങ്ങൾ എന്നിവയെ മുൻനിർത്തിയാണു് തൊഴിൽശാലകൾക്കും സമ്പദ്മേഖലകൾക്കും സമ്പദ്പ്രദേശങ്ങൾക്കുമിടയിൽ ഫണ്ടുകൾ പുനർവിതരണം ചെയ്യപ്പെടുന്നതു്.

## ലാഭം പുനർവിതരണം ചെയ്യപ്പെടുന്നതെന്തിനു?

തനിത്തനി തൊഴിൽശാലകളിൽ സൃഷ്ടിക്കപ്പെടുന്ന വരുമാനങ്ങളുടെ ആകത്തുക അടങ്കലുകളിൽ അവയുടെ ആവശ്യവുമായി എല്ലായ്പോഴും ഇണങ്ങുന്നില്ലെന്നുള്ളതാണ് കാര്യം. ചിലേടങ്ങളിൽ സഞ്ചിതങ്ങൾ വ്യയങ്ങളെക്കാൾ അധികമായിരിക്കും; മററിടങ്ങളിൽ അടങ്കലുകൾക്കുവേണ്ട പണം കമ്മിയായിരിക്കും.

ഉദാഹരണത്തിനു്, 1964-ൽ യന്ത്രനിർമ്മാണ-ലോഹപ്പണി വ്യവസായത്തിന്റെ ലാഭം 610കോടി റൂബിളോളം വന്നു. അതേസമയം അവയുടെ മൂലധന നിക്ഷേപാവശ്യങ്ങൾക്കു 260 കോടി റൂബിൾ വേണ്ടി വന്നുള്ളു. ലഘു-ഭക്ഷണ വ്യവസായങ്ങളിലും ഇതേ സ്ഥിതി അനുഭവപ്പെടുകയുണ്ടായി. അവയുടെ ലാഭവും തൊഴിൽശാലകൾക്കുള്ള ആവശ്യങ്ങൾക്കു വേണ്ടതിലും ധാരാളം ജാസ്തിയായി. അങ്ങിനെ, ചില സ്ഥാപനങ്ങളുടെയും വ്യവസായങ്ങളുടെയും ലാഭത്തിന്റെ മിച്ചം, ബജററുമുഖേന, വികസനാവശ്യങ്ങൾക്കു ധനാഗമമാർഗ്ഗങ്ങൾ കമ്മിയായിട്ടുള്ള ഇതരസമ്പദ്മേഖലകൾക്കു് ധനസഹായം ചെയ്യുന്നതിന്നു് തിരിച്ചുവിടപ്പെടുന്നു.

1961-ൽ 200 കോടിയിലധികം റൂബിൾ വിദ്യുച്ഛക്തി ഉല്പാദക പ്ലാൻറുകളുടെ നിർമ്മാണത്തിന്നും

വിപുലീകരണത്തിന്നും നിക്ഷേപിക്കപ്പെട്ടു. അവയുടെ സ്വന്തം ലാഭമാകട്ടെ 78 കോടി 20 ലക്ഷം റൂബിൾ മാത്രമായിരുന്നു. എണ്ണ–വാതക വ്യവസായങ്ങളിൽ 200 കോടി റൂബിൾ മൂലധനനിക്ഷേപം വേണ്ടിവന്നു. അവയുടെ ലാഭമാകട്ടെ 76 കോടി 90 ലക്ഷത്തിലധികമുണ്ടായിരുന്നില്ല.

സാമ്പത്തിക വികസനത്തിലെ സമഗ്രകുറിമാനങ്ങളും, ഉല്പാദനശേഷി വളർത്തുന്നതിന്നും ദേശീയവരുമാനത്തിൻെറ വളർച്ച ഊർജ്ജിതപ്പെടുത്തുന്നതിന്നും ഏററവും പററിയ ഒരു ഉല്പാദനവിധാനം സ്ഥാപിക്കുന്നതിൻെറ ആവശ്യകതയുമാണ് സമ്പദ്‌മേഖലകൾക്കിടയിൽ ബജററു മുഖേനയുള്ള സഞ്ചിതനിധികളുടെ പുനർവിതരണം നിർണ്ണയിക്കുന്നതു്.

## ഉൽപാദനത്തിൻെറ കാര്യക്ഷമത

ഉല്പാദനത്തിൻെറ കാര്യക്ഷമത ഉയർത്തുന്നതിന്നുവേണ്ടി താഴെ പറയുന്ന അത്യാവശ്യകാര്യങ്ങൾ ചെയ്യേണ്ടതുണ്ട്:

അത്യന്തം പുരോഗതൃന്മുഖങ്ങളായ വ്യവസായങ്ങൾ വികസിപ്പിക്കുക, അവക്കിടയിൽ തക്ക അനുപാതങ്ങൾ പുലർത്തുക, ഏററവും യുക്തിസഹമായ രീതിയിൽ തൊഴിൽശാലകൾക്കു സ്ഥാനനിർണ്ണയം ചെയ്യുക;

പുതിയ സജ്ജീകരണ സാമഗ്രികളും സാങ്കേതിക സൌകര്യങ്ങളും പ്രക്രിയകളും വികസിപ്പിക്കുകയും ദ്രുത തരനിരക്കിൽ പ്രവർത്തിപ്പിക്കുകയും, അവയ്ക്കു നിരന്തരം തികവു് വരുത്തുകയും ചെയ്യുക;

ചരക്കുകളുടെ വൈവിധ്യപരിധി പുതുക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക, അവയുടെ ഗുണം ക്രമേണ മെച്ചപ്പെടുത്തുക;

നിശ്ചിതാസ്തികളുടെ ഓരോ യൂനിററിലും ഉല്പാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെ തോതു് വർദ്ധിപ്പിക്കുക, മൂലധനനിക്ഷേപങ്ങൾ വെട്ടിക്കുറയ്ക്കുക;

അസംസ്കൃതപദാർത്ഥങ്ങളും ഇന്ധനവും വിദ്യുച്ഛക്തിയും മിതമായുപയോഗപ്പെടുത്തുക, അദ്ധ്വാനശേഷിയുണ്ടാക്കുക;

ഉല്പാദനച്ചിലവു് ചുരുക്കുകയും ഉല്പാദനത്തിൻെറ ലാഭക്ഷമത ഉയർത്തുകയും ചെയ്യുക.

സോവിയററു യൂണിയൻെറ പഞ്ചവത്സര സാമ്പത്തികവികസനപദ്ധതിയാണു് ദേശീയസമ്പദ്ഘടനയുടെ വിവിധമേഖലകൾക്കു് വേണ്ട ബജററു വിഹിതങ്ങൾ നിർണ്ണയിക്കുക. പുതിയ പഞ്ചവത്സരപദ്ധതി വിദ്യുച്ഛക്തി വ്യവസായം, യന്ത്രനിർമ്മാണം, രാസവ്യവസായം, ലോഹവ്യവസായം എന്നിവക്കു ദ്രുതതരമായ ഒരു വികസനനിരക്കിന്നു് വ്യവസ്ഥ ചെയ്യുന്നു. സാ

മൂഹ്യാവശ്യങ്ങൾ നിർവ്വഹിക്കുന്ന, ഏററവും ആദായകരമായ വ്യവസായങ്ങളുടെ വിഹിതം കഴിയുന്നത്ര കുറഞ്ഞ മൂലധനനിക്ഷേപംകൊണ്ടു്, ഉയർത്തുന്നതിന്നു ബജററു് വ്യവസ്ഥചെയ്യുന്നു. അതേ സമയം ലഘു-ഭക്ഷണ വ്യവസായങ്ങളുടെ വികസനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ടു്. ഘനവ്യവസായ സ്ഥാപനങ്ങളിൽ ഉപഭോഗവസ്തുക്കളുടെ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുമുണ്ടു്.

## നാട്ടിൻപുറത്തു് വിപ്ളവപരമായ പരിവത്തനം

റഷ്യയിൽ ഒക്ടോബർ വിപ്ലവത്തിന്റെ വിജയം കൃഷിയിൽ ഉല്പാദകശക്തികളുടെ വളർച്ചയിലേക്കു് വഴിതെളിയിച്ചു. 2 കോടിയോളം ചെറുകിട കൈവശഭൂമികളെ, സ്വമേധയാ ചേരുക എന്ന അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട വങ്കിട കൂട്ടകൃഷിക്കളങ്ങൾ കൊണ്ടും സ്റ്റേററുഫാമുകൾകൊണ്ടും പകരം വെച്ചു. ഈ രണ്ടുതരം കൃഷിയിടങ്ങളും ഏററവും ആധുനികങ്ങളായ കാർഷികയന്ത്രങ്ങൾ കൊണ്ടും പണിയായുധങ്ങൾ കൊണ്ടും സജ്ജീകരിക്കപ്പെട്ടു. കാർഷികരംഗത്തു് ഇന്നു് ഉപയോഗിക്കുന്ന വിദ്യുച്ഛക്തി 23 കോടി 70ലക്ഷം കുതിരശക്തിയാണു്. 1916-ൽ ഇതു 2 കോടി 40ലക്ഷം കുതിരശക്തിയായിരുന്നു.

സോവിയററു കൃഷി ഇന്നു് 15 ലക്ഷത്തിലധികം ട്രാക്ടറുകളും 5 ലക്ഷം കൊയ്ത്തുമെതിയന്ത്രങ്ങളും 10

ലക്ഷത്തോളം ലോറികളും ധാരാളം മററു യന്ത്രങ്ങളും ഉപയോഗിക്കുന്നു.

കാർഷികരംഗത്തെ തൊഴിൽ സാഹചര്യങ്ങൾ പാടേ മാറിക്കഴിഞ്ഞിരിക്കുന്നു. ട്രാക്ടർ ഡ്രൈവർ, കംബൈൻ ഓപ്പറേട്ടർ, ലോറിഡ്രൈവർ എന്നിവരെപോലുള്ള മെഷിൻ ഓപ്പറേട്ടർമാരാണ് ഇന്ന് കാർഷികരംഗത്തെ പ്രവൃത്തിക്കാരുടെ പ്രധാനതരങ്ങൾ. കാർഷികവിദഗ്ദ്ധർ നാട്ടിൻപുറത്ത് സുപ്രധാനമായ ഒരു പങ്ക് വഹിക്കുന്നു. കൂട്ടകൃഷിക്കളങ്ങളിലും സ്റ്റേററുഫാമുകളിലുമായി ഇന്ന് ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച 5 ലക്ഷത്തോളം സ്പെഷ്യലിസ്റ്റുകളുണ്ട്. മെഷിൻ ഓപ്പറേട്ടർമാരുടെ സംഖ്യ 30 ലക്ഷത്തോളം വരും.

കൂട്ടകൃഷി സംഘടനയും കൃഷിയുടെ യന്ത്രവൽക്കരണവും കാർഷികോല്പന്നങ്ങളുടെ ഗണ്യമായ വർദ്ധനക്കിടയാക്കി. സോവിയററു കർഷകരുടെ തൊഴിൽ-ജീവിത സാഹചര്യങ്ങൾ അടിസ്ഥാനപരമായി മാററി. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരം വൻതോതിൽ ഉയന്നു.

മോൾദാവിയയിലെ ഒർഗേ്യവ്സ്കി ജില്ലയിലുള്ള *വിയാററ്സാ നൂവേ* കൂട്ടകൃഷിക്കളത്തിന്റെ ചെയർമാൻ ബി. ഗ്ലുഷ്ക്കോ (അദ്ദേഹത്തെപ്പററി മുമ്പ് പറഞ്ഞിട്ടുണ്ട്) തന്റെ ഗ്രാമത്തിന്റെ

കഴിഞ്ഞ കാലത്തെപ്പററി ഇങ്ങിനെ എഴുതി; "ജനങ്ങൾ ദാരിദ്ര്യത്തിൽ ജീവിച്ചു; ഇരുളടഞ്ഞ ചാളകളാണു് അവക്കുണ്ടായിരുന്നതു്. നട്ടുച്ചക്കു്കൂടി അവയ്ക്കുള്ളിൽ ഇരുട്ടു് മുററിനിന്നിരുന്നു. ഒരു വട്ടമേശയും ചുമരോടട്ടപ്പിച്ച ഇരിപ്പുകളുമായിരുന്നു അവർക്കുള്ള ഫർണിച്ചർ. കിടക്കകളുണ്ടായിരുന്നില്ല. എല്ലാവരും അട്ടപ്പിൻതിണ്ണകളിൽ കിടന്നുറങ്ങി. അത്തരമൊരു ജീവിതം ആരോഗ്യത്തെ ബാധിക്കാതിരിക്കുകയില്ലല്ലോ. മരണനിരക്കു് ദാരുണമായിരുന്നു. ജന്മിക്കും കുലാക്കിനും പുരോഹിതനും പോലീസുകാരനുമെല്ലാം കൃഷിക്കാരനെ ഉപദ്രവിക്കാം...മോൾദാവിയൻ നാട്ടിൻപുറം തിരിച്ചറിയാൻ വയ്യാത്തവിധം മാറിയിരിക്കുന്നു. മനോഹരങ്ങളായ കൊച്ചുമാടങ്ങൾ വരിവരിയായി നില്ക്കുന്ന കോളനികൾ ഉയന്നുവരുന്നു. നാട്ടിൻപുറത്തെ അദ്ധ്വാനിക്കുന്നവർക്കായുള്ള സംസ്കാര-ശുശ്രൂഷ സ്ഥാപനങ്ങളുടെ വലക്കെട്ടു് പടിപടിയായി വികസിച്ചുകൊണ്ടിരിക്കുന്നു." വിദ്യുച്ഛക്തിയും റേഡിയോവും ടെലിവിഷ്യനും സോവിയററു ഗ്രാമത്തിൻെറ ഒരു അവശ്യഘടകമായിത്തീന്നിരിക്കുന്നു.

സോവിയററു യൂണിയനിൽ കൃഷിയുടെ സത്വര വികസനത്തിന്നുവേണ്ടി പ്രത്യേക നടപടികളെടുത്തു: ട്രാക്ടറുകളുടെയും മററു കൃഷിയന്ത്രങ്ങളുടെയും ഡെലിവറി അനുക്രമം വദ്ധിച്ചുകൊണ്ടിരിക്കുന്നു, രാസവളങ്ങളും കള-കീടനാശിനി രാസവസ്തുക്കളും ധാരാളം സപ്ലൈ ചെയ്യപ്പെടുന്നു, ഭൂമി കൃഷിയോഗ്യമാക്കലും ജലസേച

നവും വൻതോതിൽ നടക്കുന്നു. പുതിയ പഞ്ചവത്സര പദ്ധതിയിൽ കാർഷികോല്പാദനത്തിനുള്ള മൂലധനനിക്ഷേപം ഇരട്ടിയാക്കിയിട്ടുണ്ട്. അതു് 7100 കോടി റൂബിൾ വരും. ഈ നടപടികളുടെയൊക്കെ ഫലമായി തൊട്ടഭാവിയിൽ ജനങ്ങൾക്കു ഭക്ഷ്യപദാർത്ഥങ്ങളും വ്യവസായത്തിൽ അസംസ്കൃതപദാർത്ഥങ്ങളും വർദ്ധിച്ചുകിട്ടുന്നതാണു്.

രാജ്യത്തിന്റെ പ്രകൃതിവിഭവങ്ങളെ ഏററവും നന്നായുപയോഗപ്പെടുത്തുക, ഉല്പാദകശക്തികളെ ഉചിതമായ വിധത്തിൽ വിതരണം ചെയ്യുക മുതലായവക്കു ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടെ യു. എസ്. എസ്. ആർ. സ്റ്റേററു ബജററു ദേശീയവരുമാനം പുനർവിതരണം ചെയ്യുന്നു.

അതുകൊണ്ടാണു് സോവിയററു യൂണിയൻ പ്രഥമവും പ്രധാനവുമായി രാജ്യത്തിന്റെ കിഴക്കെപ്രദേശങ്ങളിൽ ഇന്ധനം, വിദ്യുച്ഛക്തി, രാസവസ്തുക്കൾ എന്നിവയുടെ ഉല്പാദനം വൻതോതിൽ വളർത്തിക്കൊണ്ടിരിക്കുന്നതു്, ഇന്ധനവും വിദ്യുച്ഛക്തിയും അസംസ്കൃതപദാർത്ഥങ്ങളും ഈ പ്രദേശങ്ങളിൽ ആദായത്തിൽ ഉല്പാദിക്കാവുന്നതാണു്. അതിനിടയിൽ, സോവിയററു യൂണിയന്റെ യൂറോപ്യൻ ഭാഗത്തെ സാമ്പത്തിക പ്രദേശങ്ങളിലും ഉറാൾസിലും ഉല്പാദകശക്തികൾ പ്രധാനമായും നിലവിലുള്ള ഉല്പാദനശേഷിയെ പുനസ്സംവിധാനം ചെയ്യുകയും കൂടുതൽ കാര്യക്ഷമമായുപയോഗ

പ്പെടുത്തുകയും ചെയ്യുകവഴി, വികസിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രദേശങ്ങൾക്കു വങ്കിടനിശ്ചിതാസ്തികളും വിപുലമായ തൊഴിൽ വിഭവങ്ങളുമുണ്ട്. ഈ പ്രദേശങ്ങളിൽ, ഒരു നിയമമെന്നോണം, പുതിയ വ്യവസായസ്ഥാപനങ്ങൾ നിർമ്മിക്കപ്പെടുന്നില്ല, വിദ്യുച്ഛക്തി ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ വികസനം പരിമിതവുമാണ്.

സോവിയററു യൂണിയൻെറ കിഴക്കൻ പ്രദേശങ്ങളുടെ സത്വരവികസനത്തിന്ന്വേണ്ടി ഇതരസാമ്പത്തികപ്രദേശങ്ങളുടെ ലാഭം ഉപയോഗപ്പെടുത്തുന്നു. ഉദാഹരണത്തിന്ന് 1964-ൽ, പടിഞ്ഞാറെ സൈബീരിയൻ സാമ്പത്തിക പ്രദേശത്തെ വ്യവസായത്തിലേക്കുള്ള മൂലധനനിക്ഷേപങ്ങൾ 65കോടി 30 ലക്ഷം റൂബിൾ വന്നു. അവിടത്തെ സ്ഥാപനങ്ങളുടെ സ്വന്തം ലാഭമാകട്ടെ 38 കോടി 50 ലക്ഷം റൂബിളുള്ള. കിഴക്കെ സൈബീരിയൻ പ്രദേശം 63കോടി 50ലക്ഷം റൂബിൾ മൂലധന നിക്ഷേപങ്ങളായുപയോഗിച്ചു. അവിടത്തെ ലാഭം 21 കോടി 70 ലക്ഷം റൂബിളായിരുന്നു. അതിനിടയിൽ, മദ്ധ്യ, വടക്കുപടിഞ്ഞാറു, ഉറാൾറീജ്യനുകളെപോലുള്ള പ്രദേശങ്ങളിൽ മൂലധനനിക്ഷേപങ്ങൾ, സോവിയററു യൂണിയനിലെ ഇതരസാമ്പത്തികപ്രദേശങ്ങൾക്കു ഉപയോഗപ്പെടുത്തിയ ലാഭത്തിലും എത്രയോ കുറഞ്ഞ സംഖ്യ ആയുള്ളു.

ബജററു ആസൂത്രണത്തിനിടയിൽ, ബജററ് അനുവദിച്ച തുകയെ ആസ്പദമാക്കി മാത്രമല്ല, സ്ഥാപനങ്ങ

ളുടെയും സംഘടനകളുടെയും സ്വന്തം ധനാഗമമാർഗ്ഗങ്ങളിൽ നിക്ഷേപിക്കാവുന്ന സംഖ്യകൂടി കണക്കിലെടുത്തുകൊണ്ടാണ്, ദേശീയസമ്പദ്ഘടനക്ക്വേണ്ടി ഉപയോഗപ്പെടുത്തേണ്ട ഫണ്ടുകളുടെ വലിപ്പം നിർണ്ണയിക്കുക.

## ബജററും ദേശീയസമ്പദ്ഘടനയുടെ ഫണ്ടുകളും

എല്ലാ ഉറവകളിൽനിന്നും ദേശീയ സമ്പദ്ഘടനയിലേക്കുള്ള നിക്ഷേപങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ സുപ്രധാനമായ ഒരു സംഘാടകകണ്ണിയാണ് ബജററ്. സമഗ്രസാമ്പത്തികപദ്ധതി വിഹിതങ്ങൾക്കനുസരിച്ച് നിക്ഷേപാസൂത്രണത്തിൻെറയും ഫണ്ട് വിനിയോഗത്തിൻെറയും ആവശ്യഉദ്ഗ്രഥനത്തിന്ന് ഇതു് ഉറപ്പുവരുത്തുന്നു. 1967-ൽ ദേശീയസമ്പദ്ഘടനയിലേക്കുള്ള നിക്ഷേപങ്ങൾ 8650 കോടി റൂബിളാണ്. ഇതിൽ 4690കോടി റൂബിൾ ബജററ് നൽകുന്നു; 3960 കോടി റൂബിൾ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സ്വന്തം ധനാഗമമാർഗ്ഗങ്ങളിൽനിന്നും.

ദേശീയസമ്പദ്ഘടനയുടെ മേഖലകളിലുടനീളം ഈ നിക്ഷേപങ്ങളുടെ വിതരണം താഴെ വിവരിക്കുന്ന പട്ടികയിൽനിന്നു് കാണാവുന്നതാണ് :

| | 1966 | മൊത്തം | ബജററു | 1967 സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വിഹിതം |
|---|---|---|---|---|
| ദേശീയ സമ്പദ്ഘടനക്ക് മൊത്തം | 82.4 | 86.5 | 46.9 | 39.6 |
| വ്യവസായം | 42.6 | 45.7 | 21.9 | 23.8 |
| കൃഷിയും സർക്കാർ കോളുകളും | 12.8 | 13.5 | 6.4 | 7.1 |
| ഗതാഗതവും വാർത്താവിനിമയവും | 8.5 | 8.8 | 2.7 | 6.1 |
| വാണിജ്യം | 3.8 | 4.2 | 3.2 | 1.0 |

നീക്കിവെക്കപ്പെടുന്ന ഫണ്ടുകൾ എല്ലാ സമ്പദ് മേഖലകളുടെയും സാങ്കേതികനിലവാരം ഉയർത്തുന്നതിന്നും, കൃഷിയുടെ ഭൗതികവും സാങ്കേതികവുമായ അടിത്തറ പുഷ്ടിപ്പെടുത്തുന്നതിന്നും ഉപഭോഗവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ വളർത്തുന്നതിന്നും, ജനങ്ങൾക്ക് സേവനങ്ങൾ സംഘടിപ്പിക്കുന്നതിന്നും ഉപയോഗിക്കപ്പെടുന്നു.

സാമ്പത്തികപരിഷ്ക്കാരം പുരോഗമിക്കുന്നതോടെ സ്ഥാപനങ്ങളുടെ സ്വന്തം വിഭവങ്ങൾ അവയുടെ

വികസനത്തിൽ വർദ്ധമാനമായ ഒരു പങ്ക് വഹിച്ചു തുടങ്ങുന്നു. ബേങ്കുകളുടെ കടവായ്പ സൗകര്യങ്ങൾ കൂടുതൽ വിപുലമായി ഉപയോഗപ്പെടുത്തുന്നതാണ്. ഇതൊക്കെയും, മൂലധനനിക്ഷേപങ്ങൾ കൂടുതൽ കാര്യക്ഷമമായുപയോഗപ്പെടുത്തുന്നതിലും പ്രോജക്ടുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിലും വ്യവസായ സ്ഥാപനങ്ങൾക്കു താല്പര്യം വളർത്തുന്നു.

ഈ പരിതഃസ്ഥിതിയിൽ, പ്രധാനമായും പുതിയ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനുള്ള അടങ്കലുകളിലേക്കു മാത്രമേ ബജററ് പണം വകയിരുത്തുകയുള്ളു. ദേശീയസമ്പദ്ഘടനയിലുള്ള ധനവ്യയങ്ങളുടെ തനിത്തനി ഉറവകൾ നിർണ്ണയിക്കുന്നതിൽ സുപ്രധാനമായ ഒരു പങ്കുവഹിക്കുക ബജററ് തുടരുകയും ചെയ്യും. യു എസ്. എസ്. ആർ. സമ്പദ്ഘടനയുടെ കേന്ദ്രീകൃതമാനേജ്മെൻറിനുള്ള മുഖ്യ മാദ്ധ്യമമെന്ന നിലയിലുള്ള ബജററിൻെറ പങ്കിനെ അതു് കൂടുതൽ ഉയർത്തും.

പുതിയ സമ്പ്രദായത്തിൻ കീഴിൽ ദേശീയ സമ്പദ്ഘടനയുടെ കേന്ദ്രീകൃതമാനേജ്മെൻറു് പ്രാഥമവും പ്രധാനവുമായി, അടിസ്ഥാനപരമായ സമഗ്രസാമ്പത്തികാംശങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിലും ഉല്പാദനത്തിൻെറ പ്രദേശവാരായ വിതരണത്തെ മെച്ചപ്പെടുത്തുന്നതിലും സാമ്പത്തിക പ്രദേശങ്ങളുടെ സർവ്വതോമുഖമായ വികസനത്തിനു ഉറപ്പു വരുത്തുന്നതിലും

ശ്രദ്ധ തറപ്പിക്കുന്നു. അതു് ഒരു ഉയന്ന ഉല്പാദനനിരക്കിനും ഉല്പന്നങ്ങളുടെ അടിസ്ഥാന തരങ്ങളുടെ ഡെലിവറിക്കും വ്യവസ്ഥചെയ്യുന്നു. സാങ്കേതികപുരോഗതി, മൂലധന നിക്ഷേപം, തൊഴിലിനുള്ള പ്രതിഫലം, വില, ലാഭം, ധനവ്യയവും കടവായ്പകളും എന്നിവയുടെ തുറയിൽ ഒരു ഏകീകൃത ഗവമ്മെണ്ടു് നയം അവലംബിക്കുന്നു. നിശ്ചിതാസ്തികളും അദ്ധ്വാനവും ഭൗതികപ്രകൃതി വിഭവങ്ങളും കാര്യക്ഷമമായുപയോഗപ്പെടുത്തുന്നതിൽ സാമ്പത്തികനിയന്ത്രണം പ്രയോഗിക്കുന്നു.

ഈ കുറിമാനങ്ങൾ ദേശീയവരുമാനത്തിൻെറയും ദേശീയോല്പന്നങ്ങളുടെയും വിതരണത്തിൽ ബജററിനുള്ള പങ്കിൻെറ അടിസ്ഥാനമായ നിദശ്കതത്വമായി വത്തിക്കുന്നു.

## മൂലധന നിക്ഷേപങ്ങൾ

സോവിയററു യൂണിയൻെറ പഞ്ചവത്സരസാമ്പത്തിക വികസനപദ്ധതിപ്രകാരം 1967-ൽ 4130 കോടി റൂബിൾ മൂലധ്നം നിക്ഷേപിക്കേണ്ടതായുണ്ടു് (നിമ്മാണത്തിനുള്ള നടപ്പുഫണ്ടുകൾ ഇതിൽ ഉൾപ്പെടും). ഈ സംഖ്യയിൽ 2220 കോടി റൂബിൾ ബജററ്മുഖേനയുള്ളതും 1890 കോടി റൂബിൾ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വകയുമാണു്.

ഈ വിഹിതങ്ങൾ മുൻഗണനാ പ്രോജക്ടുകൾ പൂത്തിയാക്കുന്നതിന്നും പുതിയ ഉല്പാദനശേഷി നേര

ത്തെ പ്രവർത്തനക്ഷമമാക്കുന്നതിനും വിനിയോഗിക്കപ്പെടുന്നതാണ്. മൂലധനനിക്ഷേപത്തിൽ ഒരു വർഷത്തിൽ 7 ശതമാനം വർദ്ധനവുണ്ടാകുമ്പോൾ, നിശ്ചിതാസ്തികളുടെ പ്രവർത്തനം 9 ശതമാനം കണ്ട് വർദ്ധിക്കും. വിഹിതങ്ങളുടെ ഏററവും വലിയ വർദ്ധന ആയസ-ആയസേതരലോഹങ്ങൾ, എണ്ണസംസ്കരണം, വാതക-രാസവ്യവസായം, കാർഷികയന്ത്രവും ഓട്ടോമൊബൈലും, എടുപ്പ് സാമഗ്രികളുടെ നിർമ്മാണം എന്നിവപോലുള്ള പ്രധാന വ്യവസായങ്ങളുടെ വികസനത്തിനു് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ലഘു-ഭക്ഷണ-പ്രാദേശികവ്യവസായങ്ങൾക്കുള്ള മൂലധനനിക്ഷേപത്തിന്റെ ശ്രദ്ധേയമായ വർദ്ധന ജനങ്ങൾക്കുവേണ്ടിയുള്ള ഉപഭോഗ സാധനങ്ങളുടെ ഉല്പാദനത്തെ ത്വരിപ്പിക്കുകയും, ഉല്പാദനോപകരണങ്ങളുടെയും ഉപഭോഗസാധനങ്ങളുടെയും ഉല്പാദനത്തിന്റെ വികസനനിരക്കുകളിലുള്ള വിടവ് നികത്തുകയും ചെയ്യും.

പുതിയ നിശ്ചിതാസ്തികൾ കെട്ടിപ്പടുക്കുന്നതിനുദ്ദേശിക്കപ്പെട്ട ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിൽ മുഖ്യമായ കടമ മൂലധനനിർമ്മാണത്തിന്റെ സംവിധാനവും രൂപനിർണ്ണയവും കൂടുതൽ മെച്ചപ്പെടുത്തുകയും, നിർമ്മാണനിരക്കുകളെയും ഉല്പാദനശേഷിയും നിശ്ചിതാസ്തികളും പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനെയും ത്വരിപ്പിക്കുകയും, എടുപ്പുനിർമ്മാണ ജോലികളുടെ ചിലവ് വെട്ടിക്കുറക്കുകയുമാണ്.

## ബജററിന്റെ 80 ശതമാനം

യു. എസ്. എസ്. ആർ. സ്റ്റേററു ബജററിന്റെ സിംഹഭാഗം ദേശീയസമ്പദ്ഘടനയുടെ വികസനത്തിന്നും ജനങ്ങളുടെ ജീവിതനിലവാരത്തിന്റെ അഭിവൃദ്ധിക്കുമായി വിനിയോഗിക്കപ്പെടുന്നു. ഇന്നു് (പട്ടിക നോക്കുക) ദേശീയസമ്പദ്ഘടനയ്ക്കും സാമൂഹ്യ-സാംസ്കാരികനടപടികൾക്കുമുള്ള ബജററുവിഹിതങ്ങൾ മുഴവൻ ബജററിന്റെ 80 ശതമാനം വരുന്നു:

| | (100 കോടി റൂബിളിൽ) | | | |
|---|---|---|---|---|
| | 1955 | 1960 | 1965 | 1967 |
| മൊത്തം അടങ്കൽ | 54.0 | 71.3 | 101.6 | 110.0 |
| ദേശീയ സമ്പദ് ഘടന | 23.3 | 34.1 | 44.9 | 46.9 |
| സാമൂഹ്യ-സാംസ്കാരിക നടപടികൾ | 14.7 | 24.9 | 38.2 | 42.9 |
| പ്രതിരോധം | 10.7 | 9.3 | 12.8 | 14.5 |
| ഭരണ നടത്തിപ്പ് | 1.2 | 1.1 | 1.3 | 1.4 |

സ്റ്റേററു ബജററിന്റെ ഒരംശം ഞങ്ങളുടെ പട്ടാളത്തെ പുലർത്തുന്നതിന്നുപയോഗിക്കുന്നു. സോവിയററു ജനതയുടെ സമാധാനപൂർണ്ണമായ അദ്ധ്വാനത്തിന്നുള്ള ഉറപ്പാണു് ഈ പട്ടാളം.

പ്രതിരോധശേഷിയുടെ ദൃഢീകരണത്തിൽ സോവിയററു യൂണിയനുള്ള വ്യഗ്രത തികച്ചും ന്യായയുക്തമാണ്. സോവിയററധികാരത്തിന്റെ 50 വർഷങ്ങളിൽ 20 വർഷവും വിദേശാക്രമികളിൽ നിന്ന് നാട്ടിനെ രക്ഷിക്കുന്നതിന്നും യുദ്ധംകൊണ്ടു തകർന്ന സമ്പദ്ഘടനയെ നിവർത്തുന്നതിന്നുമാണ് ചിലവഴിച്ചത്.

1967-ലെ സോവിയററു സ്റ്റേററു ബജററു 1450 കോടി റൂബിൾ, അതായത് മൊത്തം ചിലവുകളുടെ 13.2 ശതമാനം, സോവിയററു സേനയെ പുലർത്തുന്നതിന്ന് നീക്കിവെച്ചിരിക്കുന്നു.

ബജററിന്റെ ഒരു നിശ്ചിതാംശം ഗവമെണ്ടിനെയും ഭരണസമിതികളെയും പുലർത്തുന്നതിന്നുവേണ്ടി വിനിയോഗിക്കപ്പെടുന്നു. ഈ ചിലവ് താരതമ്യേന ബജററിന്റെ തുച്ഛമായ ഒരംശമേ വരുന്നുള്ളു. അതു തന്നെ ക്രമേണ ചുരുങ്ങിക്കൊണ്ടിരിക്കുന്നു. 1967-ൽ ഈ ഇനത്തിലുള്ള ചിലവ് 140 കോടി റൂബിളാണ്, അതായത് 1950-ലെ അത്രതന്നെ. അതേസമയം, സോവിയററു യൂണിയന്റെ സമ്പദ്ഘടന അതിന്നു ശേഷം എത്രയോ അധികം വർദ്ധിച്ചിട്ടുണ്ട്, എന്നിട്ടു കൂടി.

അദ്ധ്യായം 4

# യൂനിയൻ റിപ്പബ്ലിക്കുകളുടെയും തദ്ദേശ സോവിയററുകളുടെയും ബജററുകൾ

ദേശീയസമ്പദ്ഘടനയുടെ വിവിധ മേഖലകൾക്കിടയിൽ സോവിയററു ദേശീയ വരുമാനത്തിൻെറ വിതരണത്തെപ്പററി മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചുവല്ലോ.

ദേശീയവരുമാനത്തിൻെറ പ്രദേശവാററായ വിതരണവും ഒട്ടും അപ്രധാനമല്ല, വിവിധസാമ്പത്തിക പ്രദേശങ്ങൾക്കും യൂണിയൻ റിപ്പബ്ലിക്കുകൾക്കും മററു ടെറിട്ടറികൾക്കുമിടയിലുള്ള വിതരണം. സോവിയററു സ്റ്റേററിൻെറ ദേശീയജനവിഭാഗനയവുമായി ഉററു ബന്ധപ്പെട്ടതാണ് ഈ വിതരണം.

സാറിസ്റ്റുറഷ്യയിൽ പിന്നോക്കം കിടന്നിരുന്ന ജനവിഭാഗങ്ങൾ ഇന്നു് പൂർണ്ണസ്വാതന്ത്ര്യവും തുല്യാ

വകാശങ്ങളും അനുഭവിക്കുന്നു ഇതാണ് പ്രസ്തുത നയത്തിന്റെ ഫലം. സോവിയററധികാരത്തിന്റെ വഷങ്ങളിൽ അവ സാമ്പത്തികമായി അത്യധികം വികസിച്ച റിപ്പബ്ളിക്കുകളായിത്തീന്നിരിക്കുന്നു. അവ കൂടിച്ചേൻനുള്ളതാണ് സോവിയററു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ (യു.എസ്.എസ്.ആർ.)

മദ്ധ്യേഷ്യയിലേയും കസാഖ്സ്ഥാനിലേയും ജനവിഭാഗങ്ങൾ ഒരു കാലത്ത് സാറിസ്റ്റ് റഷ്യയുടെ കോളനികളായിരുന്നു. അവയാണ് സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിൽ ഇന്നു വിശേഷാൽ പ്രധാനങ്ങളായ വിജയങ്ങൾ സമാജ്ജിച്ചിട്ടുള്ളതു്. ആധുനികവ്യവസായം വ്യാപകമായ തോതിൽ ഇവിടെ പടുത്തുയത്തപ്പെട്ടിട്ടുണ്ട്. സാംസ്ക്കാരിക വളർച്ചയിലാകട്ടെ ഭീമമായ കുതിച്ചുചാട്ടമാണുണ്ടായിട്ടുള്ളതു്. ഇവിടെ മൂലവ്യവസായങ്ങൾ മാത്രം ഇന്നു് 15 ലക്ഷത്തിലേറെ തൊഴിലാളികളൾക്കൊണ്ടതാണ്.

ലാററ്വിയ, ലിത്വാനിയ, എസ്തോണിയ എന്നീ ബാൾട്ടിക് റിപ്പബ്ലിക്കുകൾ 1940–ലാണ് യു. എസ്. എസ്. ആറിൽ ചേന്നതു്. സോവിയററു വാഴ്ചയിൽ അവയുടെ വ്യവസായം ഗണ്യമായഭിവൃദ്ധിപ്പെട്ടിട്ടുണ്ട്, ഇന്നവിടെ വ്യവസായങ്ങളിൽ 10 ലക്ഷത്തോളം തൊഴിലാളികളുണ്ട്. ഈ റിപ്പബ്ളിക്കുകൾ സോവിയററു യൂണിയനിൽ ചേരുന്നതിന്നു മുമ്പുണ്ടായിരുന്നതിന്റെ 5 ഇരട്ടിയാണ് ഈ സംഖ്യ.

മദ്ധ്യേഷ്യയിലെയും ബാൾട്ടിക് പ്രദേശത്തെയും റിപ്പബ്ളിക്കുകളിൽ ആധുനിക യന്ത്രനിർമ്മാണവ്യവസായവും രാസവ്യവസായവും ലോഹവ്യവസായവും മററു വ്യവസായങ്ങളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

മദ്ധ്യേഷ്യയിലും കസാഖ്സ്ഥാനിലും 1914-ൽ 526 എലിമെണ്ടറി സ്കൂളുകളാണുണ്ടായിരുന്നതു്. അവയിൽ 30,000 കുട്ടികൾ ചേർന്നുപഠിച്ചു. അവരിലധികവും കുബേരന്മാരുടെ മക്കളായിരുന്നു. 1964-65 അദ്ധ്യയന വർഷത്തിൽ മദ്ധ്യേഷ്യയിലേയും കസാഖ്സ്ഥാനിലേയും റിപ്പബ്ലിക്കുകളിൽ 64 ലക്ഷത്തി 25 ആയിരം വിദ്യാർത്ഥികളോടുകൂടിയ 25,226 സ്കൂളുകളാണു് പ്രവർത്തിക്കുന്നതു്,

തുർക്കിസ്ഥാൻ പ്രദേശത്തു് സോവിയററധികാര സ്ഥാപനത്തിന്നുമുമ്പു് ഉന്നതവിദ്യാഭ്യാസത്തിന്നുള്ള ഒററ സ്ഥാപനംപോലുമുണ്ടായിരുന്നില്ല. ഇന്നവിടെ 3ലക്ഷത്തി 60 ആയിരം വിദ്യാർത്ഥികളോടുകൂടി 90 കോളേജുകളും ഇൻസ്റ്റിററ്യൂട്ടുകളും യൂണിവേഴ്സിററികളുമുണ്ടു്. ഈ ഭാഗങ്ങളിൽ ഉന്നതപഠനത്തിന്നും ഗവേഷണത്തിനുമുള്ള സ്ഥാപനങ്ങളിൽ ഇന്നു് 42,000 ശാസ്ത്രകാരർ പ്രവർത്തിക്കുന്നു.

മദ്ധ്യേഷ്യയുടെയും കസാഖ്സ്ഥാന്റെയും റിപ്പബ്ലിക്കുകളുടെ ദേശീയസമ്പദ്ഘടനയിൽ ഇന്നു് ഉന്നതബിരുദമെടുത്ത 10 ലക്ഷത്തിലേറെ സ്പെഷ്യലിസ്റ്റുകൾ വ്യാപൃതരാണു്. വിപ്ലവത്തിന്നുമുമ്പു് റഷ്യയിലാകെ ഉണ്ടായിരുന്ന സംഖ്യയുടെ 5 ഇരട്ടിയിലധികമാണിതു്.

സോവിയററു യൂണിയൻെറ വിവിധ റിപ്പബ്ളിക്കുകളിൽ സ്കൂൾകുട്ടികളുടെയും കോളേജ് വിദ്യാർത്ഥികളുടെയും സംഖ്യയിലുണ്ടായ വളർച്ച താഴെ പറയുന്നപട്ടിക കാണിക്കുന്നു:

(ആയിരക്കണക്കിൽ)

| | സ്കൂൾ (എലിമെണ്ടറി-സെക്കണ്ടറി) കുട്ടികൾ | | | കോളേജ്-യൂനിവേഴ്സിററി വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | 1914/15 | '40/41 | '64/65 | '14/15 | '40/41 | '64/65 |
| യൂ. എസ്. എസ്. ആർ. | 9656 | 3552 | 46653 | 127 | 812 | 3608 |
| റഷ്യൻ ഫെഡറേഷൻ | 5634 | 20633 | 25698 | 87 | 478 | 2212 |
| ഉക്രേനിയൻ റിപ്പബ്ലിക് | 2607 | 6830 | 8524 | 35 | 197 | 644 |
| ബയിലോറഷ്യൻ റിപ്പബ്ലിക് | 489 | 1737 | 1730 | — | 22 | 96 |
| ഉസ്ബെക് റിപ്പബ്ലിക് | 18 | 1325 | 2279 | — | 19 | 154 |
| കസാഖ് റിപ്പബ്ലിക് | 105 | 1148 | 2624 | — | 10 | 132 |

| | | | | | | |
|---|---|---|---|---|---|---|
| ജോർജ്യൻ റിപ്പബ്ലിക് | 157 | 767 | 904 | 03 | 29 | 75 |
| അസർബയിജാൻ റിപ്പബ്ലിക് | 73 | 695 | 1056 | — | 15 | 59 |
| ലിത്വാനിയൻ റിപ്പബ്ലിക് | 118 | 380 | 532 | — | 6 | 48 |
| മോൾദാവ്യൻ റിപ്പബ്ലിക് | 92 | 440 | 738 | — | 3 | 33 |
| ലാററ്വ്യൻ റിപ്പബ്ലിക് | 172 | 242 | 542 | 2 | 10 | 31 |
| കിർഘിസ് റിപ്പബ്ലിക് | 7 | 334 | 583 | — | 3 | 29 |
| താജിക് റിപ്പബ്ലിക് | 0.4 | 315 | 535 | — | 2 | 27 |
| ആർമേനിയൻ റിപ്പബ്ലിക് | 35 | 333 | 492 | — | 11 | 34 |
| തുർക്മെൻ റിപ്പബ്ലിക് | 7 | 252 | 402 | — | 3 | 19 |
| എസ്തോണ്യൻ റിപ്പബ്ലിക് | 92 | 121 | 214 | 3.3 | 5 | 20 |

എല്ലാ ജനവിഭാഗങ്ങളുടെയും പരസ്പരസഹായം സോവിയററു യൂണിയൻെറ സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയെ അത്യധികം സഹായിച്ചു. സാമ്പത്തികവും സാംസ്കാരികവുമായി പിന്നണിയിൽ കിടന്ന റിപ്പബ്ളിക്കുകളിലേക്ക് മററു റിപ്പബ്ളിക്കുകൾ യന്ത്രങ്ങളും സാമഗ്രികളും വൻതോതിൽ അയച്ചുകൊടുത്തു. റഷ്യൻ ഫെഡറേഷനിലേയും ഉക്രയിനിലേയും മററു യൂണിയൻ റിപ്പബ്ളിക്കുകളിലേയും വ്യവസായ സ്ഥാപനങ്ങൾ മദ്ധ്യേഷ്യൻ റിപ്പബ്ളിക്കുകൾക്കുവേണ്ട വ്യവസായ വിദഗ്ധരെ പരിശീലിപ്പിച്ചയച്ചുകൊടുത്തു. റഷ്യൻ ഫെഡറേഷനിലേയും ഉക്രയിനിലേയും സ്ഥാപനങ്ങൾ തങ്ങളുടെ വിദഗ്ധതൊഴിലാളികളെയും എഞ്ചിനീയർമാരേയും സാങ്കേതിക വിദഗ്ധരേയും മദ്ധ്യേഷ്യയിലേക്കും കസാഖ്സ്താനിലേക്കും നിയോഗിച്ചയച്ചു.

## 50,000 ബജററുകൾ

മൊത്തം 50,000 വിവിധ ബജററുകളടങ്ങിയതാണ് യു. എസ്. എസ്. ആർ. സ്റ്റേററു ബജററ്. ബജററിൻെറ അത്രയും വ്യാകീർണ്ണമായ പരിരൂപം വെറും യാദൃച്ഛികമല്ലതന്നെ. അത് സോവിയററു യൂണിയൻെറ ഗവമെൺ്ടു് വ്യവസ്ഥിതിയുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുള്ളതാണ്. സമത്വവും പരമാധികാരവുമുള്ള സോഷ്യലിസ്റ്റു റിപ്പബ്ളിക്കുകളുടെ സ്വമേധയായുള്ള സഹവാസത്തെ ആസ്പദമാക്കി രൂപീക

രിക്കപ്പെട്ട ഒരു യൂണിയനാണല്ലോ സോവിയററു ഭരണ വ്യവസ്ഥിതി.

യു. എസ്. എസ്. ആർ. സ്റ്റേററു ബജററ് നാട്ടിന്നാകെയുള്ള കേന്ദ്രീകൃത ബജററിനെയും യൂണിയൻ റിപ്പബ്ളിക്കുകളുടെ സ്റ്റേററു ബജററിനേയും ഉദ്ഗ്രഥിക്കുന്നു. യൂണിയൻ റിപ്പബ്ളിക്കുകളുടെ ബജററുകളാകട്ടെ റിപ്പബ്ളിക്കിൻെറ സമഗ്രബജററും റീജ്യനുകളുടെയും സിററികളുടെയും ടൗണുകളുടെയും ഡിസ്ട്രിക്കുകളുടെയും വില്ലേജുകളുടെയും തദ്ദേശബജററുകളും അടങ്ങിയതാണ്.

മദ്ധ്യേഷ്യയിലേയും കസാഖ്സ്ഥാനിലെയും റിപ്പബ്ളിക്കുകൾക്കു സോവിയററധികാരത്തിൻെറ ആദ്യവർഷങ്ങളിൽ സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിന്നുള്ള പദ്ധതികൾ നിറവേററുന്നതിന്നു വേണ്ട വകകൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഈ റിപ്പബ്ളിക്കുകൾക്ക് രാജ്യത്തിൻെറ മദ്ധ്യപ്രദേശങ്ങളിൽ സഞ്ചയിക്കപ്പെട്ട നിധികളിൽനിന്നു സഹായധനം നൽകപ്പെട്ടത്.

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് താജിക് റിപ്പബ്ളിക്കിൻെറ ബജററിൽ 4170 ലക്ഷം റൂബിളിൻെറ ചിലവിനങ്ങളിലേക്ക് 2190 ലക്ഷം റൂബിൾ യൂണിയൻ ഗവർമ്മെണ്ട നികത്തുകയുണ്ടായി. ഉസ്ബെക് റിപ്പബ്ളിക് 1925 മുതൽ 1929 വരെയുള്ള കാലത്ത് അതിൻെറ ബജററിലേക്ക് 1060 ലക്ഷം

റൂബിൾ യൂണിയൻ ഗവർമ്മെണ്ടിൽനിന്നു് കൈപ്പററി· തുർക്കു്മെൻ റിപ്പബ്ളിക്കിൻെറ ബജററിൻെറ 70 ശതമാനത്തിലധികം കുറെ വർഷങ്ങളോളം യൂണിയൻ ബജററിൽനിന്നുള്ള സഹായധനമായിരുന്നു. സോവിയററധികാരത്തിൻെറ ആദ്യവർഷങ്ങളിൽ, സാമ്പത്തികമായി അതിവികസിതങ്ങളായ റിപ്പബ്ളിക്കുകളുടെ–റഷ്യൻ ഫെഡറേഷൻ അവയിൽ മുൻപന്തിയിൽ നിന്നു–വരുമാനങ്ങളിൽ ഏതാനുമംശം ഇതരറിപ്പബ്ളിക്കുകളുടെ സമ്പദ്ഘടന പുഷ്ടിപ്പെടുത്തുന്നതിന്നായുപയോഗിക്കുകയുണ്ടായി.

യൂണിയൻ റിപ്പബ്ളിക്കുകളുടെ സത്വരമായ സാമ്പത്തികവികാസത്തോടൊപ്പം അവയുടെ ബജററുകളും അനുസ്യൂതം വളന്നു. താഴെ കൊടുത്തിട്ടുള്ള പട്ടിക നോക്കുക:

യു. എസ്. എസ്. ആർ. സ്റ്റേററു് ബജററിൻെറ ചിലവിനങ്ങൾ

| | 1940 | 1950 | 1960 | 1967 |
|---|---|---|---|---|
| 100 കോടി റൂബിളിൽ | 17.4 | 41.3 | [illegible]3.1 | 110.0 |
| ശതമാനത്തിൽ | 100.0 | 100.0 | 100.0 | 100.0 |
| യൂണിയൻ ബജററ് | | | | |
| 100 കോടി റൂബിളിൽ | 13.2 | 31.7 | 30.1 | 58.4 |
| ശതമാനത്തിൽ | 75.8 | 76.8 | 41.2 | 52.1 |
| റിപ്പബ്ലിക് ബജററുകൾ | | | | |
| 100 കോടി റൂബിളിൽ | 4.2 | 9.6 | 43.0 | 52.8 |
| ശതമാനത്തിൽ | 24.2 | 23.2 | 58.8 | 47.9 |

മദ്ധ്യേഷ്യൻ റിപ്പബ്ളിക്കുകളുടെ ബജററുകളാണ് അത്യന്തം ശ്രദ്ധേയമായി വർദ്ധിച്ചുകൊണ്ടിരുന്നതു്. ഉദാഹരണത്തിന്നു് ഉസ്ബെക്ക് റിപ്പബ്ളിക്കിൻെറ ബജററു് 940-ലെ 1440 ലക്ഷം റൂബിളിൽ നിന്നു് 1967-ൽ 22240 ലക്ഷം റൂബിളിലേക്കുയന്നു, 15 ഇരട്ടി എന്നത്ഥം (അതേസമയം സോവിയററു യൂണിയൻെറ കേന്ദ്രബജററു് 6 ഇരട്ടിയെ വർദ്ധിച്ചിട്ടുള്ളൂ). കസാഖ് റിപ്പബ്ളിക്കിൻെറ ബജററു് അതേ കാലയളവിൽ 25 ഇരട്ടിയായി വർദ്ധിച്ചു. കിർഘിസ് റിപ്പബ്ളിക്കിൻെറതു 15 ഇരട്ടിയും താജിക് റിപ്പബ്ളിക്കിൻെറതു് 9 ഇരട്ടിയും വർദ്ധിച്ചു.

ബജററുകളുടെ വലിപ്പത്തോടൊപ്പം നാട്ടിൻെറ സാമ്പത്തികവും സാംസ്കാരികവുമായ ഉദ്ഗതിയിൽ യൂണിയൻ റിപ്പബ്ളിക്കുകൾക്കുള്ള ഭാഗഭാഗിത്വവും ഉയന്നു. ഇന്നു് ദേശീയ സമ്പദ്ഘടനക്കുവേണ്ടിയുള്ള സ്റ്റേററു ബജററിൻെറ മൊത്തം ചിലവിനങ്ങളിൽ മിക്കവാറും പകുതിയും സാമൂഹ്യവും സാംസ്കാരികവുമായ നടപടികൾക്കുവേണ്ടിയുള്ള എല്ലാ അടങ്കലുകളുടെയും 70 ശതമാനത്തോളവും റിപ്പബ്ളിക്ക് ബജററുകൾ വഹിക്കുന്നു.

കൽക്കരി-രാസവ്യവസായങ്ങൾ, ആയസ-ആയസേതര ലോഹവ്യവസായങ്ങൾ, വിദ്യുച്ഛക്തി, എണ്ണ ശുദ്ധീകരണം-പെട്രോ കെമിക്കൽ വ്യവസായങ്ങൾ, മാംസ-ഗവ്യ-ഭക്ഷ്യവ്യവസായങ്ങൾ, കൃഷി എന്നീ

രംഗങ്ങളെ യൂണിയൻ റിപ്പബ്ളിക്കുകൾ നിയന്ത്രിക്കുകയും അവയിൽ പണമിറക്കുകയും ചെയ്യുന്നു. യൂണിയൻ റിപ്പബ്ളിക്കുകൾ സാമാന്യവിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും സാംസ്കാരിക–ആരോഗ്യ സർവ്വീസുകളും കൈകാര്യം ചെയ്യുന്നു.

റിപ്പബ്ളിക് ബജറ്റുകളുടെ അടിസ്ഥാന ചിലവിനങ്ങൾ നോക്കുക. (ദശലക്ഷം റൂബിളിൽ):

| | മൊത്തം ചിലവ് | ദേശീയസമ്പദ് ഘടനക്ക് വേണ്ടിയുള്ള ചിലവ് | സാമൂഹ്യ–സാംസ്കാരിക നടപടികൾക്കുള്ള ചിലവ് |
|---|---|---|---|
| 1950 | 9,592 | 2,263 | 6,316 |
| 1955 | 14,108 | 5,210 | 7,956 |
| 1960 | 43,031 | 23,788 | 17,387 |
| 1965 | 58,446 | 29,735 | 26,726 |
| 1967 | 52,800 | 21,600 | 29,200 |

റിപ്പബ്ളിക് ബജറ്റുകൾക്ക് ഉറച്ച വരുമാനസ്ഥാനമുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള പ്സ്സല്യകളും ദേശവ്യാപകമായ റെവന്യൂകളി

ല്യം നികുതികളിലും നിന്നുള്ള വിഹിതങ്ങളുമാണതു്. ഈ വിഹിതങ്ങളുടെ വലിപ്പം വികസനപദ്ധതികൾ നിർവ്വഹിക്കുന്നതിന്നു് യൂനിയൻ റിപ്പബ്ലിക്കിനു വേണ്ട തുകകളെ ആസ്പദമാക്കി വ്യത്യാസപ്പെട്ടിരിക്കും.

ബജററു് മുഖേനയുള്ള ദേശീയവരുമാനത്തിൻെറ കേന്ദ്രീകൃതവിതരണം എല്ലാ യൂനിയൻ റിപ്പബ്ലിക്കുകളുടെയും സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തെ സഹായിക്കുന്നു.

വേണ്ടിവന്നാൽ, റിപ്പബ്ലിക്കുകൾക്കു് യൂനിയൻബജററിൽനിന്നു് അധികഫണ്ടു് അനുവദിക്കുന്നു. ദേശീയ രെവന്യൂകളിൽനിന്നുള്ള വിഹിതത്തിന്നു്പുറമെയാണിതു്. 1967-ൽ ഉസ്ബെക് റിപ്പബ്ലിക്കിന്നു് സ്റ്റേററ് ബജററിൽനിന്നു് 2550 ലക്ഷം റൂബിൾ അധികഫണ്ടു് ലഭിച്ചു; കസാഖ് റിപ്പബ്ലിക്കിന്നു് 8?30 ലക്ഷം റൂബിളും, തുർക്കുമെൻ റിപ്പബ്ലിക്കിന്നു് 830 ലക്ഷം റൂബിളും ലഭിച്ചു.

ടെറിട്ടറികളുടെയും റീജ്യനുകളുടെയും സിററികളുടെയും ടൌണുകളുടെയും വില്ലേജുകളുടെയും തദ്ദേശബജററുകൾ സോവിയററുയൂനിയൻെറ ബജററ്സംഹിതയിൽ ഒരു സുപ്രധാനകണ്ണിയാണു്. സോഷ്യലിസ്റ്റ്സ്റ്റേററിൻെറ ഭരണവ്യവസ്ഥയിൽ തദ്ദേശ സോവിയററുകൾ വഹിക്കുന്ന പങ്കാണു് ഈ ബജററുകളുടെ പ്രാധാന്യം നിർണ്ണയിക്കുന്നതു്.

അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഡിപ്യൂട്ടികളുടെ സോവിയററുകൾ, യു. എസ്. എസ്.ആർ. ഭരണഘടനപ്രകാരം, റീജ്യനുകളിലും പ്രദേശങ്ങളിലും ജില്ലകളിലും നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള ഗവമെൺട്ഘടകങ്ങളാണ്. ഈ സോവിയററുകൾ അവയുടെ കീഴെയുള്ള സർക്കാർസ്ഥാപനങ്ങളുടെ പ്രവത്തനങ്ങളെ മേൽനോട്ടം ചെയ്യുകയും, പൊതുക്രമപാലനത്തിലും നിയമാനുഷ്ഠാനത്തിലും പൗരാവകാശസംരക്ഷണത്തിലും ശ്രദ്ധ പതിപ്പിക്കുകയും തദ്ദേശ സാമ്പത്തിക സാംസ്കാരിക സ്ഥാപനങ്ങളെയും ആസ്പത്രികളെയും ഔട്ട്പേഷ്യൻറ് ക്ലിനിക്കുകളെയും മററും നിയന്ത്രിക്കുകയും ചെയ്യുന്നു.

ഗ്രാമസോവിയററുകളുടെ വ്യാപാരങ്ങൾക്ക് വിശേഷാൽ പ്രാധാന്യം കല്പിക്കപ്പെടുന്നു. പ്രാദേശിക സോവിയററുകളുടെ സംവിധാനത്തിൽ അത്യന്തം വ്യാപകമായ കണ്ണി അവയാണ്. 15 ലക്ഷത്തോളം ഡിപ്യൂട്ടികൾ ഈ സോവിയററുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നു. പ്രാദേശികസോവിയററുകളുടെ അധികാരപരിധിക്കകത്ത് 11 കോടിയിലധികം ജനങ്ങളും 36,000-ത്തിലേറെ കൂട്ടകൃഷിക്കളങ്ങളും 12,000 ത്തോളം സ്റ്റേററുഫാമുകളും ധാരാളം സാമൂഹ്യസ്ഥാപനങ്ങളും ശുശ്രൂഷാസ്ഥാപനങ്ങളും സാംസ്കരികാസ്ഥാപനങ്ങളും ഉണ്ട്.

ഗ്രാമസോവിയററുകൾ നിയമപ്രകാരം തങ്ങൾക്കു ലഭിച്ച അധികാരങ്ങൾ പ്രയോഗിച്ചുകൊണ്ടു പൊതു

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസംരക്ഷണം,വ്യാപാരവുംവിതരണവും എന്നിവ അഭിവൃദ്ധിപ്പെടുത്തുകയും, സേവനസ്ഥാപനങ്ങളുടെ പ്രവൃത്തിയും ഗ്രാമങ്ങളുടെയും സമൂഹങ്ങളുടെയും ആസൂത്രണവും ഭവന-റോഡ് നിർമ്മാണവും മേൽനോട്ടം ചെയ്യുകയും, ഈ ആവശ്യത്തിന്നായി കൂട്ടുകൃഷിക്കളങ്ങളുടെയും സ്റ്റേററുഫാമുകളുടെയും വ്യവസായസ്ഥാപനങ്ങളുടെയും സംഘടനകളുടെയും യത്നങ്ങളെ കൂട്ടിയിണക്കുകയും ചെയ്യുന്നു. ഇതിന്നു തീർച്ചയായും വില്ലേജ് സോവിയററുകളുടെ ബജററുകൾ ക്രമപ്രവൃദ്ധമായിവളരുകയും അവയുടെ സാമ്പത്തികവും ബജററുപരവുമായ ശേഷികൾ വികസിക്കുകയും ചെയ്യേണ്ടതുണ്ട്.

സോവിയററു യൂനിയൻെറ ദേശീയ വരുമാനത്തിലും ബജററിലും ഉൾക്കൊണ്ട കാര്യങ്ങളെക്കുറിച്ചുള്ള ഈ സംക്ഷിപ്തപഠനം ഇവിടെ ഉപസംഹരിക്കട്ടെ. മേൽവിവരിച്ച വസ്തുതകളും കണക്കുകളും ദേശീയവരുമാനത്തിൻെറ പരപ്പിനെയും പ്രയോജനത്തെയും കാണിക്കുന്നു. സോവിയററു ജനതയുടെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങളുടെ നിവ്വഹണകടമയിൽ എത്രത്തോളം പ്രധാനമായ ഒരു പങ്കാണ് ബജററിന്നുള്ളതെന്ന് അവ വ്യക്തമാക്കുകയും ചെയ്യുന്നു.